Report of the Committee on Private Members' Bills and Resolutions

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: സർ, സ്വകാര്യ ബില്ലുകളുടെ ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ചുള്ള കമ്മിറ്റിയുടെ 1970-ലെ ഒന്നാമതു റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

Mr. Speaker: The Report is presented.

LEGISLATIVE BUSINESS

The Kerala Housing Board Bill, 1970

Mr. Speaker: Mr. T. K. Ramakrishnan was speaking.....

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, എറണാകുളം ടൗൺപ്ലാനിംഗ് സ്കീ
10 a.m. മിന്റെ നടത്തിപ്പിൽ ഉദ്യോഗസ്ഥൻമാർ ഇടപെട്ടു പ്രവർത്തിച്ചതിന്റെ ഫലമായി ജനങ്ങൾക്കുണ്ടായ ബദ്ധിമുട്ടുകളുടേയും അസംതൃപ്തികളുടെയും എതിർപ്പുകളുടേയും കാര്യങ്ങളാണ് ഞാൻ ഇന്നലെപറഞ്ഞുകൊണ്ടിരുന്നത്. സ്ലംക്ളീയറൻസ് നടപ്പിൽവരുത്തുന്നതിന്റെ പേരിലാണ് സ്കീം തുടങ്ങുന്നത് ജനങ്ങൾ തിങ്ങിത്താമസിക്കുന്നതും സൗകര്യത്തോടുകൂടി താമസിക്കുന്നതുമായ ഏരിയായാണ് ഇതിനു തെരഞ്ഞെടുത്തത്. അവിടെത്താമസിക്കുന്ന ആളുകൾ മറ്റുസ്ഥലങ്ങളിൽ പോയിത്താമസിക്കുകയും അവിടെ വീണ്ടും പണിയുന്ന കെട്ടിടങ്ങൾ അവർക്കുവേണ്ടി കൊടുക്കാതിരിക്കുകയുമാണ് ചെയ്യുന്നത്. ഈ കാര്യം അനുഭവപ്പെട്ടതിനെത്തുടർന്നാണ് ജനങ്ങൾ സംഘടിച്ച് കമ്മിറ്റികളായി ഗവൺമെൻറിന്റെ മുമ്പാകെ നിവേദനം നടത്തിയത്. ബഹുമാനപ്പെട്ട മെമ്പർ പറമ്പിത്തറ മാസ്റ്റർ സൂചിപ്പിച്ചതുപോലെ എറണാകുളം പട്ടണത്തിൽത്തന്നെ കൊതുകുകളുടെശല്യം വലുതായുള്ള വളരെയധികം ചളിപ്രദേശങ്ങളുണ്ട്. ആ ചളിപ്രദേശത്തിനു വടക്കുഭാഗംതൊട്ട് തെക്കോട്ടുകിടക്കുന്ന ഭാഗമാണ് അദ്ദേഹം സൂചിപ്പിച്ചത്. ആ ഭാഗം എടുത്ത് നികത്തി വാസയോഗ്യമാക്കി സ്കീമിനുവേണ്ടി പ്രയോജനപ്പെടുത്തിയാൽ നന്നായിരിക്കും. പക്ഷേ ഉദ്യോഗസ്ഥൻമാർ തീരുമാനമെടുക്കുന്ന സ്കീമായതുകൊണ്ട് ഇത്തരം കാര്യങ്ങളെപ്പറ്റി അവർക്ക് ആലോചിക്കാൻ കഴിഞ്ഞിട്ടില്ല. നല്ല ഉദ്ദേശത്തോടുകൂടി കൊണ്ടുവന്ന സ്കീംതന്നെ ജനങ്ങളുടെ എതിർപ്പിനു പാത്രമായിത്തീരുകയും ചെയ്തു.

അതുപോലെതന്നെ കുടികിടപ്പുകാരെ ദ്രോഹിക്കുന്നതിനുവേണ്ടിയുള്ള ചില സ്കീമുകൾ മുമ്പു തയ്യാറാക്കപ്പെട്ടിട്ടുണ്ട്. കുടികിടപ്പുകാരെ സംരക്ഷിക്കാനുള്ള നിയമംവന്നപ്പോൾ, കുടികിടപ്പുകാരെ ഒഴിപ്പിക്കാൻ പാടില്ലെന്നു വന്നപ്പോൾ എങ്ങനെയെങ്കിലും ഗവൺമെൻറിനെ ഇടപെടുത്തി അവരെ ഒഴിപ്പിച്ചാൽ കാമ്പൻസേഷൻ കൊടുക്കാതെ കഴിക്കുകയും മുമ്പത്തെ നിയമപ്രകാരം സ്ഥലം ഒഴിഞ്ഞുകിട്ടുകയും ചെയ്യുമെന്നുള്ള നിലയ്ക്കു മുമ്പത്തെ

LIBRARY ARCHIVES Kerala Legislative Assembly

ചില സ്കീമുകളും ഉദ്യോഗസ്ഥൻമാരെ സ്വാധീനിച്ചുകൊണ്ട് വലിയവലിയ ഭൂ ഉടമസ്ഥൻമാർ ഉപയോഗപ്പെടുത്തിക്കൊണ്ടിരുന്നു. അതുപോലെതന്നെ കുടികിടപ്പുകാരെ മാറ്റി ചതുപ്പുനിലം ഇല്ലാതാക്കുന്നതിനുവേണ്ടി, നിർമ്മാർജ്ജനം ചെയ്യുന്നതിനുവേണ്ടി എടുത്തിട്ടുള്ള ചില സ്കീമുകളും എല്ലാം കൂടി കിടപ്പുകാർക്ക് അവസാനം വളരെ ദോഷമായിട്ടുവന്നിട്ടുണ്ട്. ബഹുമാനപ്പെട്ട ഡെ. സ്പീക്കർക്കുത്തന്നെ അറിയാം പൂവപ്പാടിന്റെ കാര്യം. കുടികിടപ്പുകാർ താമസിച്ചിരുന്ന ചളി പ്രദേശത്തുനിന്നും ഒരു സ്കീമിനുവേണ്ടി അവരെ ഒഴിവാക്കി. അങ്ങനെ ഒഴിവാക്കിയപ്പോൾ അവരോടുപറഞ്ഞിരുന്നത് നികഴ്ത്തി കുടികിടപ്പുകാർക്കുതന്നെ കൊടുക്കുമെന്നാണ്. എന്നാൽ ഇപ്പോൾ അവിടെ ഉയർന്നുവന്നിരിക്കുന്നത് ഒരു കാളേജാണ്. ബാക്കിയുള്ള സ്ഥലം വെറുതെ കിടക്കുകയാണ്. കുടികിടപ്പുകാരെ താമസിപ്പിക്കുന്നതിന് സ്കീമൊന്നുമില്ല. മട്ടാഞ്ചേരിയിൽനിന്നും ആളുകളെ മാറ്റിയാൽ വേറെ എവിടെയെങ്കിലും പോയി താമസിക്കാൻ സ്ഥലമില്ല. അങ്ങനെ ഭവനനിർമ്മാണപദ്ധതിയെന്ന നിലയ്ക്ക് കൊണ്ടുവരുന്ന ജനോപകാരപ്രദമായ സ്കീം ഒരിക്കലും ഭവനമില്ലാത്ത വല്ല കുടിലുകളിലും താമസിക്കുന്ന പാവപ്പെട്ട ആളുകൾക്ക് ദ്രോഹകരമായിത്തീരാൻപാടില്ലാത്തതാണ്. ഈ കാര്യം ഞാൻ ഇപ്പോൾ സൂചിപ്പിക്കുന്നത് ഈ ബില്ലിൽത്തന്നെ പറയുന്നതു ഒരു വകുപ്പിന് ആവശ്യമായ ഭേദഗതി അതിന്റെ അടിസ്ഥാനത്തിൽ വരുത്തണമെന്നു ചൂണ്ടിക്കാണിക്കാൻ വേണ്ടിയാണ്.

സർ, ഇതിന്റെ ഘടനയെ സംബന്ധിച്ചിടത്തോളം സംവിധാനത്തെ സംബന്ധിച്ചിടത്തോളം 7 ഒഫീഷ്യൽ മെമ്പേഴ്സും നാലു അനൗദ്യോഗിക അംഗങ്ങളുമെന്നാണ് കാണുന്നത്. ഈ 7 ഉദ്യോഗസ്ഥൻമാർ ഇതിനകത്തു വന്നത് ഓരോവകുപ്പിനും മെമ്പറൻമാർ ഇതിനകത്ത് വേണമെന്നുള്ളതിന്റെ അടിസ്ഥാനത്തിലായിരിക്കും. അതിനെ ഞാൻ എതിർക്കുന്നില്ല. പക്ഷേ നാലു അനുദ്യോഗസ്ഥ അംഗങ്ങൾ മാത്രമാക്കി ചുരുക്കിയതിനാൽ ഉദ്യോഗസ്ഥൻമാർ നടപ്പാക്കുന്ന സ്കീം എന്ന നിലയ്ക്കുതന്നെ ഇനിയും സ്കീമിന്റെ പ്രവർത്തനം നടക്കാൻ ഇടയുണ്ട്. അതുകൊണ്ട് അനുദ്യോഗസ്ഥാംഗങ്ങളെ വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. ഉദ്യോഗസ്ഥാംഗങ്ങളെ ചുരുക്കണമെന്നല്ല ഞാൻ പറയുന്നത്. അനുദ്യോഗസ്ഥാംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച് മുമ്പു ഞാൻ സൂചിപ്പിച്ചതുപോലെ എല്ലാവരുടേയും താൽപ്പര്യം സംരക്ഷിക്കാൻ പറ്റുന്ന നിലയ്ക്കു അതിന്റെ പ്രവർത്തനം കൊണ്ടുപോകണം. അതല്ലാതെ നമ്മുടെ ഈ ഹൗസിംഗ് ബോർഡു രൂപീകരിക്കുമ്പോഴും ഇങ്ങനെ ബോർഡുകളും രൂപീകരിക്കുന്നതിന്റെ പിന്നിൽ ചിലഉദ്ദേശങ്ങളെല്ലാമുണ്ട്. ഈ വനവിഭവങ്ങളുടെയും മറ്റു ബോർഡു രൂപീകരിച്ചത് ചില ആളുകളെയെല്ലാം അതിൽ ഇരുത്തേണ്ട ബാധ്യതകളും വരുന്നതു.....

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഈ വനത്തിന്റെയും മറ്റും ബോർഡുകളുടെ കാര്യം മുമ്പത്തെ ഗവൺമെന്റു തീരുമാനിച്ചുവച്ചിരുന്നതല്ലേ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പുതിയ മന്ത്രിസഭയ്ക്കകത്ത് എല്ലാവർക്കും സ്ഥാനം കൊടുക്കാൻ പ്രയാസമുള്ളതുകൊണ്ട്.....

ശ്രീ. ടി. എ. മജീദ്: ശ്രീ. അഹമ്മദിനെ ഉദ്ദേശിച്ചു പറയുകയായിരിക്കും.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഉറപ്പുള്ള കാലിൽ കെട്ടിടം പണിതില്ലെങ്കിൽ അതു വളരെനാളും നിന്നെന്നു വരുകയില്ല. കാലുമാറികളെക്കൊണ്ട് കെട്ടിടം പണിതാൽ എത്രകാലം അതു കൊണ്ടുപോകാൻ കഴിയുമെന്നുള്ളതിനെക്കുറിച്ചുകൂടി ഞാൻ പ്രാസംഗികമായി ഒന്നു സൂചിപ്പിച്ചെന്നുമാത്രം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എ. മജീദ് : ശ്രീമാൻ ചന്ദ്രസേനനെ ഉദ്ദേശിച്ച് പറയുകയാണോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ശ്രീമാൻ ചന്ദ്രസേനൻ നിങ്ങളം പറയുന്നതു കേട്ടാൽ അങ്ങനെ ചെയ്യാമെന്നുള്ള സൂചനകൊടുത്തു എന്നു തോന്നും. പക്ഷേ, ചന്ദ്രസേനൻ ഇപ്പോൾ അങ്ങനെ വന്നില്ല.

ഞാൻ ഇതു പറയുമ്പോളും ഇത്രയെല്ലാം ക്ഷോഭമുണ്ടാകുന്നതിലാണ് എനിക്കു സംശയം. ശ്രീമാൻ ടി. വി. പറഞ്ഞതുപോലെ തലയിൽ തപ്പി നോക്കുന്ന അവസരത്തിലാണ്——കോഴിയെ കണ്ടില്ലെന്നു ഒരാളം പറഞ്ഞപ്പോഴാണ് തലയിൽ തപ്പിനോക്കിയത്. കോഴിയെ പിടിച്ചുവലിച്ചപ്പോൾ ആ കോഴിയുടെ പപ്പു ഞങ്ങളം പറയുന്നത് പപ്പു, അതു പറന്നുപോയി. അത് അവന്റെ തലയിൽ പറ്റി. തലയിൽ തപ്പിയ ആളെക്കണ്ടുതന്നെ ആളെ പിടിക്കുകയുംചെയ്തു. ശ്രീമാൻ ടി. വി. തന്നെ ഇവിടെ പറഞ്ഞ കാര്യമാണ്. അതുകൊണ്ട് ഇതൊക്കെ പറയുമ്പോൾ ക്ഷോഭിക്കേണ്ട യാതൊരു കാര്യവുമില്ല.

ശ്രീ. പി. എസ്. ശ്രീനിവാസൻ: നമ്മൾ മുമ്പ് ഈ കാർപ്പറേഷനും ബോർഡുകളുമൊക്കെ രൂപീകരിക്കാൻ തീരുമാനിച്ചത് കാലുമാറികളെ ഓരോ സ്ഥാനത്ത് വച്ചുകൊള്ളാമെന്നു വിചാരിച്ചാണോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പത്തു പതിമൂന്നു കാർപ്പറേഷനുകളുള്ളതിൽ നമ്മൾ ഒരുമിച്ചുനിന്നപ്പോൾ ഉണ്ടായിരുന്ന പല നേതാക്കൻമാരുമാണല്ലോ സുഖമായിട്ട് ഇപ്പോൾ ഇരിക്കുന്നത്. അതുപോലെ ഈ ബോർഡുണ്ടാക്കിയാൽ ഇതു ഹൗസിംഗ് ബോർഡായതുകൊണ്ട് ഉറച്ച കാലുവേണമെന്നും മാറുന്ന കാലല്ല ആകരുതെന്നും ഇതിന്റെ അർത്ഥം മനസ്സിൽവച്ചുകൊണ്ട് ഞാൻ പറഞ്ഞു. ആ ഭാഗം അവിടെ നിറുത്താം.

ചതുപ്പുനിലം നന്നാക്കാനെന്നു പറഞ്ഞുകൊണ്ട് സ്ഥലമെടുത്തുകഴിഞ്ഞാൽ അങ്ങനെ ഒഴിപ്പിക്കപ്പെടുന്ന കുടികിടപ്പുകാർക്ക് ആ ഉണ്ടാക്കുന്ന വീടുകളം അവർക്കു കൊടുക്കുന്ന കാര്യത്തിൽ മുൻഗണന കൊടുക്കുകയും അതിനുവേണ്ടി ഉണ്ടാക്കുന്ന വ്യവസ്ഥകളം അനുസരിക്കാവുന്നതരത്തിലും ഉള്ള ഏർപ്പാടുകളം ഉണ്ടാകയുംവേണം. അങ്ങനെയുള്ളചില കാര്യങ്ങളം ഹൗസിംഗ് ബോർഡ് ഉണ്ടാക്കുന്ന സമയത്തും ഈ ബില്ല് ചർച്ചചെയ്യുന്ന അവസരത്തിലും സെലക്ടുകമ്മിറ്റി റിപ്പോർട്ടു തയ്യാറാക്കുന്ന സമയത്തും ശ്രദ്ധവച്ചു പരിഗണിക്കേണ്ടതാണ്.

[Dy. Speaker in the Chair]

പിന്നെ ഹൗസിംഗ് ബോർഡുണ്ടാക്കാൻപോകുന്നു എന്ന പത്രപ്രചരണം വന്നപ്പോൾ കർഷകത്തൊഴിലാളികളം, വീടില്ലാതെ വിഷമിക്കുന്ന കർഷകത്തൊഴിലാളികളുടെ കാര്യം മറന്നുപോയതായി തുണ്ടു. നമ്മുടെ കോരൻ മന്ത്രിയുടെ ഭാഷയിൽതന്നെ പറഞ്ഞാൽ

''അപശകൻമഹാരാർത്ഥനൻമാരാലംബഹീനൻമാർ അവരുടെ സങ്കടമാരറിയാൻ'' ഇപ്പോൾ. മന്ത്രിസഭ പരിഗണിച്ചു എന്നാണ് പറയുന്നത്. പക്ഷേ ഇതിനകത്ത് ഒരു സ്കീം കാണാനില്ല. മുമ്പത്തെ സ്കീമുകളം ഏകീകരിച്ചും കൂടുതൽ പണം നോടി ആ അടിസ്ഥാനത്തിൽ നടപ്പാക്കാൻ വേണ്ടിയാണ് ഇത് ഇവിടെ കൊണ്ടുവന്നിരിക്കുന്നതെന്ന് അഭിപ്രായമുണ്ട്. അതല്ലാതെ കർഷകത്തൊഴിലാളികൾക്കുവേണ്ടി ഒരു പ്രത്യേക സ്കീം തയ്യാറാക്കി ആ സ്കീം കൂടി ഇതിനകത്ത് ഉൾപ്പെടുത്തി കൊണ്ടുവന്നിരിക്കുന്നതായൊന്നും ഇതിൽ കാണുന്നില്ല. അതുകൊണ്ട് വിസ്മൃതമായ ഈകാര്യം സാധിക്കത്തക്കവിധത്തിൽ കർഷകത്തൊഴിലാളികൾക്കുവേണ്ടിയുള്ള ഒരു പ്രത്യേക ഭവനനിർമ്മാണപദ്ധതി ഉണ്ടാക്കുകയും ആ പദ്ധതി ഇപ്പോഴുള്ള അനുഭവങ്ങളുടെ അടിസ്ഥാ

നത്തിൽ ഈ ബില്ലിൽക്കൂടി ഉൾപ്പെടുത്തി ഈ ബോർഡിന്റെ പരിധിയിൽ കൊണ്ടുവരത്തക്കവണ്ണം സെലക്ട്കമ്മിറ്റി ശ്രദ്ധിക്കണമെന്ന് എനിക്ക് അഭിപ്രായമുണ്ട്. അതുകൊണ്ട് സെലക്ട്കമ്മിറ്റി ശ്രദ്ധിക്കേണ്ട ഒരുകാര്യമായി ഞാൻ ഇതു സൂചിപ്പിക്കുകയാണ്.

മറ്റൊരുകാര്യം പറയാനുള്ളത്, സർ നമ്മുടെ നാട്ടിൽ വേണ്ടത്ര വിജ്ഞാന സമ്പാദനം നേടിയ ആളുകളാണ് കൂടുതൽ. അഭ്യസ്തവിദ്യരായ സാങ്കേതിക വിദ്യാഭ്യാസം നേടിയ എഞ്ചിനീയറൻമാരും മറ്റുമായിട്ടുള്ള ആളുകളും തൊഴിലില്ലായ്മകാരണം വളരെയധികം വിഷമിക്കുകയാണ്. ഈ ഹൗസിംഗ് പദ്ധതി നടപ്പാക്കുന്നതിനു പറ്റിയ അത്തരം ആളുകളെ കൂടുതൽ ഉണ്ടാക്കിയെടുക്കാനും അവരുടെ വൈദഗ്ധ്യം നാട്ടിനുവേണ്ടി പ്രയോജനപ്പെടുത്താനും പറ്റിയ രീതിയിലുള്ള ചില സ്കീമുകളുംകൂടി ഈ സ്കീമിന്റെ ഭാഗമായിട്ടു നടപ്പാക്കാൻ കഴിയണം.

പിന്നെ മറ്റൊന്ന്, ഇപ്പോഴുള്ള ടൗൺപ്ലാനിംഗിലെ ഉദ്യോഗസ്ഥൻമാരെ എടുക്കുന്ന കാര്യം ഇതിനകത്തു പറയുന്നുണ്ട്. എന്നാൽ സ്വകാര്യ ഏജൻസികളും നടത്തുന്ന ഹൗസിംഗ് സ്കീമുകളുടെ കമ്മിറ്റികളുടെ കീഴിൽ വളരെയധികം സ്ഥിരം തൊഴിലാളികളും ഉണ്ട്. തൃശൂരും എറണാകുളത്തും കോഴിക്കോട്ടും കേരളാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സംഘടനകളുംതന്നെ നിലവിൽവന്നിട്ടുണ്ട്. സ്ഥിരമായി ഈ വീടുപണിയിൽ ഏർപ്പെട്ടിട്ടുള്ളവരാണ്. ഈ വീടുപണിയിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരുടെ കാര്യവും ഇതിനകത്തു പരാമർശിക്കപ്പെട്ടിട്ടില്ല. മറ്റു ജീവനക്കാരെ എടുക്കാമെന്നു പറഞ്ഞകൂട്ടത്തിൽ തന്നെ ഈ ഹൗസിംഗ്ബോർഡ് രൂപീകരിക്കുന്നസമയം ഇന്നു സ്വകാര്യഏജൻസികളുടെ കീഴിൽ പല ഭാഗത്തും പ്രവർത്തിക്കുന്നതും സംഘടിതമായ നിവേദനങ്ങളും ഗവൺമെൻറിന്റെ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതുമായ ആ തൊഴിലാളികളുടെ കാര്യംകൂടി കണക്കിലെടുത്തു ആവശ്യമായ ഭേദഗതി ഈ ബില്ലിനകത്ത് ഉൾപ്പെടുത്തണമെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

ഞാൻ മുമ്പു സൂചിപ്പിച്ചതുപോലെ തൊഴിലില്ലായ്മകൊണ്ട്, വ്യവസായങ്ങളുടെ കുറവുകൊണ്ട് വിഷമിക്കുന്ന നമ്മുടെ നാട്ടിൽ നിരുൽസാഹപ്പെടുത്തേണ്ടതായ ഒരുകാര്യമുണ്ട്. ഭവനമില്ലാത്ത ആളുകൾക്ക് ഭവനങ്ങൾ ഉണ്ടാക്കിക്കൊടുക്കാൻ നാം ശ്രമിക്കുന്ന അവസരത്തിൽതന്നെ ഗവൺമെൻറും നമ്മുടെ രാഷ്ട്രീയസംഘടനകളുമെല്ലാംതന്നെ ശ്രദ്ധിച്ചുചെയ്യേണ്ട ഒരു കാര്യമുണ്ട്. ഇന്ന് ലക്ഷകണക്കിന്, നാലും അഞ്ചും ലക്ഷം രൂപാ ചെലവു ചെയ്തിട്ടാണ് ആളുകൾ വീടുകെട്ടുന്നത്. ആ കെട്ടിടത്തിന്റെ മുകൾ അറ്റം കാണണമെങ്കിൽ മലർന്നുകിടന്നുകൊണ്ട് മേലോട്ടു നോക്കണം. എന്നാൽ അവിടെ താമസിക്കാൻ ആളുകളും കാണുകയില്ല. ഏതു വീടുപണിതാലും പത്തിരുപതു വർഷംകഴിയുമ്പോൾ അതു പഴകിപ്പോകും. കുമാരനാശാന്റെ ശ്ലോകം, ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാം. മനുഷ്യന്റെ ആചാരങ്ങളും ചിന്താഗതികളും മാറിക്കൊണ്ടിരിക്കുന്നതുപോലെ ഇത്തരത്തിലുള്ള വീടുകളുടെ കാര്യത്തിലും വളരെ വേഗം മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ശ്രീമാൻ ടി. കെ. കൃഷ്ണൻതന്നെ ഇന്നലെ ഒരു കാര്യം സൂചിപ്പിക്കുകയുണ്ടായി. ബാംബയിലൊക്കെ വെള്ളാനകൾപോലായിട്ടുണ്ട് ഹൗസിംഗ് ബോർഡിന്റെ പ്രവർത്തനങ്ങൾ. കുറച്ചുകാലത്തേയ്ക്കെങ്കിലും കുറുത്തയാനയായിട്ട് നമ്മുടെ നാട്ടിൽ ഈ ഹൗസിംഗ്ബോർഡിന്റെ പ്രവർത്തനം നടത്തേണ്ടതായിട്ടുവരും. പക്ഷേ പത്തിരുപതുകൊല്ലം കഴിയുമ്പോൾ പൊളിച്ചുകളയേണ്ട വീടുകൾ നാലഞ്ചു ലക്ഷം രൂപാ ചെലവുചെയ്തു പണിയുന്നതിന്റെ ഫലമായി ആ വീടുകളിൽ താമസിക്കുന്നവർക്ക് തന്നെ അലോഹ്യമുണ്ടാകാറുണ്ട്. എറണാകുളത്തെ വീടുകളുടെ സ്ഥിതി ബഹുമാനപ്പെട്ട ഡെ. സ്പീക്കർക്കറിയാം. ഒരു വീട്ടിലുള്ള ഒരു പെൺകുട്ടിയെ കാണ്മാനായി എന്നു പത്രത്തിൽ പരസ്യം ചെയ്യുകയും

LIBRARY ARCHIVES Kerala Legislative Assembly

പോലീസ് സ്റ്റേഷനിൽ പരാതിപ്പെടുകയും പടം പരസ്യംചെയ്യുകയും ശ്രീമാൻ വിജയനെപോലുള്ള ആളുകളെ ബാംബയിൽ പോവുകയും ഒക്കെ ചെയ്തതിനുശേഷം നാലഞ്ചുദിവസം കഴിഞ്ഞ് വീട്ടിന്റെ അകത്ത് ഒരു മുറിയിൽ മരിച്ചു കിടന്നത് എടുക്കുകയുണ്ടായി.

ഡെ. സ്പീക്കർ: കൊണ്ടിട്ടതാണെന്നു പറയുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ബഹുമാനപ്പെട്ട ഡെ. സ്പീക്കർക്കും ആ വീടു അറിയാം. വീടിന്റെ ഏതെങ്കിലും ഒരു ഭാഗത്ത് എന്തെങ്കിലും സംഭവിച്ചാൽ ഒരു മനുഷ്യനും അറിയാൻ സാധിക്കുകയില്ല. അധികം ആളുകളും താമസിക്കാൻ കാണുകയില്ല. യാതൊരു പ്രയോജനവുമില്ലാത്തവിധത്തിൽ എന്തിന് ഈ വിധത്തിൽ വീടുകൾ കെട്ടിയിടണം. ആ പണം പ്രത്യുല്പാദനപരമായ രംഗങ്ങളിലേയ്ക്കു നീക്കിവച്ചാൽ നമുക്ക് ഇവിടെ വ്യവസായങ്ങൾ ആരംഭിക്കാം. അതിനുപുറമേ ആ പണം ഇതുപോലുള്ള പദ്ധതികൾക്ക് ചെലവാക്കാനും സാധിക്കും.

ഈ പദ്ധതി എത്രഗംഭീരമായി പ്രസിദ്ധം ചെയ്താലും അതിനാവശ്യമായ പണം ഉണ്ടായാൽമാത്രമേ ഈ വീടുകൾ ഉണ്ടാക്കിക്കൊടുക്കാൻ പറ്റൂ. അതിനുപറ്റുന്ന സൗകര്യങ്ങൾ ഇത്തരമൊരു ബോർഡു രൂപീകരിക്കുന്നതിന്റെ ഫലമായി ഉണ്ടാകുന്നു. പക്ഷേ കേരളത്തെപ്പോലുള്ള സംസ്ഥാനത്ത് എത്ര പണമുണ്ടായാലും അപര്യാപ്തമായ രീതിയിലാണ് ഈ ഭവനദൗർലഭ്യം കൊണ്ടുള്ള ബുദ്ധിമുട്ട് അതുകൊണ്ട് അൻപതിനായിരം രൂപയിൽകവിഞ്ഞുള്ള വീടുകൾ പണിയാൻപാടില്ലെന്നുള്ള ഒരു കാമ്പെയിൻ ഉണ്ടാകണം. ഇപ്പോൾ യാതൊരു പ്രയോജനവുമില്ലാതെ കുറെ വാരപകൽഷാചരണങ്ങളൊക്കെ നടത്തുന്നുണ്ടല്ലോ— അതിനുപകരം ഇതിനുവേണ്ടി ഒരു വാരാചരണം നടത്തണം. ഒരു വീടിന് അൻപതിനായിരംരൂപായായാലും വിരോധമില്ല. അതിനപ്പുറത്ത് രൂപചെലവാക്കി വീടുകൾപണിയാൻപാടില്ല. കളളപ്പണവും മറ്റും വയ്ക്കുന്ന ആളുകൾക്കാരാണ് വലിയ വീടുവയ്ക്കുന്നത്. വലിയ വീടുകൾ പണിയുന്ന ആളുകൾ ബുദ്ധിമുട്ടനുഭവിക്കുന്നത് ഭൂമിഅകപയർ ചെയ്യുന്ന സമയത്താണ്. എന്നിട്ടു വലിയ വലിയ പദ്ധതികൾ തന്നെ വേണ്ടെന്നുവച്ചുകളയും; അവരുടെവീട് അകപയർചെയ്യാതിരിക്കാൻ വേണ്ടി. അങ്ങനെയുള്ള ബുദ്ധിമുട്ടുകളൊന്നുംവേണ്ട ആവശ്യത്തിനുമാത്രം മതി. കുറെ കൊല്ലങ്ങൾ കഴിയുമ്പോൾ പൊളിച്ചുകളയേണ്ടതാണെന്നുള്ളതുകൊണ്ട് കലവൂരിലുള്ള ഒരു കൺട്രാക്ടർ അദ്ദേഹം പണിതുകൊണ്ടിരുന്ന നാലുലക്ഷം രൂപ ചെലവുചെയ്തുവച്ച വീടു ഡയനാമൈറ്റ് വച്ച് പൊട്ടിച്ചു നശിപ്പിച്ചുകളഞ്ഞതിനുശേഷം അതിന്റെ ചാരത്തിൽ പുതിയ വീടു പണിതു സ്വർഗ്ഗം സൃഷ്ടിക്കുകയാണ്. ഈ വീട് കലവൂരിൽനിന്നു ബസ്സിനുപോകുമ്പോൾ കാണാം. പെരട്ടാടം പമ്പിനടുത്താണ്. നമ്മുടെ വീടുകളൊന്നും ആ രീതിയിൽ പണിയാതെ അൻപതിനായിരംരൂപയിൽകൂടുതൽ വീടുകൾ പണിയുന്നത് രാജ്യദ്രോഹകരമാണെന്നുള്ള രീതിയിൽ ഒരു പ്രചാരവേല ചെയ്യണം. 31 ദിവസംകൊണ്ട് പല നല്ല കാര്യങ്ങളും ചെയ്ത ഈ ഗവൺമെന്റ് ഈ ഒരു നല്ല കാര്യംകൂടി ചെയ്യണം. അതിന് ഞങ്ങൾ പിന്തുണനൽകാം. അങ്ങനെ അൻപതിനായിരംരൂപയിൽ കൂടുതലുള്ള വീടുകൾ പണിയാൻപാടില്ലെന്നുള്ള രീതിയിൽ ഒരു പ്രചാരവേല ഗവൺമെന്റ് ആരംഭിച്ചാൽ ആ പണത്തിന്റെ ഒരു ഭാഗം നമ്മുടെ ഹൗസിംഗ്ബോർഡിന്റെ പ്രവർത്തനത്തിനും മറ്റൊരു ഗണ്യമായ ഭാഗം രാജ്യത്തിന്റെ വ്യവസായവൽക്കരണത്തിനും തിരിച്ചുവിടാൻ ഉതകുമെന്നു ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ മുൻപു സൂചിപ്പിച്ച കാര്യങ്ങളെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ട് ഇതൊരു നല്ല ബില്ലാക്കിത്തീർക്കുന്നതിനുവേണ്ടി ഇതു സെലക്ടുകമ്മിറ്റിക്കു വിടണമെന്നുള്ള പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വാമദേവൻ: സർ, ഹൗസിംഗ് ബോർഡ് ബിൽ സെല കട്കമ്മിറ്റിക്ക് വിടണം, വിശദമായ, സൂചിന്തിതമായ പഠനത്തിനു വിടണ മെന്നുള്ള ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുകയാണ്. ഒരു അടിയന്തിര മായ ഓർഡിനൻസുമൂലം നടപ്പാക്കാൻ സാധിക്കുന്ന ഒരു പദ്ധതിയാണ് ഇതെന്ന് എനിക്കു വിശ്വാസമില്ല. ഇത് അടിയന്തിരമായ പ്രശ്നമായതു കൊണ്ട് ജനങ്ങളുടെ ശ്രദ്ധയെ ആകർഷിക്കാൻ ഓർഡിനൻസിനു കഴിയു മെങ്കിലും ഹൗസിംഗ് ബോർഡ് ഇവിടെ എത്തിയിട്ടു് വളരെ വർഷങ്ങളായി. പക്ഷേ ഞങ്ങളുടെയൊക്കെ മനസ്സിൽ വിഭാവനം ചെയ്തിരുന്ന ഒരു പദ്ധതി ഈ ബില്ലിൽ ഉണ്ടോ എന്നെനിക്ക് സംശയമാണ്. ഈ ബിൽ നടപ്പിലായിക്കഴിഞ്ഞാൽ 1961-ലെ 1-ാം ആക്ട് അനുസരിച്ച് നടപ്പിലാ യാൽ തിരുവനന്തപുരം സിറ്റി ഇംപ്രൂവുമെൻറ് ആക്ട് ഇന്നുമുതൽ നില വിലില്ലാതെ വരുകയും ആ ആക്ടിന്റെ അടിസ്ഥാനത്തിൽ സംഘടിപ്പിക്കപ്പെട്ട തിരുവനന്തപുരം സിറ്റി ഇംപ്രൂവുമെൻറ് ട്രസ്റ്റ് യോജിക്കുകയും ചെയ്യും എന്നാണ് തൽക്കാലം പറഞ്ഞിരിക്കുന്നത്. അതുകഴിഞ്ഞ് യുക്തമാണെന്ന് തോന്നുന്ന അവസരങ്ങളിലൊക്കെ ഇത്തരം മറ്റു നിയമങ്ങളം നടപ്പിലാക്കിക്കൊണ്ടിരിക്കുകയും ചെയ്യും. ടൗൺ പ്ലാനിംഗ് ആക്ട് കൂടി ഇതിന്റെ പരിധിക്കകത്ത് കൊണ്ടുവരാവുന്നതാണ്. ഇതു പറയുമ്പോൾ കഴിഞ്ഞ പത്തുകൊല്ലത്തെ അനുഭവം എന്നെപ്പോലെയുള്ള ആളുകൾ ഇവിടെ പകർത്താതിരിക്കുന്നത് തെറ്റാണെന്ന് ഞാൻ വിശ്വസിക്കുകയാണ്. ഒരു പക്ഷേ ഇത് അടയന്തിരമായി നടപ്പിലാക്കാൻ കഴിയും. അതു ഞാൻ സ്വാഗതം ചെയ്യുകയാണ്. തിരുവനന്തപുരം സിറ്റി ഇംപ്രൂവുമെൻറ് ട്രസ്റ്റ് അപകടകരമായ ഒരു ഘട്ടത്തിൽ എത്തിയിരിക്കുന്നു. 8 വർഷമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സിറ്റി ഇംപ്രൂവുമെൻറ് ട്രസ്റ്റിലെ പ്രവർത്തന ങ്ങളെപ്പറ്റി, അവിടെ നടന്നുകൊണ്ടിരിക്കുന്ന ക്രമക്കേടുകളെപ്പറ്റി വിജിലൻ സിനെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ഏതാണ്ട് 1 വർഷം മുൻപ് തിരുവനന്തപുരം നഗരസഭ ഗവൺമെൻറിനോട് പ്രമേയംമൂലം ആവശ്യ പ്പെട്ടിരുന്നു. ഗവൺമെൻറും സിറ്റി ഇംപ്രൂവുമെൻറു ട്രസ്റ്റും ആ പ്രമേയത്തെ അവഗണിക്കുകയാണു ചെയ്തത്. അതുകഴിഞ്ഞ് ഏതാനും ആഴ്ചകൾക്കുമുൻപു് തിരുവനന്തപുരം സിറ്റി ഇംപ്രൂവ്മെൻറ് ട്രസ്റ്റിന്റെ ബോർഡ് യോഗം കൂടി അവിടെയുള്ള രണ്ടുദ്യോഗസ്ഥൻമാരെ സസ്പെൻറു ചെയ്തുകൊണ്ട് അവരുടെ നടപടികളെപ്പറ്റി വിജിലൻസിനെ ക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ഗവൺമെൻറിനോടാശ്യപ്പെടുന്നു. അതിനാവശ്യമായ ഉത്തരവു പാസ്സാക്കണമെന്നാവശ്യപ്പെടുന്ന ഒരു പ്രമേയം അംഗീകരിക്കുകയുണ്ടായി. ഗവൺമെൻറ്, സസ്പെൻറുചെയ്യാനും വിജി ലൻസിനെക്കൊണ്ടു് അന്വേഷണം നടത്താനുമുള്ള അനുവാദം ബോർഡിനു കൊടുത്തുകൊണ്ടു്, ബോർഡ് യോഗംകൂടി നടപ്പിലാക്കണമെന്ന് ആവശ്യ പ്പെട്ടുകൊണ്ട് ബോർഡിനു് എഴുതി. പക്ഷേ ബോർഡിനകത്തുണ്ടായ ഒരു അഭിപ്രായവ്യത്യാസം കാരണം അതിനുശേഷം ബോർഡുയോഗം കൂടി കോറ മില്ലത്തെ പിരിയുകയാണു ചെയ്തത്. കഴിഞ്ഞ രണ്ടോ മൂന്നോ മാസങ്ങൾക്കു മുൻപ് ആയിരക്കണക്കിന് രൂപയുടെ പണാപഹരണം അവിടെ ഉണ്ടായിട്ടു ണ്ട്. അതിന് ഒരു കാഷ്യറാണ് ഉത്തരവാദി എന്നു് ആദ്യം പറയുകയും ഒടുവിൽ ബോർഡിലെ പണത്തിന്റെയൊക്കെ ചുമതല വഹിക്കാൻ നിയമ പ്രകാരം ചെയർമാൻ ഈ അധികാരം ഡെലിഗേറ്റ് ചെയ്ത സെക്രട്ടറിയാണ് ഇതു ചെയ്തതെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ആണ് ആ സെക്രട്ടറി യേയും മറ്റൊരുദ്യോഗസ്ഥനെയും സസ്പെൻറു ചെയ്യാൻ തീരുമാനിക്കുക യുമാണ് ചെയ്തത്. സർ, തിരുവനന്തപുരം സിറ്റി ഇംപ്രൂവുമെൻറ് ട്രസ്റ്റ് ആക്ടുതന്നെ ഇന്നുണ്ടായിട്ടുള്ളത് ഹൗസിംഗിനു വേണ്ടി മാത്രമല്ല. ഇപ്പോഴും നിർമ്മാണത്തിലിരിക്കുന്ന ബില്ലിൽ ജനറൽ ഇംപ്രൂവുമെൻറും ഉൾപ്പെ

LIBRARY ARCHIVES Kerala Legislative Assembly

G25 83

LIBRARY ARCHIVES Kerala Legislative Assembly

ടുന്നുണ്ട്. പക്ഷേ സിറ്റി ഇംപ്രൂവുമെന്റ് ട്രസ്റ്റിന്റെ 8 കൊല്ലത്തെ പ്രവർത്തനത്തിനിടയിൽ സിറ്റിയുടെ പൊതുവായ പുരോഗതിക്കോ അഭിവൃദ്ധിക്കോ വികാസത്തിനോ വേണ്ടി യാതൊന്നും തന്നെ ചെയ്തിട്ടില്ലെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഏതാണ്ട് നാലാമത്തെ വർഷമോ അഞ്ചാമത്തെ വർഷമോ തുടങ്ങിവെച്ച ഒരു റോഡ് 2 ഫർലോംഗ് നീളം ചെന്നപ്പോൾ ഗവൺമെന്റ് പറഞ്ഞു റോഡുനിർമ്മാണവും വികസനപദ്ധതികളുമൊന്നും സിറ്റി ഇംപ്രൂവുമെന്റ് ട്രസ്റ്റ് നടപ്പിലാക്കേണ്ട, വസ്തു വിലയ്ക്കു വാങ്ങി എത്രരൂപകൊടുത്തു വാങ്ങുന്നോ അതിലും കൂടുതൽ വിലയ്ക്ക് അവിടെ വേനലേ നിർമ്മിച്ചുകൊടുക്കുക എന്നുള്ള ലാഭോദ്ദേശത്തോടുകൂടിയ പദ്ധതി മാത്രം നടപ്പിലാക്കിയാൽ മതിയെന്ന്. റോഡുകളും വീതികൂട്ടുക ട്രാഫിക് സൗകര്യങ്ങളും ഏർപ്പെടുത്തുക തുടങ്ങി നഗരത്തിന്റെ മുഖച്ഛായതന്നെ മാറ്റാൻ പര്യാപ്തമാകുമാറ് വിഭാവനംചെയ്തുകൊണ്ട് നടപ്പിലാക്കിയ സിറ്റി ഇംപ്രൂവ്മെന്റ് ട്രസ്റ്റിന്റെ പ്രവർത്തനം ഒരുതരം ലാഭക്കച്ചവടത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ടാക്കുന്ന വേനനിർമ്മാണ പദ്ധതിയായി ഒതുങ്ങിക്കിടക്കുകയാണുചെയ്തത്. അതിലും അഴിമതിയുടെയും ക്രമക്കേടുകളുടെയും കഥകളും ചരിത്രങ്ങളും ഞങ്ങൾക്കൊക്കെ അറിയാം. വളരെ വിസ്തൃതിയുള്ള തോട്ടങ്ങളും നെഗോഷ്യേറ് ചെയ്തു വാങ്ങിയ സംഭവങ്ങളുണ്ട്. ഏതെങ്കിലും ജൻമിമാർക്ക് അടകൂടിക്കാരെ ഒഴിപ്പിക്കണമെങ്കിൽ ആ വസ്തു സിറ്റി ഇംപ്രൂവുമെന്റ് ട്രസ്റ്റിനെക്കൊണ്ട് എടുപ്പിക്കുകയായിരുന്നു ചെയ്തത് എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. അർബൻ ഹൗസിംഗ്പോലും ഇന്ന് ഗവൺമെന്റ് കൈകാര്യം ചെയ്തിട്ടില്ല. വളരെ പിന്നോക്കംനിൽക്കുന്ന റൂറൽ ഹൗസിംഗിനു മുൻതൂക്കം കൊടുക്കണമെങ്കിൽ മറെറന്തെങ്കിലും പ്രവർത്തനപരിപാടികളെ ആസൂത്രണം ചെയ്യണം. അതാണ് ഒന്നാമത്തെ ആവശ്യം. മറെറാരു പ്രധാനമായ ആവശ്യം എനിക്കു ചൂണ്ടിക്കാണിക്കാനുള്ളത് ഒരു നഗരത്തെ സംബന്ധിച്ചിടത്തോളം മൊത്തത്തിലുള്ള ഒരു മാസ്റ്റർപ്ലാൻ ആസൂത്രണം ചെയ്തു നടപ്പിലാക്കണമെന്നാണ്. തിരുവനന്തപുരം നഗരസഭയും കോഴിക്കോട്ടു നഗരസഭയും എറണാകുളം നഗരസഭയുമൊക്കെ അവയുടെ പട്ടണത്തെസംബന്ധിച്ചിടത്തോളം ബൃഹത്തായ ഏതാണ്ട് അരനൂറാണ്ടുകാലത്തെ വികസനം പരിഗണിച്ചുകൊണ്ട് വളരെ ബൃഹത്തായ മാസ്റ്റർപ്ലാൻ അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ചില പട്ടണങ്ങളിൽ നടപ്പിലാക്കികഴിഞ്ഞിട്ടുണ്ട്. പക്ഷേ ഒരു നഗരത്തിനകത്ത് നടപ്പിലാക്കുന്ന മാസ്റ്റർപ്ലാൻ അനുസരിച്ചുമാത്രമേ ഹൗസിംഗ് ബോർഡിനു രൂപം നൽകാവൂ. പക്ഷേ നമ്മുടെ മുമ്പിലിരിക്കുന്ന ഹൗസിംഗ് ബോർഡിന്റെ ഘടനയും മറ്റും പരിശോധിച്ചുനോക്കുമ്പോൾ മുനിസിപ്പൽ ബോഡീസിനു യാതൊരു പ്രേരണയും ചെലുത്താൻ സാധിക്കാത്ത മുനിസിപ്പൽ അഡ്മിനിസ്ട്രേഷനുമായി പൊരുത്തപ്പെട്ടു പോകാൻ സാധിക്കാത്ത സാഹചര്യമാണ് വന്നുചേരുന്നത്. 1961-ലെ 1-ാം ആക്ടായ സിറ്റി ഇംപ്രൂവ്മെന്റ് ട്രസ്റ്റ് ആക്ട് നഗരത്തെസംബന്ധിച്ചിടത്തോളം നഗരത്തിലുള്ള പഞ്ചായത്തിന്റെയും വികസനപദ്ധതികളെ ഏർപ്പെടുത്തുന്നതാണു്. ഒരു പദ്ധതി ഏർപ്പെടുത്തണമെങ്കിൽ നഗരസഭയോട് അഭിപ്രായം ചോദിക്കണമെന്നുണ്ട്. നഗരസഭയുടെ അഭിപ്രായം സിറ്റി ഇംപ്രൂവുമെന്റ് ട്രസ്റ്റ് നിരസിക്കുകയാണെങ്കിൽ ഗവൺമെന്റാണ് അന്തിമമായ അഭിപ്രായം പറയേണ്ടത്. അതുപോലെതന്നെ തിരുവനന്തപുരം നഗരസഭയോ മറ്റു നഗരസഭകളോ ഏതെങ്കിലും ഒരു പദ്ധതി ഉണ്ടാക്കണമെന്ന് പ്രമേയംമൂലമോ അല്ലാതെയോ ആവശ്യപ്പെട്ടാൽ ആ പദ്ധതി സ്വീകരിക്കാൻ സിറ്റി ഇംപ്രൂവുമെന്റ് ട്രസ്റ്റ് ബാധ്യസ്ഥമാണ്. ഏതെങ്കിലും കാരണവശാൽ നിരസിക്കുകയാണെങ്കിൽ ആ കാര്യം ഗവൺമെന്റിനെ ബോധ്യപ്പെടുത്തണമെന്നും വകുപ്പുണ്ട്. പക്ഷേ ഇങ്ങനെ സാധിക്കാൻവേണ്ടി

ലക്ഷ്യത്തിലേക്കു നീങ്ങാനുള്ള ബില്ലെന്നുള്ള നിലയിൽ ഹൗസിംഗ് ബോർഡ് ബില്ലിന്റെ ഒരു വകുപ്പുകളിലും എത്ര പരിശോധിച്ചിട്ടും കാണാൻ സാധിക്കുന്നില്ല. ഹൗസിംഗ് ബോർഡിന്റെ ഘടന തന്നെ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ സിറ്റി ഇംപ്രൂവുമെന്റ് ട്രസ്റ്റാണു് ഇതിന്റെ അടിസ്ഥാനശിൽപിയായി ഇതിന്റെ ഉപജ്ഞാതാക്കൾ കണ്ടതു്. സിറ്റി ഇംപ്രൂവുമെന്റ് ട്രസ്റ്റിന്റെ ഘടന എന്നു പറയുന്നതു് ഗവൺമെന്റ് നോമിനേറ്റു ചെയ്യുന്ന നോൺ ഒഫിഷ്യൽ അംഗങ്ങളും അതിലുണ്ടാകും. തിരുവനന്തപുരം നഗരസഭയിലെ രണ്ടു പ്രതിനിധികളും അതിൽ അംഗമാണു്. തിരുവനന്തപുരം നഗരസഭയിലെ കമ്മിഷണർ അംഗമാണു്. അങ്ങനെ 3 അംഗങ്ങൾ സിറ്റി ഇംപ്രൂവുമെന്റ് ട്രസ്റ്റിലെ അംഗങ്ങളാണു്. കൂടാതെ നഗരസഭയുടെ വാർഷികവരുമാനത്തിന്റെ രണ്ടുശതമാനം സിറ്റി ഇംപ്രൂവുമെന്റ് ട്രസ്റ്റിനു കൊടുക്കണമെന്നുണ്ടു്. സിറ്റി ഇംപ്രൂവുമെന്റ് ട്രസ്റ്റിന്റെ വരവുചെലവുകണക്കുകൾ ഔദ്യോഗികമായി നഗരസഭയിൽ വയ്ക്കണമെന്നുണ്ടു്. അതായതു് ഞാൻ പറയുന്നതു് സംയോജിതമായ ഒരു പദ്ധതിയുടെ അടിസ്ഥാനത്തിൽ മാത്രമേ ഇതു സാധിക്കുകയുള്ളൂ. അല്ലാതെ എവിടെയെങ്കിലും കുറെ ഭവനങ്ങൾ നിർമ്മിക്കുകമാത്രമാണെങ്കിൽ സാധിക്കും. ഭവനങ്ങൾ നിർമ്മിക്കുകയും വഴിത്താരകൾ പണികഴിപ്പിക്കുകയും പാർക്കുകൾ ഉണ്ടാക്കുകയും വിനോദസ്ഥലങ്ങൾ ഉണ്ടാക്കുകയും അങ്ങനെ പട്ടണത്തിന്റെ മുഖച്ഛായയിൽ സമഗ്രമായ മാറ്റം വിഭാവനം ചെയ്യുന്ന മൊത്തത്തിലുള്ള ഒരു ഡെവലപ്പ്മെന്റൽ സ്കീം ഉണ്ടാക്കിയാൽ മാത്രമേ നമ്മുടെ ഉദ്ദേശങ്ങൾ സഫലീകൃതമാകുകയുള്ളൂ. ഇതിൽ ഇപ്പോൾ പറഞ്ഞിരിക്കുന്നത് 7 നോൺഒഫിഷ്യൽസ് എന്നാണു്. ഞാൻ വിനീതമായി ഇതിന്റെ ഉപജ്ഞാതക്കളോടു ചോദിക്കട്ടെ. എന്തിനാണു് ഈ എഞ്ചിനീയർ എന്നു പറയുന്ന മഹാൻ? നാലു് അനുദ്യോഗസ്ഥൻമാർ വരുമ്പോൾ ഒരു അനുദ്യോഗസ്ഥൻ എൻജിനീയറായിരിക്കണമെന്നു് എന്തു മനസ്സിൽവച്ചുകൊണ്ടാണു് എഴുതിയതെന്നു് ഞാൻ വളരെ വിനീതമായി ചോദിക്കുകയാണു്. എൻജിനീയർമാരുടെ തൊഴിലില്ലായ്മ അതിരൂക്ഷമായി പടർന്നുപിടിച്ചിരിക്കുന്ന നമ്മുടെ സംസ്ഥാനത്തു് ഒരു നോൺ ഒഫിഷ്യൽ എൻജിനീയർ എന്നു പറഞ്ഞാൽ സാമാന്യബുദ്ധിയുള്ളവർക്കറിയാം, പെൻഷൻപറ്റിയ ആരെയെങ്കിലും കയറ്റാനാണെന്നു്.....

ശ്രീ. എൻ. ഗണപതി: എൻജിനീയർ പ്ലാൻ ചെയ്തു കെട്ടിയ കെട്ടിടം ആ ബില്ലു പാസ്സാക്കിയ പിറ്റേ ആഴ്ചയിൽ തകർന്നുവീണതായി ഹൈറേഞ്ചിൽ നടന്ന സംഭവം ചൂണ്ടിക്കാണിച്ചാൽ, ബഹുമാനപ്പെട്ട മെംബർ പറഞ്ഞ അഭിപ്രായത്തിനു് അതു് ഉദാഹരണമാണെന്നു പറയാമോ?

ശ്രീ. കെ. സി. വാമദേവൻ: ഞാൻ പറഞ്ഞതും അതുമായി യാതൊരു ബന്ധവുമില്ല.

.....അതുകൊണ്ടു് നാലു നോൺ ഒഫിഷ്യൽസ് എന്നുള്ളതു് പ്രശസ്ത എൻജിനീയർമാർക്കുവേണ്ടിയാണു്. ഇതു ശരിയല്ലെന്നു വളരെ കർക്കശമായി പറയാൻ ഞാനാഗ്രഹിക്കുന്നു.

ശ്രീ. എം. കെ. എ. ഹമീദ്: നാലു നോൺ ഒഫീഷ്യൽസ് പ്രശസ്തരായ എൻജിനീയർമാരാണെന്നു പറഞ്ഞു; മനസ്സിലായില്ല.

ശ്രീ. കെ. സി. വാമദേവൻ: നാലു നോൺ ഒഫീഷ്യൽസ് എന്നുള്ള ഘടനതന്നെ പ്രശസ്തരായ എൻജിനീയർ മാർക്കുവേണ്ടിയുള്ളതാണു്. അതു പോകട്ടെ; അതിൽ ഒരാൾ നോൺ ഒഫിഷ്യൽ എൻജിനീയർ ആയിരിക്കണമെന്ന

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നതു തീർച്ചയായും ശരിയല്ല. എവിടെയെങ്കിലും കേട്ടുകേൾവി യുണ്ടോ? സർവ്വീസിലിരിക്കുന്ന എൻജിനീയർമാർക്കു യോഗ്യതയില്ലാതെ യല്ല. ഒഫിഷ്യൽ മെംബർമാരെ ഉത്തേജിപ്പിക്കുന്നതിനുവേണ്ടി പ്രകടിപ്പിച്ചു കൊണ്ടു്, സർവ്വീസിൽനിന്നു പുറന്തള്ളപ്പെട്ട ആളുകളെ, സർവ്വീസിൽനിന്നു പെൻഷൻപറ്റിപ്പിരിഞ്ഞയാളുകളെ, ഉദ്യോഗസ്ഥൻമാരാക്കുന്നതിനുവേണ്ടി യുള്ള ഈ നാലു നോൺഒഫിഷ്യൽ മെംബർമാരുടെ പ്രതിനിധ്യത്തോടു് ഞാൻ പരിപൂർണ്ണമായി വിയോജിക്കുന്നുവെന്നു പറയാൻ ഈയവസരം ഉപയോഗി ക്കുകയാണു്.

ശ്രീ. എം. കെ. എ. ഹമീദ്: ഇലക്ട്രിസിറ്റിബോർഡിൽ ഒരു നോൺ ഒഫിഷ്യൽ എൻജിനീയറുണ്ടു്. അദ്ദേഹം സർവ്വീസിൽനിന്നു റിട്ട യർചെയ്തയാളല്ല. അപ്പോഴും, ഉദ്യോഗത്തിൽനിന്നു വിരമിച്ചയാളുകളെ വീണ്ടും ഉദ്യോഗത്തിൽ കൊണ്ടുവരാനുള്ള നടപടിയാണെന്നുള്ള ശ്രീ. വാമദേവന്റെ വാദഗതി അർത്ഥശൂന്യമല്ലേ?

ശ്രീ. കെ. സി. വാമദേവൻ: ഞാൻ പറഞ്ഞതു ശരിയാണെന്നുള്ളതിനു തെളിവു് ശ്രീ. ഹമീദിന്റെ വിശദീകരണംതന്നെയാണു്. അദ്ദേഹം സ്വയം പിരിഞ്ഞുപോയതല്ലേ? ഞാൻ അതേ പറഞ്ഞുള്ളു. അൻപത്തെട്ടു വയസ്സു് കഴിയാൻ രണ്ടുമാസമുള്ളപ്പോഴാ രാജിവെച്ചു് ഞാൻ നോൺ ഒഫിഷ്യൽ എൻജി നീയറാണെന്നു പറയുന്ന എൻജിനീയറെപ്പറ്റി എനിക്കു മതിപ്പില്ല. ഏഴു് ഒഫീഷ്യൽ മെംബേഴ്സു് നാലു നോൺ ഒഫീഷ്യൽ മെംബേഴ്സ് എന്നുള്ള പ്രൊപ്പോർഷൻതന്നെ എതിർപ്പുള്ളതാണു്; അതിനോടു് പരിപൂർണ്ണമായ വിയോജിപ്പാണെനിക്കുള്ളതു്. ആ നാലു നോൺ ഒഫീഷ്യൽസിൽപ്പോലും ഒരു എൻജിനീയർ വേണമെന്ന വ്യവസ്ഥയോടു് എനിക്കു് യോജിക്കാൻസാധി ക്കുകയില്ല. മറിച്ചു്, നോൺ ഒഫീഷ്യൽസിനു ഭൂരിപക്ഷമുണ്ടായിരിക്കണ മെന്നും ആ നോൺ ഒഫീഷ്യൽസിൽ ഇത്തരം കാര്യങ്ങളുമായി ബന്ധമുള്ള ആളുകളെ ആരെങ്കിലുമായാൽപ്പോരാ—നിയോഗിക്കാൻ തയ്യാറാകണമെന്നുമാണു് എനിക്കു പറയാനുള്ളതു്.

സർ, ഹൗസിംഗ്ബോർഡ് ബില്ലിലെ ചില വകുപ്പുകളും മുനിസിപ്പൽ ഭരണത്തെ അലോസരപ്പെടുത്തുമെന്നു് പറയാൻ ഞാനാഗ്രഹിക്കുകയാണു്. ഇന്നു് ഏതെങ്കിലുമൊരു പ്രത്യേക ഏരിയ ഇൻസാനിട്ടറി ഏരിയാ ആണെന്നു പറയുന്നതിനും ആ പ്രദേശത്തെ വീടോ, വീടുകളോ മനുഷ്യവാസത്തിനു യോജിച്ചതല്ലെന്നു വിധിയെഴുതാനും ആളുകളെ പുനരധിവാസം ചെയ്യിക്കണ മെന്നു തീരുമാനിക്കാനുമുള്ള അധികാരം മുനിസിപ്പാലിറ്റികൾക്കാണു്. 67 (എ), (ബി) മുതലായ വകുപ്പുകളനുസരിച്ചു് ഉണ്ടായിരുന്ന ആ അധികാരം ഇപ്പോഴും ഹൗസിംഗ്ബോർഡിനു വിട്ടുകൊടുത്തിരിക്കുകയാണു്. ഏതെങ്കിലു മൊരു പ്രത്യേക പ്രദേശം മനുഷ്യവാസത്തിനു യോജിച്ചതല്ലെന്നു വിധിയെഴു തുവാനും പുനരധിവാസം നടത്തണമെന്നു തീരുമാനിക്കാനുമുള്ള അവകാശം കൊടുക്കുന്ന രീതിയിൽ അടിസ്ഥാനപരമായ മാറ്റം വരുത്തണമെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണു്. അതുപോലെതന്നെ പുറമ്പോക്കു സ്ഥലങ്ങളും മറ്റു് ഓപ്പണായ സ്ഥലങ്ങളും കൈവശപ്പെടുത്തുന്നതിനും എങ്ങനെയൊക്കെ വേണമെന്നു തീരുമാനിക്കുന്നതിനുമുള്ള അധികാരം ലോക്കൽബോഡീസിനു് ആയിരുന്നതു് ഇനി ഹൗസിംഗ്ബോർഡിൽ നിക്ഷിപ്തമായിരിക്കും. ഹൗസിംഗ് ബോർഡ് നോട്ടിഫൈ ചെയ്താൽ ആരും ഒബ്ജക്റ്റുചെയ്തി ല്ലെങ്കിൽ അവർക്കു തീരുമാനിക്കാം. കഴിഞ്ഞ 8 വർഷമായി സിറ്റി ഇംപ്രൂ വ്മെന്റ് ട്രസ്റ്റിന്റെ പദ്ധതിയനുസരിച്ചാണെങ്കിൽ നഗരങ്ങളുടെയും അതിനോടനുബന്ധിച്ചുള്ള പ്രദേശങ്ങളുടേയും സമഗ്രമായ വികസനവും പരിഷ്കരണവുമാണു് ഉദ്ദേശിക്കുന്നത്. ഞങ്ങൾ മനസ്സിലാ

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നത് ശരിയാണെങ്കിൽ ലോ ഇൻകം ഗ്രൂപ്പുകാരുടെ വരെ അപേക്ഷകൾ കഷ്ണിച്ചുകൊണ്ട് സമൂഹത്തിന്റെ ഉയർന്ന തലങ്ങളിലുള്ള ആളുകൾക്ക് കെട്ടിടം വച്ചുകൊടുത്തിട്ടുണ്ട്. ഈ നഗരത്തിൽ പതിനേഴു സ്ഥലം ഉണ്ട്. ഈ സ്ഥലമൊക്കെ ക്ലിയർചെയ്യാൻ കഴിഞ്ഞിട്ടില്ല. ഒരൊറ്റ സ്ഥലംപോലും കഴിഞ്ഞ എട്ടുവർഷമായി ക്ലിയർചെയ്യുവാൻസാധിച്ചിട്ടില്ല എന്നുള്ള കാര്യം ചൂണ്ടികാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ചില പണക്കാർക്ക് 'പൊന്നും' വിലതന്നെ—മാർക്കറ്റുവിലയെക്കാളും വളരെ കൂടിയ—കൊടുത്തു കൊണ്ട് ചില പരിപാടികളും മുന്നോട്ടു പോയിട്ടും ഉണ്ട്. എന്നാൽ സിറ്റി ഇംപ്രൂവ്മെന്റ് ട്രസ്റ്റിന്റെ പ്രവർത്തനം ഒരിക്കലും ഹൗസിംഗ് ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് ഒരു ഗൈഡ് ലൈൻ ആയി നൽകരുത് എന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഏറ്റവും പ്രധാനമായ മറ്റൊരു പോയിന്റ്, പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും സമഗ്രമായ പദ്ധതികളൊന്നും തന്നെ സംസ്ഥാനത്തിന്റെ മുഖമായയിൽ സാരമായ മാറ്റം വരുത്താൻ പര്യാപ്തമായിട്ടില്ല എന്നുള്ളതാണ്. ആ നിലയിൽ, വീടുവച്ചു കൊടുക്കുന്നതിന് ഏറെടുത്തിട്ടുള്ള പദ്ധതികളും എന്നുള്ള നിലയിൽ ഒരു കാര്യം നിർബന്ധമായും ബില്ലിൽ ഉൾക്കൊള്ളിക്കണമെന്നാണ് എന്റെ അഭിപ്രായം. അതായത് ഈ കെട്ടിടങ്ങളും ഒരിക്കലും കൺട്രാക്ടർമാരെക്കൊണ്ടു ചെയ്യിക്കരുത്, ഡിപ്പാർട്ടുമെന്റൽ എക്സിക്യൂഷനായിരിക്കണം. ഇതിനായി റിസർച്ച് വിംഗും റിസർച്ച് സെല്ലും ഒക്കെ ഉണ്ടാക്കി ഉദ്യോഗസ്ഥൻമാരുടെ സേവനവും ഉപയോഗപ്പെടുത്താം. ആ നിലയിൽ ഹൗസിംഗ് ബോർഡിനെ സംബന്ധിച്ചിടത്തോളം ശാസ്ത്രീയമായ ഒരു ആധുനികവൽക്കരണഗതിയോടുകൂടി, ചെലവുകുറഞ്ഞരീതിയിൽ വീടുകളുണ്ടാക്കാൻവേണ്ട ഒരു ഫുൾ ഫ്ളെഡ്ജ്ഡ് മെഷീനറി രൂപീകരിച്ച് ഉദ്യോഗസ്ഥൻമാരും വർക്കേഴ്സും മറ്റെല്ലാ സജ്ജീകരണങ്ങളും ഉൾപ്പെടെ മെയിൻറയിൻ ചെയ്യാൻസാധിക്കണം. ശ്രീ. ടി. കെ. രാമകൃഷ്ണൻ പറഞ്ഞപോലെ, ഏതു പദ്ധതിക്കും നീക്കിവയ്ക്കുന്ന തുകയുടെ സിംഹഭാഗവും കൺട്രാക്ടർമാർ കൊണ്ടുപോകുന്നതും അവരുടെ പറമ്പിൽ മാളികകൾ പണിയാൻ ഉപയോഗിക്കുന്നതും സത്യമാണ്. വീട് വച്ചുകൊടുക്കുന്നതിനും പുനരധിവാസത്തിനുമുള്ള തുകകൾ സർക്കാർ കൺട്രാക്ടർമാരും അവരുമായി ബന്ധമുള്ള ഉദ്യോഗസ്ഥൻമാരും ഒക്കെയാണ് അനുഭവിച്ചിട്ടുള്ളത് എന്നതു സംശയമില്ലാത്ത കാര്യമാണ്. അത് ഒഴിവാക്കാൻ, ഡിപ്പാർട്ടുമെന്റൽ എക്സിക്യൂഷൻ ആയിരിക്കണമെന്നുള്ളത് ഒരു ക്ലോസ് ആയി ഇതിൽ ഉൾക്കൊള്ളിക്കണം. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ കൺട്രാക്ടർമാരുടെ കീഴിലായാൽ ഇന്നത്തെ നിയമപരമായ ആനുകൂല്യങ്ങൾ സാധാരണക്കാർക്കു ലഭിക്കുകയില്ല. മറിച്ച് ചിട്ടയായി ഇത്തരം ഒരു ടീം മെയിന്റെനയിൻ ചെയ്യുകയാണെങ്കിൽ ഹൗസിംഗ് ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അതുകൊണ്ട് അങ്ങനെയൊന്നു രൂപീകരിക്കാൻ വേണ്ട വകുപ്പുകളും ഉൾക്കൊള്ളിക്കുന്നതിന് സെലക്ട് കമ്മിറ്റിയും ബഹുമാനപ്പെട്ട മന്ത്രിയും ശ്രമിക്കേണ്ടതാണെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. തിരുവനന്തപുരം സിറ്റി ഇംപ്രൂവ്മെന്റ് ട്രസ്റ്റ്, ഗ്രേറ്റർ കൊച്ചിൻ ഡവലപ്മെന്റ് കോർപ്പറേഷൻ, കൊച്ചിൻ ഇംപ്രൂവ്മെന്റ് ട്രസ്റ്റ് മുതലായവ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനഗവൺമെന്റിന്റെ ഭവനനിർമ്മാണ പ്രവർത്തനങ്ങളും പല ഡിപ്പാർട്ടുമെന്റുകളുടെ കീഴിലാണ്. ചിലതു ഡവലപ്മെന്റ് ഡിപ്പാർട്ടുമെന്റിന്റെ കീഴിലാണ്. ഈ വകുപ്പുകളും തമ്മിൽ ഒരു കോ--ഓർഡിനേഷനും ഇല്ല. അതുകൊണ്ട് ഇത് ഒരു പ്രത്യേക വകുപ്പിന്റെ കീഴിൽ ഒതുക്കിനിറുത്തി, ഡവലപ്മെന്റ് ഡിപ്പാർട്ടുമെന്റിന്റെയോ മറ്റേതെങ്കിലും ഡിപ്പാർട്ടുമെന്റിന്റെയോ കീഴിൽ കൊണ്ടുവന്ന് ഡിപ്പാർട്ടുമെന്റലായ എക്സിക്യൂഷൻ നടത്തുന്നതിന് സംയോജിതമായ ഒരു പദ്ധതി ഉണ്ടാക്കി

LIBRARY ARCHIVES Kerala Legislative Assembly

യാൻ മാത്രമേ ഇത് കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ എന്നു ചൂണ്ടിക്കാണിക്കാൻ ഞാനിയവസരം വിനിയോഗിക്കുകയാണ്. അതുകൊണ്ട് സംസ്ഥാന അടിസ്ഥാനത്തിലുള്ള ഒരു ഹൗസിംഗ് ബോർഡ്, അനുദ്യോഗസ്ഥഭരണത്തിന് മുൻതൂക്കംകൊടുത്തുകൊണ്ട് സംഘടിപ്പിക്കണമെന്നും റിസർച്ച് വിംഗുകളും മറ്റും ഉൾപ്പെടുത്തിക്കൊണ്ട് റീജിയണൽ ബോർഡുകളുണ്ടാകണമെന്നും ഉള്ള അഭിപ്രായം ഞാൻ സഭയുടെ മുൻപിൽ സമർപ്പിക്കുകയാണ്. സംസ്ഥാനവ്യാപകമായി ഒറ്റ ബോർഡു മാത്രമായിരുന്നാൽ ഓരോ പ്രദേശത്തിന്റെയും പ്രത്യേക പ്രശ്നങ്ങൾ കണക്കിലെടുത്തുകൊണ്ട് പദ്ധതികൾ ആസൂത്രണംചെയ്യാൻ സാധിക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുകയാണ്. മുഴുവൻ ലോക്കൽ ബോഡീസിന്റെയും മെംബർമാരെ ഉൾപ്പെടുത്താൻ സാധിക്കുകയില്ല. പ്രാദേശികമായ പദ്ധതികൾക്ക് രൂപം കൊടുക്കാൻ ഓരോ ജില്ലയ്ക്കും കമ്മിറ്റികളുണ്ടാക്കുകയോ, മൂന്നു ജില്ലകളെയോജിപ്പിച്ചു റീജിയണൽ കമ്മിറ്റികളുണ്ടാക്കുകയോ ചെയ്യാവുന്നതാണ്. നേരത്തെ സൂചിപ്പിച്ചപോലെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പാക്കുന്ന അവസരത്തിൽ ഹൗസിംഗ് ബോർഡ് വിഭാവന ചെയ്യുന്ന തരത്തിലുള്ള പദ്ധതിയുടെ ഭാഗമായി മാത്രമേ നഗരങ്ങളിൽ ഇത്തരം പദ്ധതികൾക്കു രൂപം കൊടുക്കാവൂ. അടിസ്ഥാനപരമായ മാറ്റങ്ങൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, സെലക്റ്റുകമ്മിറ്റിക്കു വിടണമെന്ന അഭിപ്രായത്തെ അനുകൂലിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: സർ, ഹൗസിംഗ് ബോർഡ് ബില്ല് സെലക്ടുകമ്മിറ്റിക്ക് വിടണമെന്നുള്ള നിർദ്ദേശത്തെ സ്വാഗതം ചെയ്യുന്നതോടൊപ്പം രണ്ടു കാര്യങ്ങൾ കൂടി പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഒന്ന് വളരെവേഗത്തിൽ ഇതൊരു ഓർഡിനൻസായി പിറപ്പെടുവിച്ചതിൽ അസാംഗത്യം ഉണ്ടെന്നുള്ള പരാമർശം. വളരെവേഗത്തിൽ സിറ്റി ഇംപ്രൂവ്മെന്റ്ട്രസ്റ്റു നടത്തുന്ന പണികൾ പൂർത്തിയാക്കിയിട്ടില്ലെങ്കിലും കാർഷികപരിഷ്കരണം നടപ്പിലാകുന്നതോടുകൂടി നമ്മുടെ ഗ്രാമപ്രദേശങ്ങളിലും ചില പട്ടണങ്ങളിലും കുടികിടപ്പുകാർക്ക് ഇന്നുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. ഇന്ന് ഒരു കുടികിടപ്പിൽതന്നെ നാലും അഞ്ചും കുടുംബങ്ങൾ ഓരോ വരാന്തകൾ ഇറക്കികെട്ടി വാടകയ്ക്ക് കൊടുത്തിരിക്കുന്ന നിരവധി കേസുകൾ നമ്മുടെ സ്റ്റേറ്റിലുണ്ട്. അതിന്റെ ഫലമായി ഇന്ന് കുടികിടപ്പുകാരും വാടകക്കാരും തമ്മിൽ സമരം നടത്തുകയാണ്. കുടികിടപ്പുകാർക്ക് കുടികിടപ്പിനുള്ള അവകാശം കൊടുക്കുന്നതുപോലെ വാടകക്കാർക്കും കുടികിടപ്പിനുള്ള അവകാശമുണ്ടായെന്നുള്ളതാണ് തർക്കം. എല്ലാവർക്കും മണിമാളികയിൽ താമസിക്കുന്നതിനുള്ള സൗകര്യമില്ലെങ്കിലും ഒരു വിധം സൗകര്യമായിട്ടു താമസിക്കാനുള്ള സൗകര്യം വ്യാപകമായി ഉണ്ടാകേണ്ടതാണ്. വളരെ വ്യാപകമായി ഉണ്ടാകണമെങ്കിൽ ഈ ബഡ്ജറ്റിൽതന്നെ പ്രൊവിഷൻ ഉണ്ടാക്കുകയും, അതിന്റെ ഗൗരവം മനസിലാക്കി വളരെവേഗത്തിൽ നടപ്പിലാക്കുകയും ചെയ്യണം. അതിന്റെ അടിസ്ഥാനത്തിൽ എത്രയും ഗൗരവമായി കാണേണ്ട ഒരു പ്രശ്നത്തിൽ ഓർഡിനൻസ് കൊണ്ടുവന്നതിൽ അസാംഗത്യമില്ല. ഇത് കൊണ്ടുവന്നത് ദുരുദ്ദേശപരമാണെന്ന് പറയുന്നതിൽ അർത്ഥമില്ല.. അടുത്ത സാമ്പത്തികവർഷത്തിൽതന്നെ ഗ്രാമപ്രദേശങ്ങളിലും അർഹതയുള്ളവർക്കും ഭവനം ഉണ്ടാക്കികൊടുക്കുന്നതിനുള്ള ആഭ്യഹപ്രകടനമാണ് ഈ ബിൽ കൊണ്ടുവന്നതിലുള്ളതെന്നുള്ളതുകൊണ്ട് ഞാൻ ഇതിനെ സ്വാഗതം ചെയ്യുന്നത്. ഈ ബിൽ സെലക്ടുകമ്മിറ്റിക്ക് പോയാൽ വരുന്ന സാമ്പത്തികവർഷത്തിൽ കാർഷികപരിഷ്കരണനിയമം നടപ്പിലാകുന്നതോടുകൂടി ഈ ബില്ലും നടപ്പിലാക്കത്തക്കവണ്ണം വളരെവേഗത്തിൽ കൊണ്ടുവരുന്നതിന് ഈ സഭയിലെ എല്ലാ ഭാഗത്തുമുള്ള എല്ലാ മെമ്പർമാരും സഹകരിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാമത്തെ പ്രശ്നം ഇതിന്റെ കാര്യത്തിൽ മാത്രമല്ല. തിരിയെ പ്രതിഫലം കിട്ടുന്ന കാര്യത്തിലും, വികസനപരമായ പ്രവർത്തനങ്ങളിലും, വാടകയോ പലിശയോ സർക്കാരിന് കൊടുക്കുന്ന പല കാര്യങ്ങളിലും നമ്മുടെ സർക്കാർ സ്വീകരിക്കുന്ന നടപടി റവന്യൂ അക്കൗണ്ടിലെ പണം സ്വീകരിക്കണമെന്നുള്ളതാണ്. Financing Institutions (ഇൻസ്റ്റിറ്റ്യൂഷൻസ് ഫൈനാൻസ്) ഉപയോഗിക്കേണ്ട പല കാര്യങ്ങളിലും അതു ഉപയോഗിക്കാതെ പരിമിതമായ റവന്യൂഅക്കൗണ്ടിൽ ബഡ്ജറിലുള്ള പണം ഉംക്കൊള്ളിക്കുന്നതുകൊണ്ട് നമുക്ക് ആവശ്യമുള്ളിടത്തോളം സംഖ്യ ചെലവാക്കാൻ സാധിക്കുന്നില്ല. ഹൗസിംഗ് സ്കീം എന്നു പറയുന്ന ഒരു സ്കീം നമ്മുടെ നാട്ടിൽ നടപ്പിലുണ്ട്. എന്റെ ഓർമ്മ ശരിയാണെങ്കിൽ കഴിഞ്ഞ വർഷം കൊല്ലം ജില്ലയിൽ ചെറിയ വരുമാനക്കാരുടെ വീടുകൾ വച്ചുകൊടുക്കുന്നതിന് പരിമിതമായ തുകയാണ് ഉംക്കൊള്ളിച്ചിട്ടുള്ളത്. അതിന്റെ ഫലമായി പത്തോ പന്ത്രണ്ടോ വീടുകളാണ് ആ ജില്ലയ്ക്ക് കിട്ടുന്നത്. ഇത്തരം പദ്ധതികൾക്ക് ഇൻസ്റ്റിറ്റ്യൂഷൻസ് ഫൈനാൻസിൽ നിന്നെടുക്കുന്നതിനുള്ള സാഹചര്യം ഉള്ളപ്പോൾ റവന്യൂ അക്കൗണ്ടിൽ ഉംപ്പെടുത്തി അത് ബഡ്ജറിൽ കൂടുതൽ കമ്മി ഉണ്ടാക്കുന്നതിനേ സഹായകരമാകുകയുള്ളൂ. ഒരു ബോർഡു കോൺസ്റ്റിറ്റ്യൂട്ട് ചെയ്തു നിയമപരമായ വായ്പകൾ എടുക്കുന്നതിലും വിവിധ രീതിയിൽ ഇൻസ്റ്റിറ്റ്യൂഷൻസ് ഫൈനാൻസ് വാങ്ങിയത് ചെലവാക്കുന്നതിനുള്ള അവകാശം കൊടുത്തിരിക്കുന്നതുകൊണ്ട് ഇന്നലെവരെ നടന്നതിൽനിന്നും വ്യാപകമായ രീതിയിൽ അനേകായിരം പേർക്ക് പാർപ്പിടസൗകര്യം ഉണ്ടാക്കികൊടുക്കുന്നതിന് സഹായകരമായിരിക്കും. ഇതിൽ പല പോരായ്മകളുമുണ്ടെന്ന് പറയുകയുണ്ടായി. ലോക്കൽ ബോഡീസിൽ പഞ്ചായത്തുകളേയും മുനിസിപ്പാലിറ്റികളേയും പങ്കാളികളാക്കുന്ന പ്രശ്നം ഒരു ചർച്ചാ വിഷയമായി. അവർക്ക് അഭിപ്രായപ്രകടനം നടത്തുന്ന കാര്യത്തെപ്പറ്റി സെലക്ടുകമ്മിറ്റി പരിശോധിക്കേണ്ടതാണ്. സിറ്റി ഇംപ്രൂവ്മെന്റ് ട്രസ്റ്റ് ഉംക്കൊള്ളിക്കണമോ വേണ്ടയോ എന്നുള്ളത് പരിഗണനാർഹമായ ഒരു കാര്യമാണ്. സിറ്റി ഇംപ്രൂവ്മെന്റ് ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നത് പട്ടണപ്രദേശങ്ങളിൽ വലിയ തോതിലുള്ള കെട്ടിടങ്ങളുടെ കാര്യത്തിലാണ്. സിറ്റികളിലും മേജർ മുനിസിപ്പാലിറ്റികളിലും എല്ലാം തന്നെ താഴ്ന്ന വരുമാനക്കാർ താമസിക്കുന്ന കെട്ടിടങ്ങൾ പണിയുമ്പോൾ അതിന് ചെലവാക്കുന്ന സംഖ്യ റീപേ ചെയ്യാൻ കഴിവില്ലാത്ത ആളുകളുടെ കാര്യമാണ് നോക്കേണ്ടത്. അവരുടെ കാര്യം സിറ്റി ഇംപ്രൂവ്മെന്റിനെക്കൊണ്ട് പരിഹരിക്കാൻ കഴിയുമോ, അതോ അത്തരം ആളുകളുടെ കാര്യത്തിൽ ബോർഡു കൈകാര്യം ചെയ്യുന്നത് തന്നെയാണോ നല്ലത് എന്ന് പരിശോധിക്കണം.

ഏതായാലും നമ്മുടെ രാജ്യത്ത് ജനങ്ങളുടെ ആഹാരം പോലെതന്നെ വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നം പരിഹരിക്കുന്നതിന് പുതിയ മാർഗ്ഗം വെട്ടിതുറക്കുന്നതിന്, വളരെ വേഗത്തിൽ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ ഉതകുന്നതിന് സഹായകരമായ ഈ പരിപാടി എത്രയും വേഗം ആരംഭിക്കത്തക്കവണ്ണം ഇതിന്റെ സെലക്ടുകമ്മിറ്റി റിപ്പോർട്ടു വരികയും ബോർഡു കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുകയും വേണം. ഗവൺമെന്റ് ഇതിൽ സ്വീകരിച്ചിരിക്കുന്ന മാർഗ്ഗം ഇത്തരം വികസന പ്രവർത്തനങ്ങളിൽ റവന്യൂ വരുമാനത്തിൽനിന്നും പണം ചെലവാക്കുക എന്നുള്ളത് മാറിയിട്ട് ഇൻസ്റ്റിറ്റ്യൂഷൻസ് ഫൈനാൻസ് ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള രീതി—പ്രത്യേകിച്ച് ബാങ്ക് ദേശസാൽക്കരിച്ചിരിക്കുന്ന ഈ അവസരത്തിൽ കൂടുതൽ സംഖ്യകിട്ടാനുള്ള സാദ്ധ്യത വർദ്ധിച്ചിട്ടുണ്ട്—ഇതിൽ സ്വീകരിച്ചിരിക്കുന്നതുപോലെ മറ്റു വികസനപ്രവർത്തനങ്ങളിലും വ്യാവസായികപ്രവർത്തനങ്ങളിലും, കാർഷികപ്രവർത്തനങ്ങളിലും മൂലധനരൂപീകരണത്തിൽ ക്യാപ്പിറ്റൽ സ്ട്രക്ച്ചറിൽ മാറ്റം വരുത്തുന്നതിനും വർക്കിംഗ് ക്യാപ്പിറ്റലിന്റെ കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇൻസ്റ്റിറ്റ്യൂഷൻസ് ഫൈനാൻസ് ഉപയോഗിക്കുന്ന രീതി സ്വീകരിക്കണം. അങ്ങനെ പുതിയ പന്ഥാവ് വെട്ടിത്തുറക്കാൻ സഹായിക്കുന്ന പദ്ധതികളും എത്രയും വേഗം നടപ്പിലാക്കത്തക്കവണ്ണം സെലക്ടുകമ്മിറ്റി പരിശോധിച്ച് ഗവൺമെന്റിലേക്ക് റിപ്പോർട്ടു സമർപ്പിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. കരുണാകരൻ: സർ, കേരള ഹൗസിംഗ് ബോർഡു ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. പക്ഷെ അതേ അവസരത്തിൽ ഈ ബിൽ ഈ സഭയുടെ മുമ്പാകെ സമർപ്പിക്കുന്നതിന് മുമ്പായി ഒരു ഓർഡിനൻസായി പുറപ്പെടുവിച്ചിട്ടുള്ളതിനെ ശക്തിയായ ഭാഷയിൽ ഞാൻ എതിർക്കുകയാണ്. ഓർഡിനൻസായി പുറപ്പെടുവിക്കേണ്ടതിന് ചില സാഹചര്യങ്ങളും ഉണ്ടാകും. ആ സാഹചര്യമനുസരിച്ചാണോ ഈ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് പരിശോധിച്ചാൽ അല്ലായെന്ന് വ്യക്തമായി കാണാൻ സാധിക്കും. ഒരു കാര്യം വ്യക്തമായി ഗവൺമെന്റിനെ ഓർമ്മിപ്പിക്കുവാൻ ആഗ്രഹിക്കുന്നത് ഓർഡിനൻസ് പുറപ്പെടുവിക്കുന്ന അവസരത്തിൽ അതിന്റെ ന്യായീകരണം കൂടെ പരിഗണിക്കേണ്ടതുണ്ട്.

സർ, നമ്മുടെ ഭരണഘടനയിൽ ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിന് ചില വ്യവസ്ഥകൾ കൊടുത്തിട്ടുണ്ട്. അതിന്റെ പ്രധാനമായ ഭാഗം മാത്രം ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

If the Governor is satisfied that circumstances exist which render it necessary for him to take immediate action, he may promulgate such Ordinances as the circumstances appear to him to require.....

അപ്പോൾ വളരെ ഇമ്മീഡിയറ്റായിട്ടുള്ള ആവശ്യം വന്നിട്ടുണ്ടെങ്കിൽ പുറപ്പെടുവിക്കാനുള്ളതാണ് ഓർഡിനൻസ്. ജനാധിപത്യ മര്യാദയനുസരിച്ച് നിയമ സഭയില്ലാത്ത കാലത്ത് ഓർഡിനൻസായി പുറപ്പെടുവിക്കുകയും, അല്ലെങ്കിൽ സഭയുടെ മുമ്പാകെ സമർപ്പിക്കുകയുമാണ് വേണ്ടത്. ഈ ബിൽ സഭയുടെ മുമ്പാകെ വരുന്നതിനു മുമ്പായി ഓർഡിനൻസായി പുറപ്പെടുവിക്കാനുള്ള സാഹചര്യം എന്താണെന്ന് മനസിലാകുന്നില്ല. ഈ സഭ സമ്മേളിച്ച് ഗവർണ്ണറുടെ പ്രസംഗം കഴിഞ്ഞ് പിറേറദിവസം രാവിലെയാണ് പത്രത്തിൽ ഇത് വരുന്നത്. എന്തുതന്നെ ന്യായീകരണം പറഞ്ഞാലും ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണം. ഇതു മാത്രമല്ല മറ്റു ചിലതുമുണ്ട്. ഒരു ഓർഡിനൻസായി അല്ലാതെ കൊണ്ടുവരേണ്ട പല ബില്ലുകളുമുണ്ട്. ഞാൻ ആ ബില്ലുകളുടെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യുന്നില്ല. കാര്യം വേഗം ചെയ്തുതീർക്കണമെന്നുള്ള ആകാംഷ ഈ ഗവൺമെന്റിനുണ്ട്. എന്നാൽ വളരെയധികം ആകാംഷകൊണ്ട് സാധാരണ രീതിയിലുള്ള ജനാധിപത്യ മര്യാദലംഘിച്ചുകൊണ്ട് ചെയ്യുന്നതിനെ ന്യായീകരിക്കാൻ സാദ്ധ്യമല്ല. വിശേഷിച്ചു അത്ര നിവൃത്തിയില്ലാത്ത കാര്യങ്ങളെ സംബന്ധിച്ചിടത്തോളം. ഈ ബില്ലിന്റെ പ്രാധാന്യം കേരളത്തിൽ മാത്രമല്ല ഇൻഡ്യയിൽ പോതുവേ അംഗീകരിച്ചിട്ടുള്ളതാണ്. ഭവനനിർമ്മാണ പദ്ധതി പല വ്യത്യസ്ത ഡിപ്പാർട്ടുമെന്റിലും നിലവിലുള്ള പ്രവർത്തനം പര്യാപ്തമായിട്ടില്ലെങ്കിലും പുന:സംഘടിപ്പിക്കേണ്ടതാണെന്ന് പൊതുവേ അംഗീകരിച്ചിട്ടുണ്ട്. നമ്മുടെ രാജ്യത്തെ ജനങ്ങൾക്ക് പാർപ്പിടമില്ലാത്ത ബുദ്ധിമുട്ട് ചില്ലറയൊന്നുമല്ല. ജനപ്പെരുപ്പം കൂടിയിട്ടുള്ള കേരളത്തിൽ അതിന്റെ ആവശ്യകത കൂടുതൽ കൂടുതൽ വർദ്ധിച്ചിരിക്കുകയാണ്. വിശേഷിച്ച് ജനാധിപത്യ സംപ്രദായമനുസരിച്ച് വളരെയധികം മാറ്റങ്ങൾ ഉണ്ട്. കഴിഞ്ഞകാലത്ത് ഉണ്ടായിരുന്ന മരുമക്കത്തായസംപ്രദായം തായ്വഴിസംപ്രദായവുമെല്ലാം മാറിയിട്ടുണ്ട്. ഇന്നാട്ടിലെ മരുമക്കത്തായ സംപ്രദായമായാലും മക്കത്തായ സംപ്രദായമായാലും

LIBRARY ARCHIVES Kerala Legislative Assembly

ശരി പ്രായപൂർത്തി വന്നു കഴിഞ്ഞാൽ കല്യാണം കഴിഞ്ഞാൽ ജീവിതത്തിന്റെ സുഖങ്ങൾക്കു വേണ്ടി, സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള നീക്കം എല്ലാ ഭാഗങ്ങളിലുമുണ്ട്. നമ്മുടെ ഇന്നത്തെ വീടുകളുടെ പോരായ്മ പരിഹരിക്കുന്നതിനാവശ്യമായ സത്വരമായ നടപടികളും നടത്തണം. അത് നടത്തുന്നതിന് ഇന്നുള്ള പദ്ധതി പോരാതെ ഉണ്ട്. ഭവനനിർമ്മാണത്തിന് വർഷംതോറും ബഡ്ജറ്റിൽ ഉൾക്കൊള്ളുന്ന സംഖ്യ വളരെ പര്യാപ്തമാണ്. ശ്രീ. വാമദേവൻ പറയുകയുണ്ടായി ചെറിയ ഒരു ശതമാനംപോലും പട്ടണങ്ങളിൽ നിർവ്വഹിക്കുന്നില്ലെന്ന്. ആ നില പരിഗണിക്കുമ്പോൾ ഒരു ബോർഡു സംഘടിപ്പിച്ച് ആ ബോർഡിന് ഗവൺമെന്റ് നൽകുന്ന സംഖ്യ അല്ലാതെ കടം എടുക്കാനും കൂടുതൽ സംഖ്യ ഈ പദ്ധതിക്ക് കൂടുതൽ ഉൾക്കൊള്ളാനും കഴിയുന്ന സാഹചര്യം വേണം. അതിനുവേണ്ടി ബോർഡു രൂപീകരിച്ച് പ്രവർത്തിക്കുമ്പോൾ പട്ടണത്തെക്കാൾ ഉപരിയായി ഗ്രാമപ്രദേശങ്ങളെ കാണണം. അതിനുള്ള വ്യവസ്ഥ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് സ്വാഗതാർഹമായ കാര്യമാണ്. ഭവനനിർമ്മാണ പദ്ധതിയെ സംബന്ധിച്ചിടത്തോളം പ്രധാനമായി പരിഗണിക്കേണ്ടത് ഇന്നുള്ള സ്ഥലം ഏരിയാകളീയർ ചെയ്യുന്നതിനായിരിക്കണം. അത് ഏത് നിലയിൽ ബോർഡിൽ കൊണ്ടുവരാമെന്നുള്ള കാര്യം വളരെ വിഷമകരമായ ഒരു പ്രശ്നമാണ്. അതിന് പരിഹാരം കാണണം. മനുഷ്യന്റെ ജീവിതത്തിലുള്ള ഏറ്റവും പ്രധാനമായ ആവശ്യം വെയിലും മഴയും കൊള്ളാതെ പൊറുക്കുക എന്നുള്ളതാണ്. ഇന്നുള്ള പല സ്ഥലം ഏരിയാകളും കളീയർ ചെയ്യണം. അതിനുള്ള സാമ്പത്തികമായ സ്ഥിതി ബില്ലിലുള്ള വ്യവസ്ഥയനുസരിച്ച് കളീയർ ചെയ്യണമെങ്കിൽ ഇല്ല. ശരിയായി കെട്ടിയിട്ടില്ലാത്ത വീടുകളും പൊളിച്ചു കളയുന്നതിനും വീണ്ടും നല്ല രീതിയിൽ കെട്ടുന്നതിനും ആവശ്യമുള്ളതായ സംഖ്യ ഉടമയിൽനിന്നും ഈടാക്കാനും വ്യവസ്ഥയുണ്ട്. കൂലിവേലകൊണ്ടു കഴിയുന്നവർ അന്നന്ന് ജോലി ചെയ്തു അന്നന്ന് റേഷൻ വാങ്ങിച്ച് കഴിയേണ്ടവർ ആരോഗ്യപരമായ രീതിയിൽ പാർപ്പിടം പൊളിച്ചു പണിയണമെങ്കിൽ അതിനാവശ്യമായ സംഖ്യ കൊടുക്കണമെന്നു പറഞ്ഞാൽ സാധിക്കുകയില്ല. അത്തരം സ്ഥലങ്ങളിൽ ഏതെങ്കിലും വ്യവസായങ്ങൾ ആരംഭിച്ചോ, മറ്റുള്ള തരത്തിലോ പിന്നോക്കം നിൽക്കുന്ന, ആരോഗ്യപരമായ കാരണങ്ങളാലും മറ്റുള്ള കാരണങ്ങളാലും വളരെയധികം പിന്നോക്കം നിൽക്കുന്ന സ്ഥലങ്ങളിൽ ഭവനനിർമ്മാണ പദ്ധതി ആരംഭിക്കുന്നതോടൊപ്പം തന്നെ പിന്നോക്ക പ്രദേശങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്ന പദ്ധതികളും നടപ്പിലാക്കണം.

ഏതായാലും സാമാന്യേന ഒരു ഹൗസിംഗ് ബോർഡ് രൂപീകരിച്ചു കഴിഞ്ഞാൽ ഇന്നുള്ള വ്യത്യസ്തമേഖലകളിൽ പ്രവർത്തിക്കുന്ന പദ്ധതികളെയെല്ലാം ക്രോഡീകരിച്ചുകൊണ്ട് ഒരു മേഖലയിൽ കൊണ്ടുവരാൻ സാധിക്കും. ഇന്നു ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഹൗസിംഗ് സ്കീം നടക്കുന്നുണ്ട്, ഹരിജനങ്ങൾക്കുവേണ്ടി ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ നടക്കുന്നുണ്ട്, ചെറുകിടക്കാർക്കുവേണ്ടി ഹൗസിംഗ് സ്കീം ഉണ്ട്, ഇങ്ങനെ പല തട്ടുകളിലായിട്ടാണ് ഹൗസിംഗ് സ്കീം നടക്കുന്നതു്. അവയെല്ലാം ക്രോഡീകരിച്ചുകൊണ്ട് ഓരോ തട്ടിൽ പ്രവർത്തിക്കുന്ന ഒരു പദ്ധതിയായിരിക്കണം ഈ ബോർഡ് സ്വീകരിക്കേണ്ടതു്. ഒരു കാര്യം ബഹുമാനപ്പെട്ട മെമ്പർ ടി. കെ. രാമകൃഷ്ണൻ ചൂണ്ടിക്കാണിച്ചിട്ടുള്ളതു്, വളരെ ഗൗരവമായി ചിന്തിക്കേണ്ട ഒരു കാര്യമാണ്. അതിനുവേണ്ടിയുള്ള വ്യവസ്ഥ നിയമത്തിൽ ഉൾക്കൊള്ളിച്ചാലും തരക്കേടില്ലെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളതു്. ഒരു ലിമിറ്റ് വിട്ട് കെട്ടിടങ്ങൾക്കുവേണ്ടി സംഖ്യ ചെലവു ചെയ്യാൻ ഇൻഡ്യയുടെ പൊതുവായ സാമ്പത്തിക നില വച്ചു നോക്കിയാൽ പ്രത്യേകിച്ച് അനുവദിക്കാൻ പാടില്ല. പട്ടണങ്ങളിലായാലും ഗ്രാമപ്രദേശങ്ങളിലായാലും അപ്പർ ലിമിറ്റ് വയ്ക്കണമെന്നുള്ള കാര്യം നിയമത്തിൽ ഉൾ

11 A. M.

LIBRARY ARCHIVES Kerala Legislative Assembly

ക്കൊള്ളിക്കണം. അതുപോലെതന്നെ ഭവനനിർമ്മാണ പദ്ധതി ഏതെങ്കിലും ഒരു പ്രദേശത്ത് ആരംഭിച്ചുകഴിഞ്ഞാൽ സ്വാഭാവികമായും ആ സ്ഥലത്തുള്ള ഭൂമിയുടെ വില വർദ്ധിക്കും. അങ്ങനെ വില വർദ്ധിക്കുമ്പോഴേ വർദ്ധിച്ച വിലകൊടുത്ത് ഭൂമി എടുത്ത് അതിൽ കെട്ടിടംവച്ച് താമസിക്കുവാൻ സാമ്പത്തിക കഴിവ് കുറഞ്ഞവർക്ക്, ഇടത്തട്ടുകാർക്ക് കഴിയുകയില്ലെന്നുള്ളതാണ് യഥാർത്ഥ സംഗതിയാണ്. അതിന് എന്താണ് പരിഹാരമാർഗ്ഗമെന്നു ചിന്തിക്കണം. ഭൂമിയുടെ വിലയെ സംബന്ധിച്ചിടത്തോളം വില നിയന്ത്രിക്കുന്നതിന് ഇന്നത്തെ ഭരണഘടനയിലെ വ്യവസ്ഥയനുസരിച്ച് കുറച്ചെല്ലാം ബുദ്ധിമുട്ടുണ്ടെന്നുള്ളതാണ് യാഥാർത്ഥ്യമാണ്. ആ ബുദ്ധിമുട്ട് പരിഹരിക്കാൻ ആവശ്യമായ നടപടികളും ഈ നിയമത്തിൽകൂടി എടുക്കാൻ സാധിച്ചില്ലെങ്കിൽത്തന്നെയും ഈ സ്റേറാറ് മുൻകൈയെടുത്തുകൊണ്ട് അത് പരിഹരിക്കാനുള്ള പരിശ്രമം നടത്തേണ്ടതാണ്. ഈ അവസരത്തിൽ കൂടുതലൊന്നും പറയുന്നില്ല. ഈ നിയമം കഴിയുന്നതും വേഗത്തിൽ പാസാക്കിയെടുക്കേണ്ടതായിട്ടുണ്ട്. പക്ഷേ അതു പാസാക്കിയെടുക്കാൻവേണ്ടിയുള്ള പരിശ്രമത്തിൽ ഇത്തരം ആർഡിനൻസുകളും ഏർപ്പെടുത്തുക എന്നുള്ളതിനെ ന്യായീകരിക്കാൻ സാദ്ധ്യമല്ല ആർഡിനൻസിന്റെ കാലാവധി കഴിയുമ്പോൾ സ്വയം നീക്കപ്പെടുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഭരണഘടനയിലെ 213–ാം വകുപ്പിലെ 2–ാം ഉപവകുപ്പനുസരിച്ച് നിയമസഭ ആരംഭിച്ച് 6 ആഴ്ചക്കകം ഇത് നിയമമായില്ലെങ്കിൽ ആർഡിനൻസ് സ്വയം അവസാനിച്ചതായി കണക്കാക്കപ്പെടുമെന്നു പറയുന്നുണ്ട്. ഈ ആർഡിനൻസിന്റെ ഗതിയും സ്വയംമരണമടയുന്ന സ്ഥിതിയിലേക്ക് പോകാതെ നോക്കണം. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം പലരും ചൂണ്ടിക്കാണിച്ചതുപോലെ ഈ കാര്യത്തിൽ ആർഡിനൻസ് പുറപ്പെടുവിക്കുന്നതിന് പ്രേരണ നൽകിയത് എന്താണെന്ന് പരിശോധിച്ചാൽ സാധാരണഗതിയിൽ സഭയിൽ അത് വന്ന് സെലക്ടുകമ്മിറ്റിക്ക് അയച്ചുകഴിഞ്ഞാൽ സെലക്ടുകമ്മിറ്റിക്കാർ ഈ ഭവന നിർമ്മാണ പദ്ധതിയെ സംബന്ധിച്ച് കൂടുതലായി പഠിക്കുന്നതിന് പര്യടനങ്ങളും നടത്തി റിപ്പോർട്ട് തരുമ്പോഴേക്കും മാസങ്ങളല്ല, വർഷങ്ങളാകുമെന്ന് ഉൽക്കണ്ഠയുള്ളതുകൊണ്ടാണ് ആർഡിനൻസ് പുറപ്പെടുവിച്ചിരിക്കുന്നതെന്നു കാണാൻ സാധിക്കും. വാസ്തവത്തിൽ ഇത് ഒരു ഡയറക്ടീവ് എന്നുള്ള നിലയിൽ അല്ലെങ്കിൽ അഡൈവസ് എന്നുള്ള നിലയിലാണെങ്കിൽ മനസിലാക്കാം. സെലക്ടുകമ്മിറ്റി കാലതാമസം എടുക്കാതെ ഇതിൽ ശുദ്ധ കേനുദ്രീകരിച്ച് അതേയവസരത്തിൽ ഉണ്ടാകുന്ന നിയമപഴുതുകളും അടച്ചുകൊണ്ട് ഗ്രാമപ്രദേശങ്ങളിലെ ആളുകളെ സംബന്ധിച്ചിടത്തോളം, ചെറുകിട വരുമാനമുള്ള ആളുകളെ സംബന്ധിച്ചിടത്തോളം ആശ്വാസം നൽകത്തക്കരീതിയിലുള്ള ആവശ്യമായ മാറ്റങ്ങളും വരുത്തണമെന്നും, ഭവനനിർമ്മാണ പദ്ധതികളും ഒരു ഭാരമായിത്തീരാതെ സ്വാഭാവികമായും പാവപ്പെട്ടവർക്ക് ഉപകാരപ്രദമാകത്തക്കരീതിയിൽ കൊണ്ടുവരുന്നതിന് ഗവൺമെന്റും തയ്യാറാകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എം. കെ. എ. ഹമീദ്: ഈ ബിൽ സെലക്ടു കമ്മിറ്റിക്കയക്കണമെന്നുള്ള ഭേദഗതി ഞാനും അവതരിപ്പിച്ചിരുന്നുവെങ്കിലും കുറേയൊക്കെ ചർച്ചകളും കഴിഞ്ഞ സ്ഥിതിക്ക് സംസാരിക്കേണ്ടതില്ലെന്നു ഉദ്ദേശിച്ചിരിക്കുകയായിരുന്നു. ശ്രീ. കെ. സി. വാമദേവന്റേയും, ശ്രീ. ടി. കെ. രാമകൃഷ്ണന്റേയും പ്രസംഗങ്ങളും കേട്ടപ്പോൾ ചിലതു പറയേണ്ടതായി വന്നു. അതുകൊണ്ട് മാത്രമാണ് ഞാൻ ഈ അവസരത്തിൽ അങ്ങയുടെ അനുവാദത്തോടുകൂടി എഴുന്നേറ്റുനിൽക്കുന്നത്. ഹൗസിംഗ് ബോർഡിന്റെ ആവശ്യകതയെക്കുറിച്ചും അതിന്റെ പ്രവർത്തനം കൊണ്ടുണ്ടാകാവുന്ന നേട്ടങ്ങളെക്കുറിച്ചും,

LIBRARY ARCHIVES Kerala Legislative Assembly

സവിസ്തരമായ ചർച്ചകളും നടന്നു കഴിഞ്ഞു. അക്കാര്യങ്ങളെക്കുറിച്ചു കൂടുതലായി എന്തെങ്കിലും പ്രസ്താവിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ അതേസമയത്ത് ഒരു ഹൗസിംഗ് ബോർഡ് വരുന്നു എന്നുള്ളതുകൊണ്ടുമാത്രം ഹൗസിംഗ് പ്രശ്നം പരിപൂർണ്ണമായി വളരെ എളുപ്പം പരിഹൃതമാകുമെന്നു വിശ്വസിക്കുന്നത് ഒരു വ്യാമോഹമായിരിക്കും എന്നും പറയാതിരിക്കാൻ നിവൃത്തിയില്ല.

ഈ സംസ്ഥാനത്തെ സ്ഥിതി ഞാൻ ഒന്നു ചുരുക്കമായി പറയാം. ഈ കൊച്ചുസംസ്ഥാനത്ത് ഇന്നുള്ള ജനസംഖ്യ ഏതാണ്ട് രണ്ടു കോടിയിൽപ്പരമാണ്. 16 ശതമാനം ആളുകളും, അതായത് ഏതാണ്ട് 32 ലക്ഷം ആളുകളും, നഗരങ്ങളിലും ബാക്കിയുള്ളവർ ഗ്രാമപ്രദേശങ്ങളിലും നിവസിക്കുന്നു. നഗരപ്രദേശങ്ങളിലെ വീടുകളിലെ എണ്ണം, വളരെ മോശമായ കുടിലുകളും മറ്റും ഒഴിച്ചാൽ, 4.8 ലക്ഷം വരും എന്നാണ് കണക്ക്. 4.8 ലക്ഷം വീടുകളിലായി ഏതാണ്ട് 5,33,000 കുടുംബങ്ങളും നിവസിക്കുന്നു. ഏതാനും വീടുകളിൽ ഒന്നിൽ കൂടുതൽ കുടുംബങ്ങളും താമസിക്കുന്നു എന്നർത്ഥം. 53,000 കുടുംബങ്ങൾക്ക് പുതുതായി താമസ സൗകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കേണ്ടതായിവരും. ഇന്നുതന്നെ കേരളത്തിലെ ജനസംഖ്യ കൂടുതലാണെന്നു മാത്രമല്ല, ജനപ്പെരുപ്പത്തിന്റെ കാര്യത്തിലും കേരളം മോശമല്ലെന്ന സ്ഥിതിക്ക് നഗരപ്രദേശങ്ങളിൽ ഇന്നുള്ള 53,000 വീടുകളുടെ കമ്മി അടുത്ത അഞ്ചു വർഷക്കാലത്തിനിടയിൽ 75,000 ആയി വർദ്ധിച്ചാൽ അതിശയിക്കാനില്ല. ഒരു വീടിന് ശരാശരി പതിനായിരം രൂപ എന്ന കണക്കിന് 53,000 വീടുകളും നിർമ്മിക്കുന്നതിന് ഏതാണ്ട് 53 കോടി രൂപയോളം വേണ്ടിവരും. ഗ്രാമപ്രദേശങ്ങളിലെ ജനസംഖ്യ ഏതാണ്ട് 170 ലക്ഷമാണ്. ഇന്നുള്ള വീടുകളുടെ എണ്ണം ഉദ്ദേശം 25 ലക്ഷം വരും. ഈ 25 ലക്ഷം വീടുകളിലായി ഇരുപത്തിയാറര ലക്ഷം കുടുംബങ്ങളും വസിക്കുന്നുണ്ട്. ഒന്നര ലക്ഷത്തോളം കുടുംബങ്ങൾക്ക് വീടില്ല. ഏതാണ്ട് 3000 രൂപ ഒരു വീടിന് ആകുമെന്ന് കണക്കാക്കിയാൽ 45 കോടി രൂപയോളം ആ ഇനത്തിൽ വേണ്ടിവരും. അങ്ങനെ നോക്കുമ്പോൾ നഗരങ്ങളിലും ഗ്രാമങ്ങളിലും ഇന്നുള്ള വീടുകളുടെ കമ്മിനികത്താൻ സാധിക്കണമെങ്കിൽ ഏതാണ്ട് 100 കോടി രൂപയോളം വേണ്ടിവരുമെന്ന് കാണാം. ഇത്രയും തുക കണ്ടുപിടിക്കുക കഷ്ടിപ്പ സാദ്ധ്യമല്ല. ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനുകളുടെയും റിസർവ്വ് ബാങ്കിന്റെയും സഹായം കിട്ടിയാൽത്തന്നെയും വളരെ ചുരുങ്ങിയ കാലത്തിനിടയിൽ പരിഹരിക്കാൻ സാധിക്കുന്ന ഒരു പ്രശ്നമായിട്ട് ഇതിനെ കണക്കാക്കേണ്ടതില്ല. കഴിഞ്ഞ ഒന്നും രണ്ടും മൂന്നും പദ്ധതിക്കാലങ്ങളിൽ സംസ്ഥാനത്ത് ഹൗസിംഗിനു വേണ്ടി എന്തു ചെലവാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളതിന്റെ കണക്ക് ഞാൻ പറയാം.

ഒന്നാം പദ്ധതിക്കാലത്ത് കേവലം 36 ലക്ഷം രൂപ ഹൗസിംഗിനുവേണ്ടി ഈ സംസ്ഥാനത്ത് ചെലവാക്കി. രണ്ടാം പദ്ധതിക്കാലത്ത് 206 ലക്ഷം രൂപ വകയിരുത്തിയതിൽ ചെലവഴിച്ചത് 157 ലക്ഷം രൂപ മാത്രമാണ്. മൂന്നാം പദ്ധതിക്കാലത്ത് 182 ലക്ഷം രൂപയാണ് ചെലവഴിക്കാൻ സാധിച്ചത്. ഹൗസിംഗിന്റെ പ്രാധാന്യത്തെ മനസിലാക്കാത്തതുകൊണ്ടോ, പ്രശ്നത്തിന്റെ ഗൗരവം മനസിലാക്കാത്തതുകൊണ്ടോ അല്ല ഇത്രകുറവുമാത്രം പണം ചിലവിടുവാൻ ഇടയായത്—വേണ്ടത്ര പണം കണ്ടെത്തുവാൻ ഉള്ള പ്രയാസമായിരുന്നു മുഖ്യകാരണം. ഹൗസിംഗ് ബോർഡ് വരുന്നതിന്റെ ഫലമായി മുൻപില്ലാതിരുന്ന വരുമാന മാർഗ്ഗങ്ങളും ഉണ്ടാകുമെന്നുള്ളത് ശരിയാണെങ്കിലും, ഈ പ്രശ്നം വലിയ ഒരു പരിധി കണ്ട് പരിഹരിക്കാൻ സാധിക്കുമെന്ന വിശ്വാസം എനിക്കില്ല. ശ്രീ. ടി. കെ. രാമകൃഷ്ണൻ പറഞ്ഞു, തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഇത് വളരെ സഹായിക്കുമെന്ന്. ശരി

LIBRARY ARCHIVES Kerala Legislative Assembly

യാണ്. സാങ്കേതിക വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവർ ഉൾപ്പടെ വളരെ ആളുകളുടെ തൊഴിലില്ലായ്മയ്ക്ക് ഉപശാന്തി ലഭിക്കുമെന്നുള്ളതു ശരിയാണ്. മാത്രമല്ല, ഈ നാട്ടിലുള്ള വിഭവങ്ങൾ ഉപയോഗിക്കാനുള്ള അവസരവും ഉണ്ടാകുന്നതാണ്. വീടുകൾക്ക് ആവശ്യമായ കല്ല് വെട്ട്, ഇഷ്ടിക നിർമ്മാണം, ഓട് നിർമ്മാണം, കുമ്മായനിർമ്മാണം, മരസാധന നിർമ്മാണം തുടങ്ങിയ മേഖലകളിൽ ആളുകൾക്ക് ധാരാളം തൊഴിൽ കിട്ടും. ട്രാൻസ്പോർട്ടേഷൻ മേഖലയിലും ധാരാളം തൊഴിൽ സാദ്ധ്യതകൾ തെളിയും. വളരെ അഭിവൃദ്ധി പ്രാപിച്ചിട്ടുള്ള രാജ്യങ്ങളിൽപോലും, ചിലപ്പോൾ സാമ്പത്തിക മാന്ദ്യം ഉണ്ടാകുമ്പോൾ ഒരു റിലീഫ് മെഷർ എന്നുള്ള നിലയിൽ വൻതോതിലുള്ള ഭവനനിർമ്മാണ പദ്ധതികൾ ഏറെടുക്കാറുണ്ട്.

ഭവനനിർമ്മാണത്തെ സംബന്ധിച്ചിടത്തോളം ചില നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. ഹൗസിംഗ് ബോർഡ് വരുന്നതിന്റെ ഫലമായികൂടുതൽ ഭവനനിർമ്മാണ പരിപാടികൾ നടക്കും. അങ്ങനെ നടക്കുമ്പോൾ അതിന്റെ ഫലം അനുഭവിക്കാൻ ഇടയാകുന്നത് സാമ്പത്തിക മേഖലയിൽ മേലേക്കിടയിൽ നിൽക്കുന്ന ആളുകൾക്കു മാത്രമായിരിക്കരുത്. ഇത് ഊന്നിപ്പറയാനുള്ള കാരണം ഇതുവരെയുള്ള പദ്ധതികളുടെ പ്രവർത്തന കാലഘട്ടത്തിൽ, ഏതു മേഘലയിൽ നോക്കിയാലും—ഭവന നിർമ്മാണമേഖലയിലായാലും, കാർഷികമേഖലയിലായാലും വ്യവസായ മേഖലയിലായാലും കോടിക്കണക്കിന് രൂപയുടെ നിക്ഷേപങ്ങൾനടന്നപ്പോൾ അതിന്റെയൊക്കെ ഗുണഫലങ്ങൾ ഏറിയകൂറും അനുഭവിക്കാനുള്ള അവസരം ഉണ്ടായിട്ടുള്ളത് സാമ്പത്തികമായി മേഖലക്കിടയിൽ നിൽക്കുന്ന വിഭാഗത്തിനാണ്. ഹൗസിംഗിന്റെ കാര്യത്തിൽ പ്രത്യേകിച്ചും ഗുണം കൂടുതലായി ഉണ്ടായിട്ടുള്ളത്, ഉന്നതൻമാരായ വ്യക്തികൾക്കാണ്; ഉദ്യോഗസ്ഥൻമാർക്കും, അതുപോലെ സാമ്പത്തികമായി മേഖലക്കിടയിൽ നിൽക്കുന്ന ആളുകൾക്കുമാണ്. സമ്പന്നമായ വിഭാഗത്തിന് ഗവൺമെൻറിന്റെ സഹായംകൂടാതെ സ്വന്തമായി വീടുകൾ നിർമ്മിക്കാൻ സാധിക്കുമെന്നിരിക്കേ അവശ വിഭാഗത്തിന് മുൻഗണന കൊടുത്തുകൊണ്ടുള്ള പരിപാടിയായിരിക്കണം ഹൗസിംഗ്ബോർഡ് കൈക്കൊള്ളേണ്ടത്. അതിനുവേണ്ടി ഈ ബില്ലിൽ വ്യവസ്ഥ ചെയ്യണമെന്നുള്ള അഭിപ്രായംപലരും പറഞ്ഞതിനോട് ഞാൻ യോജിക്കുകയും അത് ആവർത്തിക്കുകയും ചെയ്യുന്നു. മറൊരു അഭിപ്രായം ഇവിടെ വന്നത്, കെട്ടിടങ്ങൾ ഏതു രീതിയിലായിരിക്കണമെന്നുള്ളതിനെപ്പറ്റിയാണ്. ശ്രീ. ടി. കെ. രാമകൃഷ്ണൻ പറഞ്ഞത്, മലർന്നുകിടന്നു മേൽപ്പോട്ട് നോക്കിയാൽ കാണാത്ത കെട്ടിടങ്ങളാണ് ഇന്നുള്ളതിൽ പലതുമെന്നും, വ്യക്തികൾക്ക് അങ്ങനെയുള്ള കെട്ടിടങ്ങൾ വയ്ക്കാൻ അനുവാദം കൊടുക്കാൻ പാടില്ലെന്നുമാണ്. വ്യക്തികൾ താമസിക്കുന്നതിനുവേണ്ടി നിർമ്മിക്കുന്ന കെട്ടിടങ്ങളെ സംബന്ധിച്ചിടത്തോളം 50000 രൂപ എന്ന് പരിധി നിർണ്ണയിക്കണമെന്ന അദ്ദേഹത്തിന്റെ നിർദ്ദേശത്തോട് യോജിക്കുന്നു. എന്നാൽ വളരെ അധികം കുടുംബങ്ങൾക്കുവേണ്ടി ഹൗസിംഗ് ബോർഡ് കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ അവ എത്രത്തോളം ഉയർത്തികെട്ടാൻ സാധിക്കുമോ അത്രത്തോളം ഉയർത്തികെട്ടേണ്ടത് ആവശ്യമാണ്. ഇവിടെ ഭൂമി വളരെ കുമ്മിയാണ്. 38,850 ചതുരശ്രമൈൽ ഭൂമിയുള്ളതിൽ 27 ശതമാനത്തോളം വനങ്ങളാണ്. ഏതാണ്ട് 50 ശതമാനത്തോളം വരുന്ന സ്ഥലത്ത് കൃഷി നടക്കുന്നുണ്ട്. ഇതെല്ലാം കഴിഞ്ഞിട്ട് ഭവനനിർമ്മാണത്തിനും പൊതുസ്ഥാപനങ്ങളുടെ കെട്ടിടനിർമ്മാണത്തിനും റോഡുണ്ടാക്കുന്നതിനും മറ്റുമായി ലഭ്യമാകുന്ന ഭൂമിയുടെ അളവ് മൊത്തവിസ്തൃതിയുടെ 10 ശതമാനത്തിൽ കൂടുതൽ വരുന്നില്ല. 10 ശതമാനം ശരാശരി ആറര സെൻറ് മാത്രമാണ് ആളൊന്നിന് കെട്ടിടനിർമ്മാണത്തിനും കാർഷികേതര ആവശ്യങ്ങൾക്കും വേണ്ടി കിട്ടുന്നത്. ജനസംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാൽ അടുത്ത 25—ഓ 30—ഓ വർഷം കഴിയുമ്പോൾ ആറര സെൻറ്

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളത് മൂന്നു സെൻറായി ചുരുങ്ങിയെങ്കിലും അതിശയിക്കാനില്ല. ഒരു അൻപതു നൂറുകൊല്ലം മുൻപോട്ടുള്ള സ്ഥിതി നോക്കുകയാണെങ്കിൽ കേരളത്തിൽ കിടക്കാൻ സ്ഥലമില്ലാതെ എഴുന്നേറ്റു നിൽക്കേണ്ടിവരും. അതുകൊണ്ട് കെട്ടിടത്തിനുവേണ്ടി ഉപയോഗിക്കാവുന്ന ഭൂമി എത്ര ചുരുക്കാമോ അത്രകുറച്ചു ചുരുക്കണം. വേറൊരു രീതിയിൽ പറഞ്ഞാൽ നാം കൈക്കൊള്ളേണ്ട തന്ത്രം 'വെർട്ടിക്കൽ എക്സ്പാൻഷൻ' എന്നുള്ളതായിരിക്കണം. ഈ ബില്ലിൽ ഹൗസിംഗ് ബോർഡിനു ഗവൺമെൻറിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സാങ്കേതികമായ ഉപദേശവും മറ്റു സഹായങ്ങളും കൊടുക്കാൻ അധികാരം നൽകുന്ന വ്യവസ്ഥയുണ്ട്. എന്നാൽ അങ്ങനെയുള്ള സഹായങ്ങൾ സഹകാര്യ വ്യക്തികൾക്ക് കൊടുക്കാനുള്ള വ്യവസ്ഥയില്ല. അതു കൂടി ചേർക്കണമെന്നാണ് എൻെറ അഭിപ്രായം. സാധാരണക്കാർ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ പ്ലാൻ ഉണ്ടാക്കുന്നതിനും എസ്റ്റിമേറ്റുണ്ടാക്കുന്നതിനും സഹകാര്യ എൻജീനീയർമാരേയും ആർക്കിട്ടെക്ച്ചറൽ എൻജീനിയറൻമാരേയും സമീപിക്കാറുണ്ട്. അത്തരം സേവനങ്ങൾ വ്യാപാര അടിസ്ഥാനത്തിൽ ഹൗസിംഗ് ബോർഡ് ഏറ്റെടുക്കണം. അതിനുള്ള പ്രൊവിഷൻ ഈ ബില്ലിൽ ഉണ്ടാക്കണം. മറ്റൊരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത് ബോർഡിൻെറ ഘടനയെക്കുറിച്ചാണ്. അതിനെക്കുറിച്ച് ചില പരാമർശനങ്ങൾ ഇവിടെ നടന്നുകഴിഞ്ഞു. നാൻ അഫീഷ്യൽ അംഗമായി ഒരു എൻജീനീയറെ ഉൾപ്പെടുത്തിയത് യുക്തമായില്ലെന്ന് ബഹുമാനപ്പെട്ട മെമ്പർ വാമദേവൻ പറയുകയുണ്ടായി.

സർ, ചെയർമാൻ തന്നെ ഒരു ഇഞ്ചിനീയർ ആയിരിക്കണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഒരു ആർക്കിട്ടെക്ച്ചറൽ ഇഞ്ചിനീയറോ, ഭവന നിർമ്മാണത്തിൽ സ്പെഷ്യലൈസു ചെയ്തിട്ടുള്ള സിവിൽ ഇഞ്ചിനീയറോ ആയിട്ടുള്ള വിദഗ്ദനായ ഒരാളായിരിക്കണം. റിട്ടയർചെയ്ത ഒരാളിനെ കൊണ്ടു വരണമെന്ന് എനിക്കഭിപ്രായമില്ല. പ്രായപരിധി നിശ്ചയിക്കാവുന്നതാണ്, 30-40 വയസ്സു വരെയുള്ള ആളുകളെ നിയമിക്കാം.

ശ്രീ. ആർ. എസ്. ഉണ്ണി: അങ്ങനെയാണെങ്കിൽ അനൗദ്യോഗികാംഗങ്ങളുടെ കൂട്ടത്തിൽ ഇഞ്ചിനീയർ വേണ്ടല്ലോ. ചെയർമാൻ ഇഞ്ചിനീയറാണെന്നുണ്ടെങ്കിൽ അനൗദ്യോഗികാംഗങ്ങളിൽ ഒരാൾ ഇഞ്ചിനീയറാകണമെന്ന ആവശ്യമില്ലല്ലോ?

ശ്രീ. എം. കെ. എ. ഹമീദ്: വേണമെന്ന് നിർബന്ധമില്ല. ഞാൻ പറഞ്ഞത് അനൗദ്യോഗികാംഗങ്ങൾ എന്നു പറയുമ്പോൾ അതിൽ ഇഞ്ചിനീയറെ കിട്ടാൻ പ്രയാസം വരും. അതിനെക്കാൾ പ്രാധാന്യമർഹിക്കുന്നത് ചെയർമാൻ സ്ഥാനത്തു തന്നെ ഒരു സിവിൽ ഇഞ്ചിനീയറോ, ആർക്കിടെക്ച്ചറിലോ, ടൗൺ പ്ലാനിംഗിലോ സ്പെഷ്യലൈസു ചെയ്തിട്ടുള്ള ഒരാളെ വയ്ക്കേണ്ടത് ആവശ്യമാണ് എന്നാണ്.

ശ്രീ. പി. എസ്. ശ്രീനിവാസൻ: അത് ബഹുമാനപ്പെട്ട മെമ്പറെ ഉദ്ദേശിച്ച് എഴുതിയതാണോ?

ശ്രീ. എം. കെ. എ. ഹമീദ്: ഞാൻ പറഞ്ഞത് സിവിൽ ഇഞ്ചിനീയറുടെ കാര്യമല്ലേ? ഞാൻ ആ വിഭാഗത്തിൽപ്പെടുന്ന ഇഞ്ചിനീയറല്ല. ഞാൻ സിവിൽ ഇഞ്ചിനീയറോ, ആർക്കിട്ടെക്ച്ചറൽ ഇഞ്ചിനീയറോ അല്ല.

ശ്രീ. ഒ. കോരൻ: ഒരു ഇഞ്ചിനീയറിംഗ് വിംഗ് തന്നെ പ്രത്യേകിച്ചുണ്ടല്ലോ. പിന്നെ പ്രത്യേകിച്ച് ഇഞ്ചിനീയർ വേണമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. എ. ഹമീദ്: അതിനെ സംബന്ധിച്ച് കൂടുതൽ സംസാരിക്കാനുണ്ട്. ഹൗസിംഗ് ബോർഡിനെ സംബന്ധിച്ചിടത്തോളം ഒരു സ്ഥാപനത്തിന്റെ വിജയം ഏറ്റവും കൂടുകൽ ആശ്രയിച്ചിരിക്കുന്നത് അതിന്റെ മാനേജുമെന്റിനെയാണ്. ഏതു രംഗത്തെ സംബന്ധിച്ചും ഇപ്പറഞ്ഞത് ശരിയാണ്. ഒരു മന്ത്രിസഭ എടുത്തുനോക്കിക്കഴിഞ്ഞാൽ ആ മന്ത്രിസഭയുടെ തലവന്റെ ഗുണം തീർച്ചയായിട്ടും അതിൽ പ്രതിഫലിക്കും. ഒരു രാഷ്ട്രീയ സംഘടനയുടെ കാര്യം എടുത്താൽ, എത്ര വലിയ സംഘടനയായാലും നേതൃത്വത്തിന്റെ ഗുണം അനുസരിച്ചിരിക്കും അതിന്റെ പോക്ക്. ഒരു ഫുട്ബാൾ ടീമിന്റെ കാര്യമായാലും ക്രിക്കറ്റ് ടീമിന്റെ കാര്യമായാലും ക്യാപ്റ്റന്റെ ഗുണം ടീമിന്റെ പ്രവർത്തനങ്ങളിൽ പ്രതിഫലിപ്പിക്കും. വ്യവസായ വ്യാപാര മണ്ഡലങ്ങളിലായാലും മാനേജുമെന്റിന്റെ ഗുണം തീർച്ചയായിട്ടും ഏറ്റവും വിലപ്പെട്ട ഘടകമാണ്. മറ്റെല്ലാ സജ്ജീകരണങ്ങളും ഉണ്ടായാലും ശരി മാനേജുമെന്റ് മോശമായിക്കഴിഞ്ഞാൽ സ്ഥാപനം പിന്നോട്ടു പോവുകയേ ഉള്ളൂ. ഇൻഡ്യയിലെ പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ചും, സംസ്ഥാനത്തിനകത്തുള്ള പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ചും പഠനം നടത്തിയിട്ടുള്ള എല്ലാവരും ഈ വസ്തുത ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മാനേജുമെന്റിൽ രാഷ്ട്രീയക്കാർ ഇരിക്കുന്നോ ഐ.എ.എസ്സുകാർ ഇരിക്കുന്നോ എന്നുള്ളതല്ല പ്രശ്നം. മാനേജുമെന്റിന്റെ കപ്പാളിറ്റി മോശമായ സ്ഥാപനങ്ങളുടെ എല്ലാം പ്രവർത്തന ഫലവും മോശപ്പെട്ടതായി കാണുന്നു. നേതൃത്വം കൊടുക്കുന്നവർക്ക് കൂടെ ജോലിചെയ്യുന്നവരും താഴെ ജോലിചെയ്യുന്നവരും പറയുന്ന കാര്യങ്ങൾ മനസ്സിലാക്കാനുള്ള കഴിവുണ്ടായിരിക്കണം. ഹൗസിംഗ് ബോർഡ് തീർച്ചയായിട്ടും ഒരു ഇഞ്ചിനീയറിംഗ് മേഖലയിൽ വരുന്ന സംരഭമാണ്. അതുപോലെ തന്നെ ആധുനിക വ്യവസായങ്ങൾക്കെല്ലാം തന്നെ സാങ്കേതികമായ അടിസ്ഥാനമുണ്ട്. അങ്ങനെയുള്ള സ്ഥാപനങ്ങളുടെ തലപ്പത്തിരിക്കുന്നവർക്ക് സാങ്കേതിക വൈദഗ്ദ്ധ്യം ഒഴിച്ചുകൂടാത്തതാണ് എന്നുള്ളതാണ് വസ്തുത. ഈ സംഗതി പല രാജ്യങ്ങളും അംഗീകരിച്ചിട്ടുള്ളതും നടപ്പിൽ വരുത്തിയിട്ടുള്ളതും ആണ്. എന്നാൽ സാങ്കേതിക വൈദഗ്ദ്ധ്യം മാത്രമായാൽ മതിയോ? വളരെ സംകുചിതമായ അർത്ഥത്തിൽ സാങ്കേതിക ബിരുദമോ ഇഞ്ചിനീയറിംഗ് ബിരുദമോ ടെക്നോളജിക്കൽ ബിരുദമോ പരിചയമോ മാത്രം കൊണ്ട് എല്ലാമായോ? ഇല്ല. അഡ്മിനിസ്ട്രേറ്റീവ് എക്സ്പീരിയൻസ് കൂടി വേണം. അങ്ങനെയുള്ള ഒരു വിഭാഗം തന്നെയുണ്ട്. അങ്ങനെയുള്ളവരെയാണ് 'ടെക്നോക്രാറ്റ്സ്' എന്നു വിളിക്കുന്നത്. സർ, ഏതായാലും, ഹൗസിംഗ് ബോർഡായാലും മറ്റു പൊതുമേഖലാ സംരഭങ്ങളായാലും ശരി, അതിന്റെ തലപ്പത്തിരിക്കുന്നവർക്ക് അവിടെ നടക്കുന്നതായ കാര്യങ്ങൾ മനസ്സിലാക്കാനും താഴെയുള്ളവർക്ക് നിർദ്ദേശങ്ങൾ കൊടുക്കാനും സഹപ്രവർത്തകരുടെ അഭിപ്രായങ്ങൾ വിലയിരുത്താനുമുള്ള കഴിവുണ്ടായിരിക്കണം.

സർ, പൊതുമേഖലാ സംരഭങ്ങളെക്കുറിച്ച് വളരെയധികം വിമർശനങ്ങൾ ഉള്ള സ്ഥിതിക്കു തന്നെ കേരളത്തിൽത്തന്നെയുള്ള ഒരു നല്ല വ്യവസായ സ്ഥാപനത്തെ സംബന്ധിച്ച് ഞാൻ പറയാം. കൊല്ലത്തിനടുത്ത് യുണൈറ്റഡ് ഇലക്ട്രിക്കൽസ് ലിമിറ്റഡ് കമ്പനി എന്നു പേരുള്ള ഒരു സ്ഥാപനമുണ്ട്. സ്വകാര്യ മേഖലയിൽ ആരംഭിച്ച ഒരു വ്യവസായമായിരുന്നു അത്. സിംഗിൾ ഫേസ് എനർജി മീറ്ററുകൾ നിർമ്മിച്ചുകൊണ്ട് തുടങ്ങിയ ആ സ്ഥാപനം കുറേക്കഴിഞ്ഞപ്പോൾ നാശത്തിലേയ്ക്ക് നീങ്ങിത്തുടങ്ങി. പിൽക്കാലത്ത് സ്ഥാപനം ഗവൺമെന്റ് ഏറ്റെടുത്തു. ഈ സ്ഥാപനത്തിന്റെ മാനേജരായി നല്ല ഭരണപരിചയമുള്ള ഒരു ഇലക്ട്രിക്കൽ ഇഞ്ചിനീയറെ നിയമിച്ചു. കാര്യങ്ങൾ നല്ല നിലയിൽ പുരോഗമിച്ചു. കുറേക്കഴിഞ്ഞപ്പോൾ ആ സ്ഥാപനവും ഒരു കെടു

LIBRARY ARCHIVES Kerala Legislative Assembly

തിയിൽ പെട്ടു. സിംഗിം ഫേസ് എനർജൈസിംഗ് മീറ്ററുകൾ ഇൻഡ്യയുടെ മറ്റു ഭാഗങ്ങളിൽ കുത്തക മുതലാളിമാരുടെ ആധിപത്യത്തിൽ നടക്കുന്ന ചില ഫാക്ടറികളിൽ നിർമ്മിക്കപ്പെട്ടത് കുറഞ്ഞ വിലയ്ക്ക് മാർക്കറ്റിൽ വരാൻ തുടങ്ങി. നമ്മുടെ സ്ഥാപനം കുഴപ്പത്തിലായി. പക്ഷേ ഈ സ്ഥാപനത്തിന്റെ തലപ്പത്തിരുന്നവർക്ക് സാങ്കേതിക വൈദഗ്ധ്യവും ഭരണപരിചയവും കാമേഴ്സിനു് ആറ്റിറ്റ്യൂഡും ഒക്കെ ഉണ്ടായിരുന്നതുകൊണ്ട്, പോളീഫേസ്ഡ് മീറ്ററുകൾ, സ്റ്റാർട്ടറുകൾ തുടങ്ങി മറ്റ് ഉൽപ്പന്നങ്ങളുണ്ടാക്കുന്നതിലേക്ക് നീങ്ങുകയും സ്ഥാപനത്തെ വീണ്ടും സമൃദ്ധിയിലേയ്ക്ക് നയിക്കുകയും ചെയ്തു. ഇതു സാധിച്ചത് കഴിവുള്ള ഒരു മാനേജുമെന്റ് ഉണ്ടായിരുന്നതുകൊണ്ടാണ്. ഐ.എ.എസ് കാരനോ രാഷ്ട്രീയക്കാരനോ മാനേജുമെന്റിൽ വരുന്നതിൽ ഞാൻ എതിരല്ല. രാഷ്ട്രീയക്കാർ വന്നാലും ശരി ഐ.എ.എസ്. കാരൻ വന്നാലും ശരി അവർക്ക് ചുമതലകൾ നിറവേറ്റുവാനുള്ള കഴിവുകൾ ഉണ്ടായിരിക്കണമെന്നു മാത്രം. ശ്രീ. ടി. കെ. രാമകൃഷ്ണൻ കാലിന്റെ കാര്യം പറഞ്ഞു. കാലു മോശമായാൽ അപകടമാണ്, സമ്മതിച്ചു. സ്വഭാവ ശുദ്ധിയില്ലാത്തവർ ഏതു രംഗത്തുവന്നാലും അപകടമാണ്. അതേ സമയത്ത് കാലിന്റെ ഗുണം മാത്രം നോക്കിയാൽ പോര തലയുടെ ഗുണവും കൂടി നോക്കണമെന്ന് ശക്തിയായ അഭിപ്രായമുണ്ട്. കാലും നന്നായിരിക്കണം, തലയും നന്നായിരിക്കണം. ഈ ബില്ലിൽ ചെയർമാനെ സംബന്ധിച്ചുള്ള വ്യവസ്ഥയിൽ പറയുന്നിടത്ത്, ചെയർമാൻ കാളിഫിക്കേഷൻ പ്രിസ്ക്രൈബ് ചെയ്തിട്ടില്ല. ഞാൻ നേരത്തെ പറഞ്ഞ അടിസ്ഥാനത്തിൽ കാളിഫിക്കേഷൻ പ്രിസ്ക്രൈബ് ചെയ്യണം. സാങ്കേതികമായ യോഗ്യതകൾ കൂടാതെ പത്തു പതിനഞ്ചു വർഷത്തെ പ്രായോഗിക പരിചയവും ഭരണ പരിചയവും ഉണ്ടായിരിക്കണം. നിയമന സമയത്ത് മുപ്പത്തഞ്ചോ, നാൽപതോ വയസ്സിൽ കൂടുതൽ ഉണ്ടായിരിക്കരുതെന്ന് നിബന്ധന ഏർപ്പെടുത്താവുന്നതാണ്. ഈ ബില്ലിൽ പറഞ്ഞിട്ടുള്ളത് 'The Chairman and official members will hold office according to the pleasure of the Government' എന്നാണ്. നിയമിച്ച പിറേറ ദിവസം വേണമെങ്കിൽ ചെയർമാനെയോ ഉദ്യോഗസ്ഥനെയോ ഗവൺമെന്റിനു് നീക്കം ചെയ്യാം. ഇതു വളരെ തെറ്റായ ഒരു കാര്യമാണ്. നമ്മുടെ പൊതുമേഖലാ വ്യവസായ സംരംഭങ്ങൾ പരാജയപ്പെടുന്നതിന്റെ ഒരു കാരണം ഇതു തന്നെയാണ്. ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ ഒരു സ്ഥാപനത്തിന്റെ ചുമതല ഏറ്റെടുത്തുകഴിഞ്ഞാൽ അതിനെപ്പറ്റി പഠിക്കാൻ സമയം വേണം. ന്യായമായ കാലയളവ് കിട്ടണം. ചിലപ്പോൾ 6 മാസം, ഒരു വർഷം രണ്ടുവർഷം ഒക്കെ പഠിച്ച് ഏതാണ്ടൊരു പരുവത്തിലാകുമ്പോൾ ആയിരിക്കും തിരിയെ വിളിക്കുക. ഈ സമ്പ്രദായം ശരിയല്ല. ഇതു കണക്കിലെടുക്കുമ്പോൾ ഈ ബില്ലിൽതന്നെ ഭേദഗതി ആവശ്യമാണ്. ചെയർമാന്റെ കാലാവധി അഞ്ചുവർഷമെങ്കിലും ആയി നിശ്ചയിക്കണം. പൊതുമേഖലാ വ്യവസായ സംരഭങ്ങളിൽ ഭരിക്കാൻ അയയ്ക്കുന്ന ഉദ്യോഗസ്ഥൻമാർക്ക് ഈ മേഖലയിൽത്തന്നെ സ്പെഷ്യലൈസ് ചെയ്യാനും അവിടെ തുടരാനും അവസരം ഉണ്ടാക്കിക്കൊടുക്കേണ്ടതാണ് എന്നുള്ള അഭിപ്രായം കൂടി എനിക്കുണ്ട്. ഇതിനു പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു തത്വമാണ്. അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ നിന്ന് പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് പോകുന്ന ഉദ്യോഗസ്ഥൻമാരെ ആ മേഖലയിൽ തുടരാൻ അനുവദിക്കുകയും നിർബന്ധിക്കുകയും ചെയ്യണം. സർ, ഇതിൽക്കൂടുതലായിട്ട് ഒന്നും പറയാൻ സമയമെടുക്കണമെന്ന് ഞാനാഗ്രഹിക്കുന്നില്ല. ഇത്ര പ്രാധാന്യമുള്ള ഒരു ബില്ല് സെലക്ട് കമ്മിറ്റി പരിശോധിക്കേണ്ടതാണ്. അങ്ങനെ പരിശോധിച്ചതിനുശേഷം ഈ സഭയിൽ കൂലംകഷമായി ചർച്ചചെയ്ത് പാസാക്കി എടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: സർ, സെലക്ട് കമ്മിറ്റിക്കയയ്ക്കണമെന്നുള്ള മോഷനെ ഞാൻ അനുകൂലിക്കുകയാണ്. ഈ ബിൽ ആദ്യം തന്നെ ഓർഡിനൻസായി പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ ബില്ലിൽത്തന്നെ 1970-ലെ രണ്ടാം നമ്പർ ആക്ടായിട്ട് വളരെ അടിയന്തിര പ്രാധാന്യം ഉള്ളതാണ്. ഇതിന് അത്രയധികം പ്രാധാന്യമില്ലെങ്കിലും ഇത് അടിയന്തിരമായും നടപ്പിലാക്കേണ്ടതാണെന്നുള്ളതിനോട് ഞാൻ യോജിക്കുകയാണ്. പക്ഷേ ഇതിനെക്കാളും അടിയന്തിരപ്രാധാന്യമുള്ള പല നിയമങ്ങളും ഈ സഭയുടെ മുമ്പാകെ ഇരിക്കുന്നുണ്ട്. ഏറ്റവും പ്രധാനമാണ് അത്. ഓർഡിനൻസായിത്തന്നെ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു എന്നുള്ള ഒരു അഭിപ്രായപ്രകടനം നമ്മുടെ മുഖ്യമന്ത്രി നടത്തിയിട്ടുണ്ട്. ഇതു വളരെ പ്രാധാന്യമുള്ളതായിട്ട് പരിഗണിച്ചിട്ടുള്ള ഗവൺമെൻറ് ഈ ബില്ലിന് അടിയന്തിരപ്രാധാന്യം കൊടുത്തതു ശരിയാണെന്നും പറയുന്ന പറച്ചിലിൽ എത്രത്തോളം ആത്മാർത്ഥതയുണ്ടെന്നു ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്. കടാശ്വാസബിൽ ഈ രാജ്യത്തുള്ളതായ പാവപ്പെട്ട കൃഷിക്കാർക്ക് ഏറ്റവും ആവശ്യമാണെന്നുള്ളത് ഇതിനു മുമ്പ് തന്നെ ഈ അസംബ്ലിയിൽ പറഞ്ഞിട്ടുള്ളതാണ്. ആ നിലയ്ക്ക് ഇതൊരു പ്രചാരവേലമാത്രം പറയുന്ന ഒരു സംഗതിയാണെന്നു മാത്രമേ എനിക്ക് പറയാനുള്ളൂ. ഈ ബില്ല് പാസാക്കണം. ആർക്കും എതിരഭിപ്രായമില്ല. പാവപ്പെട്ട ആളുകൾക്ക് ആനുകൂല്യം കിട്ടണം. പക്ഷേ അത്രത്തോളം നമ്മൾ ഇതിനെ സംബന്ധിച്ച് ചിന്തിച്ചിട്ടുണ്ടോ. ആത്മാർത്ഥതയെ സംബന്ധിച്ച് ഈ പറയുന്നതിൽ എന്തെങ്കിലും അർത്ഥമുണ്ടോ എന്നു ഞാൻ ചോദിക്കുകയാണ്. എന്നാൽ ഇതൊന്നും തന്നെ ഈ രാജ്യത്തുള്ള ജനങ്ങളുടെ താൽപ്പര്യത്തിനുവേണ്ടി കൊണ്ടുവന്നിട്ടുള്ളതാണെന്ന് ഭരണകക്ഷികൾ വിശ്വസിക്കുന്നുണ്ടെങ്കിൽ അത് അസ്ഥാനത്താണെന്ന് ആദ്യമായി ചൂണ്ടിക്കാണിക്കുകയാണ്.

സർ, ഈ ബിൽ കൊണ്ടുവന്ന അവസരത്തിൽ ഭരണകക്ഷി ഭാഗത്തുനിന്നും പറഞ്ഞതു ഇത് സ്വർഗ്ഗരാജ്യമാക്കിത്തീർക്കാൻ വേണ്ടിയുള്ള ഒരു ബില്ലാണെന്നാണ്. ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത് പാവപ്പെട്ട കർഷകനും പാവപ്പെട്ട തൊഴിലാളികൾക്കും വേണ്ട ആനുകൂല്യങ്ങൾ കൊടുക്കാൻ ആണ്, അവർക്ക് ഒരു പക്ഷേ രണ്ടുമൂന്ന് മാസങ്ങൾക്കുള്ളിൽ അല്ലെങ്കിൽ കൊല്ലങ്ങൾക്കുള്ളിൽ ഈ രാജ്യത്തുള്ളതായ മുഴുവൻ ആളുകൾക്കും വീടുണ്ടാക്കി കൊടുക്കാനുള്ള ഒരു പദ്ധതിയുണ്ടെന്ന് ആരെങ്കിലും പറയുകയാണെങ്കിൽ, പറയാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ, അതിനു ഞാൻ വളരെയധികം വില കർപ്പിക്കുന്നില്ല. കാരണം പ്രത്യേകിച്ചും നമ്മുടെ ഈ കൊച്ചു സംസ്ഥാനത്ത് വീടുകളില്ലാതെയുള്ള ആളുകളാണ് അധികവും. പാവപ്പെട്ട കാർഷികത്തൊഴിലാളികളാണ് അധികവും. അവർക്കു വീടുണ്ടാക്കണമെങ്കിൽ വളരെയധികം സംഖ്യ ആവശ്യമാണ്. ആ സംഖ്യ ഉണ്ടാക്കാനുള്ള ഒരു പദ്ധതി, ആത്മാർത്ഥമായ സമീപനം ഈ ഗവൺമെൻറിൻെറഭാഗത്ത് നിന്ന് ഈ ബിൽ വന്നിട്ടുണ്ടോ എന്ന് പരിശോധിക്കുകയുണ്ടായി. അതില്ലെന്നാണ് എനിക്ക് പറയുവാനുള്ളത്. ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനുണ്ട്, മറ്റുള്ള കാർപ്പറേഷനുകളുണ്ട്. ഇവയിൽ നിന്നും ഗവൺമെൻറിൻെറ മറ്റുള്ള സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം കിട്ടും ഈ രീതിയിലുള്ള ഒരു പ്ലാനോടുകൂടി വീടുണ്ടാക്കാനുള്ള ഒരു ആത്മാർത്ഥമായ സമീപനം ഈ ബില്ലിൽക്കൂടി കാണാൻ വളരെയധികം പ്രയാസമുണ്ട്. ആ പ്രയാസം വച്ച് നോക്കുന്ന അവസരത്തിൽ ഭരണകക്ഷി ഭാഗത്തുനിന്ന് പറഞ്ഞിട്ടുള്ളതായ ആത്മാർത്ഥമായ പാവപ്പെട്ട തൊഴിലാളികളോടുള്ളതായ സ്നേഹം, പ്രേമം, എത്ര ആലോചിച്ചിട്ടും എനിക്ക് മനസ്സിലാക്കാൻ വളരെയധികം പ്രയാസമുണ്ട്. എന്തായാലും സർ, ഈ ബിൽ വളരെവേഗം പാസാക്കണം. അതിന് ആരും എതിരില്ല. പക്ഷേ പാസായതുകൊണ്ട് വലിയ കാര്യമൊന്നും ഉദ്ദേശിക്കുന്നില്ല. അതുണ്ടാകാനും

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നില്ല. കാരണം ഇന്നുതന്നെ ഈ രാജ്യത്ത് വളരെയധികം ഹൗസിംഗ് സൊസൈറ്റികളുണ്ട്. കോഓപ്പറേറ്റീവ് സൊസൈറ്റികളുണ്ട് ഹൗസിംഗ് കോഓപ്പറേറ്റീവ് സൊസൈറ്റികളുണ്ട്. ആ സൊസൈറ്റികൾക്കൊന്നും തന്നെ വേണ്ടത്ര സാമ്പത്തിക സഹായം കിട്ടുന്നില്ല. ആ പരിതഃസ്ഥിതിയിൽ ഇത്രയധികം വൻപിച്ച പ്ലാനോടുകൂടി ഈ രാജ്യത്തെ കാർഷികത്തൊഴിലാളികൾക്കും ഇടത്തരക്കാരനും എല്ലാപേർക്കും ഹൗസ് ഉണ്ടാക്കിക്കൊടുക്കാനുള്ള ഒരു പദ്ധതി വേണ്ടത്ര സാമ്പത്തികമായ ഒരു ആസൂത്രണം ഇല്ലാതെ നടപ്പിലാക്കാൻ കഴിയുമെന്ന ആശ ആർക്കെങ്കിലും ഉണ്ടെങ്കിൽ അത് അടിസ്ഥാനരഹിതമാണ് സർ. കണ്ണൂർ ജില്ലയിലും കോഴിക്കോട് ജില്ലയിലും എല്ലാം ഈ മാതിരിയുള്ള സൊസൈറ്റികളുണ്ട്. ഞാൻ മനസ്സിലാക്കിയിടത്തോളം തളിപ്പറമ്പയിൽ 5 ഏക്കർ സ്ഥലം പ്ലാനിംഗ് ഉണ്ടാക്കാൻവേണ്ടി എടുത്തിട്ട് മൂന്നുനാലു കൊല്ലമായി. ഇതുവരെ യാതൊന്നും നടന്നിട്ടില്ല. ഇതുവരെ ഇതു സംബന്ധിച്ച യാതൊരു സംഗതിയും എടുത്തുകണ്ടിട്ടില്ല. ഇതിനു പ്രധാനമായും പല സംഗതികളുണ്ട്. പ്രധാനമായും ഒരു ഹൗസിംഗ് സ്കീം ഉണ്ടായാൽ അതു പാവപ്പെട്ടവനാണെന്നാണ് പറയുന്നത്. എന്നാൽ 600, 700 രൂപ ഇനിഷ്യലായി ഉണ്ടെങ്കിൽ മാത്രമേ അംഗമാകാൻ ഒക്കുകയുള്ളു. പാവപ്പെട്ടവന് ഇതിനുള്ള സ്ഥിതിവിശേഷം ഇല്ലെന്ന് ആരും സമ്മതിക്കും. അറുനൂറും എഴുനൂറും രൂപയുണ്ടെങ്കിൽ മാത്രമേ അയ്യായിരവും നാലായിരവും രൂപയ്ക്കുള്ള വീടുകൾ കിട്ടാൻ സാധ്യതയുള്ളു. ഇനിഷ്യലായി ഇത്രയും രൂപ കൊടുക്കാൻ, ഇത്രയും സാമ്പത്തിക ഭാരം ഈ രാജ്യത്തെ പാവപ്പെട്ടവന് ഉണ്ടാക്കുമെങ്കിൽ തീർച്ചയായും ഇതു കടലാസിൽ എഴുതിവയ്ക്കാമെന്നല്ലാതെ, കുറെ ആളുകൾക്ക് ഉദ്യോഗം കൊടുക്കുക എന്നുള്ളതല്ലാതെ, കൂടുതലായി പ്രാധാന്യമുണ്ടാകുമെന്നും കിട്ടുമെന്നും ഞാൻ പ്രതീക്ഷിക്കുന്നില്ല. ഇത്തരത്തിലുള്ളതായ പല കോഓപ്പറേറ്റീവ് സൊസൈറ്റികളെ സംബന്ധിച്ചും ഇവിടെ വിവരിക്കുകയുണ്ടായി. എറണാകുളത്തുള്ള ചില സൊസൈറ്റികൾ, പ്രത്യേകിച്ചും ആ രാജ്യത്തുള്ളതായ ഹൗസിംഗ് സൊസൈറ്റികൾ പാവപ്പെട്ട ആളുകൾക്ക് ദോഷം ചെയ്യുന്നു എന്നുവരെ ഇവിടെ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് എനിക്ക് ഈ സഭയുടെ മുൻപാകെ വയ്ക്കാനുള്ളത് ഇതിൽ ആത്മാർത്ഥമായ ഒരു സമീപനം ഭരണകക്ഷി ഭാഗത്തുനിന്നുണ്ടെങ്കിൽ സാമ്പത്തികമായി ഏതു രൂപത്തിൽ ഇത് മുന്നോട്ടുകൊണ്ടുപോകാൻ കഴിയും എന്ന് ആദ്യം ചിന്തിക്കണം പാവപ്പെട്ടവനെ സംരക്ഷിക്കാനുള്ള സംരംഭമാണെങ്കിൽ പാവപ്പെട്ടവന് ചുരുങ്ങിയ ചെലവിൽ വീടുണ്ടാക്കിക്കൊടുക്കാനുള്ള സംരംഭം മറുഭാഗത്തുനിന്നുണ്ടാകണം. അല്ലാതെ എഴുതി വച്ചതുകൊണ്ടു മാത്രം ഫലമില്ല. പല ആക്ടുകളും ഉണ്ടാക്കിയിട്ടുണ്ട്. ആവശ്യമുള്ള ആക്ടുകളൊന്നും നമ്മൾ പാസാക്കുകയുമില്ല. ഇതു പറയുന്നത് നേരത്തേ പറഞ്ഞതുപോലെ ഡെറ്റ് റിലീഫ് ഫണ്ട് പോലെയുള്ള ബില്ലുകൾ ഉള്ളതുകൊണ്ടാണ്. ആവശ്യമുള്ള ബില്ലുകൾ അടിയന്തിരമായി പാസാക്കാതെ ആവശ്യമില്ലാത്തത് ഉണ്ടെന്ന് വിശ്വസിച്ചുകൊണ്ട് അട്ടത്തുവയ്ക്കുവാൻ മാത്രം ഉപയോഗപ്രദമായ ബില്ലുകൾ നാം പാസാക്കുകയാണെങ്കിൽ തീർച്ചയായും പ്രസംഗവേദിയിൽ കയറി ഭരണകക്ഷിയംഗങ്ങൾക്കും മറ്റാളുകൾക്കും പ്രസംഗിക്കാം ഞങ്ങൾ ബില്ലുകളുണ്ടാക്കിയിട്ടുണ്ടെന്ന്.

ശ്രീ. ഇ. ജോൺജേക്കബ്: കഴിഞ്ഞ 32 മാസത്തെ അനുഭവം വച്ചുകൊണ്ടാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്; അതോ രണ്ടുമാസത്തെ അനുഭവം വച്ചുകൊണ്ടാണോ?

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: അത്രയുമധികം ചിന്തപോയിട്ടില്ല. ഇപ്പോൾ ചോദ്യം ചോദിച്ച ആളുകൾ ഭരണകക്ഷിഭാഗത്തായിരിക്കുമ്പോൾ ഇങ്ങനെയെല്ലാം തോന്നും. അതിൽ തെറ്റില്ല. ഏതായാലും ഇത്തരത്തിലുള്ള ബില്ലുകൾ പാസാക്കിയതുകൊണ്ട് പ്രയോജനമില്ലെന്നു പറയാൻ ഞാനാഗ്രഹി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നു. ഇതു പ്രാവർത്തികമാക്കണമെങ്കിൽ ഇന്നയിന്ന കാര്യങ്ങൾ ചെയ്യണമെന്നു വ്യക്തത വേണം. അതു ബില്ലിൽ ഉൾക്കൊള്ളിക്കണം. അതുപോലെ തന്നെ ഈ ബില്ലിലെ ചില ഭാഗങ്ങളിലേയ്ക്ക് ഞാൻ കടക്കുകയാണ്. 'The Board shall consist of the following Members,— ഒരു ചെയർമാൻ ആവശ്യമാണ്. നോൺഒഫിഷ്യൽ മെമ്പേഴ്സും ആവശ്യമാണ് ഒഫിഷ്യൽ മെമ്പേഴ്സും ആവശ്യമാണ്. അതിനൊന്നും യാതൊരു തെറ്റുമില്ല. ഒരു മുൻ പ്രസംഗകൻ പറഞ്ഞ രീതിയിൽ ഇതെല്ലാം തന്നെ ചിലയാളുകൾക്കു വേണ്ടി ചില ഉദ്യോഗങ്ങൾ കൊടുക്കാൻ ഉണ്ടാക്കിയതായ നിയമമാണോ എന്നു സംശയിക്കുന്നു. വീടുണ്ടാക്കുന്നത് പ്രശ്നമല്ല. ബോർഡാണ് വേണ്ടത്. ആ ബോർഡിൽ ഉദ്യോഗസ്ഥൻമാർ ആരായിരിക്കണം? ആ ബോർഡിലെ ഉദ്യോഗസ്ഥൻമാരെ—'a Chairman to be appointed by the Government'—ഭരണകക്ഷി ഭാഗത്തുനിന്നുള്ള, അവർക്കിഷ്ടമുള്ള ആളുകളെ സ്വാഭാവികമായി ഇന്നവർ ചെയ്യുന്നരീതിയിലുള്ളതായ രീതിയിൽതന്നെ ചെയർമാനായി നിശ്ചയിക്കാനുള്ള സാഹചര്യം സൃഷ്ടിക്കാനുള്ള വകുപ്പുകളും ഇതുൾക്കൊള്ളുന്നു എന്നല്ലാതെ കൂടുതലായ പ്രയോജനം ഉണ്ടെന്നു വിശ്വസിക്കാൻ ഈ ഭാഗത്തുള്ള ഞങ്ങളെപ്പോലെയുള്ള ആളുകൾ തയ്യാറില്ല.

ശ്രീ. എം. കെ. ദിവാകരൻ: ചെയർമാനെ അപ്പോയിൻറ് ചെയ്യേണ്ട എന്നാണോ പറയുന്നത്?

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: ഞാൻ പറഞ്ഞത് മനസ്സിലാക്കിയില്ലെങ്കിൽ ഒന്നുകൂടി പറയാം. ഭരണകക്ഷി ഭാഗത്തുള്ള ആളുകൾ ഉദ്ദേശിക്കുന്ന ആളുകളെ ചെയർമാനാക്കാനാണ്. അതിനുള്ള വകുപ്പാണ് കൂട്ടിച്ചേർത്തിട്ടുള്ളത്. ശ്രീ. ഹമീദ് അതിനെപ്പറ്റി സൂചിപ്പിക്കുകയുണ്ടായിട്ടുണ്ട്.

ശ്രീ. എം. കെ. ദിവാകരൻ: സാധാരണ ഒരു ബോർഡ് ഉണ്ടായാൽ അതിന്റെ ചെയർമാനെ നിയമിക്കുന്നത് ഭരിക്കുന്ന കക്ഷിയും മന്ത്രിയും അല്ലേ? അതോ പ്രതിപക്ഷത്തുനിന്നാണോ നിയമിക്കുന്നത്?

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: ഇഷ്ടമുള്ള രാഷ്ട്രീയ പാർട്ടി നേതാക്കൻമാരെ തിരുകിക്കയറ്റാനുള്ള സ്ഥിതിവിശേഷം ഉണ്ടാകുമെന്നാണ് ഞാൻ പറഞ്ഞതിന്റെ അർത്ഥം. മറ്റൊന്നും സാധിക്കുന്നില്ലെങ്കിലും ഒരു ഉദ്യോഗസ്ഥനെ ചെയർമാനാക്കണം. ഒരുദ്യോഗസ്ഥനെ ചെയർമാനാക്കിയാൽ പിന്നെ ഏതു കക്ഷി ഭരിക്കുന്നു എന്നുള്ളത് പ്രശ്നമല്ല. ഒരുദ്യോഗസ്ഥനാണ് ചെയർമാനെങ്കിൽ തീർച്ചയായും അതിൽ അന്യതയധികം അപാകത കാണുകയില്ല. ആ നിലയിൽ അല്ലെങ്കിൽ രാഷ്ട്രീയ പാർട്ടികളുടെ സമ്മർദ്ദത്തിനു വഴങ്ങുക തുടങ്ങിയ പല പ്രശ്നങ്ങളും ഉണ്ടാകും. ഞാൻ ഓർമ്മിപ്പിക്കുകയാണ്, അഞ്ചാറുപാർട്ടികളുള്ളതുകൊണ്ട് അവരിൽ ആർക്കു കൊടുക്കണമെന്നുള്ള പല പ്രശ്നങ്ങളും വരും. അതെല്ലാം ഇല്ലാതാക്കാൻ വേണ്ടി.....

ശ്രീ. കെ. സി. വാമദേവൻ: അനുദ്യോഗസ്ഥ ചെയർമാനു പകരം ഉദ്യോഗസ്ഥ ചെയർമാനാണെങ്കിൽ നിയോജിക്കുമെന്നാണോ?

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: നിയോജിക്കുമെന്നാണ് പറഞ്ഞതിന്റെ അർത്ഥം.

ശ്രീ. ആർ. എസ്. ഉണ്ണി: ഇതു ബഹുമാനപ്പെട്ട മന്ത്രിയുടെ വ്യക്തിപരമായ അഭിപ്രായമാണോ പാർട്ടിയുടെ അഭിപ്രായമാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: ഞാൻ വ്യക്തിപരമായ അഭിപ്രായമാണ് പറഞ്ഞിട്ടുള്ളത്. പ്രത്യേകിച്ച് ഭരണകക്ഷിയിലുള്ള നിങ്ങളെപ്പോലുള്ള ആളുകൾക്ക് വിഷമം സൃഷ്ടിക്കാതിരിക്കാൻ വേണ്ടിപറഞ്ഞതാണ്. ഇപ്പോഴും ആറേഴു പാർട്ടികളുണ്ടെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

ശ്രീ. കെ. സി. വാമദേവൻ: റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽനിന്ന് അനുദ്യോഗസ്ഥ ചെയർമാനെ മാറ്റി ഒരുദ്യോഗസ്ഥനെ നിയമിച്ചപ്പോഴും മുഴങ്ങിക്കേട്ട വാദഗതിയുടെ സ്ഥാനത്ത് ഇപ്പോഴും ഉദ്യോഗസ്ഥ ചെയർമാൻ നല്ലതാണെന്നു പറയുമ്പോഴും സ്വാഭാവികമായും സംശയം വരുന്നതാണ്.

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: വഴങ്ങാതെകണ്ടു ചോദ്യം ചോദിക്കുന്നതു ശരിയല്ല. കുറെ വഴങ്ങിക്കൊടുത്തു. ഉദ്യോഗസ്ഥ ചെയർമാനെ വയ്ക്കുന്നതു ഭരണകക്ഷിക്കു നല്ലതാണ്.

ശ്രീ. കെ. ജി. നീലകണ്ഠൻനമ്പൂതിരിപ്പാട്: അസുഖകരമായ ചോദ്യങ്ങളം വരുമ്പോഴും വഴങ്ങാതിരിക്കാം.

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: ഏതായാലും ഈ ബോർഡിന്റെ ചെയർമാൻ സ്ഥാനത്ത് രാഷ്ട്രീയപരിഗണനയ്ക്ക് വക വച്ചുകൊടുക്കാതെ ഒരുദ്യോഗസ്ഥനെ വിട്ടുകൊടുക്കുന്നത് നന്നായിരിക്കുമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. അതുപോലെതന്നെ 7 ഒഫിഷ്യൽ മെമ്പേഴ്സും 4 നോൺ ഒഫിഷ്യൽ മെമ്പേഴ്സും. നോൺ ഒഫിഷ്യൽ മെമ്പേഴ്സ് എന്നുള്ളത് വർദ്ധിപ്പിക്കണം. ആ നിലയിൽ മറ്റു പല സംഗതികളും ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ഏതായിരുന്നാലും ഇതു മാന്യമായി നടപ്പിലാക്കാൻ ഉദ്ദേശമുണ്ടെങ്കിൽ ഈ പാവപ്പെട്ടയാളുകളുടെ ജീവിതം നന്നാക്കാൻ ഉദ്ദേശമുണ്ടെങ്കിൽ തീർച്ചയായും അതു ആത്മാർത്ഥമായി നടപ്പിലാക്കണം. അതു നടപ്പിലാക്കാൻ വേണ്ട സമീപനം മറുഭാഗത്തുനിന്നും ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അതാണ് ഞാൻ സൂചിപ്പിച്ചിട്ടുള്ളത്. പല വസ്തുതകളും കണക്കിലെടുത്തുകൊണ്ട് ഗവൺമെന്റു ഭാഗത്തുനിന്നും നീക്കമുണ്ടാകുമെന്നും ഇതു സെലക്ടു കമ്മിറ്റിക്ക് അയച്ചുകൊണ്ടു് വേണ്ടവിധത്തിൽ ആവശ്യമായ രൂപത്തിൽ ഭേദഗതികളം വരുത്തി സംപുഷ്ടി വരുത്തി, നന്നാക്കി പാസ്സാക്കാനുള്ള നിർണ്ണായകമായ സമീപനം ഉണ്ടാകുമെന്ന പ്രതീക്ഷയോടുകൂടി ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. ജി. ഗോപിനാഥൻപിള്ള: സർ, ഇതു സെലക്ടുകമ്മിറ്റിക്ക് അയയ്ക്കണമെന്നുള്ളതിനോട് ഞാൻ യോജിക്കുകയാണ്. എന്റെ സ്നേഹിതൻ ശ്രീ. രാഘവപ്പൊതുവാൾ പറയുകയുണ്ടായി ഇതു നടപ്പിലാക്കാനുള്ള ആത്മാർഥതയോടുകൂടിയാണോ കൊണ്ടുവരുന്നതെന്ന്. വാസ്തവത്തിൽ മുൻപ് നമ്മളെല്ലാം കൂടി യോജിച്ച് ഭരിച്ചിട്ട് പല നിയമങ്ങളും കൊണ്ടുവന്നു. അതോടൊപ്പം ഏറ്റവും ജനങ്ങൾക്ക് ആവശ്യമായ ലാൻഡ് റിഫോംസ് ബില്ലും കൊണ്ടുവന്നു. അതു പാസാക്കിക്കൊണ്ടുവന്നു സെൻട്രലിന്റെ അപ്രൂവലും കിട്ടിയശേഷം ഉടൻതന്നെ അതിനെതിരായി സമരം തുടങ്ങിയ ഒരു പാർട്ടിയുടെ വക്താവെന്നുള്ള നിലയിൽ ശ്രീ. പൊതുവാളും മറ്റും പറയുമ്പോഴം, "ഞങ്ങളം കാര്യങ്ങളം നടത്തിയാലേ ശരിയാകുകയുള്ളൂ" എന്നു പ്രതിപക്ഷത്തിരിക്കുന്ന സ്നേഹിതൻമാർ പറയുന്നതുകേൾക്കുമ്പോഴം മുന്തിരിങ്ങ പുളിക്കും എന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. ഏതെങ്കിലും ഒരു നിയമം ഉണ്ടാക്കുകയാണെങ്കിൽ അത് ആത്മാർത്ഥമായി നടപ്പിലാക്കാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമ്മെൻറിന്റെ ആഗ്രഹം മനസ്സിലാക്കിക്കൊണ്ട് ശരിയായ ഒരു സമീപനം മറുഭാഗത്തുനിന്നും ഉണ്ടാകുകയാണെങ്കിൽ തീർച്ചയായും പല നല്ല കാര്യങ്ങളും ചെയ്യാൻ കഴിയും. ലാൻഡ് റിഫോംസ് അമെൻഡ്മെൻറു ബിൽ കൊണ്ടുവന്നു. പിന്നെ ഭക്ഷ്യകാര്യത്തിൽ സ്വയംപര്യാപ്തതയിലേയ്ക്കു പോകുന്നു. അതോടൊപ്പം സ്വന്തമായി ജീവിക്കേണ്ട ഒരന്തരീക്ഷവും ഏകദേശം കരഗതമായികഴിഞ്ഞു. ആ നിലയ്ക്കു തൃപ്തികരമായ ഒരു കിടപ്പാടം ഉണ്ടാക്കേണ്ടതു് അത്യാവശ്യമാണു്. അതിനുള്ള ടൗൺപ്ലാനിംഗ് സ്കീം എല്ലാമുണ്ട്. അതു കൈകാര്യംചെയ്ത ആളുകൾ അതാതു കാലത്തു് തന്നിഷ്ടംപോലെ പ്രവർത്തിച്ചതിന്റെ ഫലമായി അതിൽ അപാകതകളുണ്ട്. പക്ഷേ സാധാരണക്കാരന്റെ ഗുണത്തിനുവേണ്ടി എന്തും ചെയ്യാൻ തയ്യാറായിരിക്കുന്ന പ്രതിപക്ഷാംഗങ്ങൾ പരിപൂർണ്ണമായി സഹകരിക്കുകയാണെങ്കിൽ ഈ ബിൽ നടപ്പിലാകുന്നതുകൊണ്ട് സാധാരണക്കാരായ ആളുകൾക്ക് പല ഗുണങ്ങളും ചെയ്യാൻ കഴിയുമെന്ന വസ്തുത ഒരിക്കലും മറക്കാതിരിക്കണം. ശ്രീ. രാമകൃഷ്ണൻ പറഞ്ഞതുപോലെ ഒരു കെട്ടിടം പണിയുകയാണെങ്കിൽ ഇരുപത്തയ്യായിരം രൂപയിൽ കവിഞ്ഞ കെട്ടിടം ആയിരിക്കരുതെന്ന ഒരു പരിധി വച്ചാൽ കൊള്ളാം. ശ്രീ. ഹമീദ് പറഞ്ഞതുപോലെ ഇന്നയിന്നരീതിയിലായാൽ ഇരുപത്തയ്യായിരം അല്ലെങ്കിൽ അൻപതിനായിരം വേണ്ടിവരുമെന്നുള്ള കണക്കുകൊണ്ടുള്ള കസർത്തുകളൊന്നും പറയാൻ ഞാൻ തയ്യാറില്ല. ഈ അടുത്തകാലത്ത് ചില ഡിസ്ട്രിക്ടുകളിൽ റൂറൽ ഹൗസിംഗ് സ്കീം സെൻട്രൽ ഗവൺമ്മെൻറിന്റെ സഹായത്തോടുകൂടി നടത്തുകയുണ്ടായി. എനിക്കു തന്നെ രണ്ടുമൂന്നു സ്കീം കാണാൻ സാധിച്ചു. രണ്ടേക്കർ വസ്തു 5 സെൻറു വീതമെടുത്ത് 40 കൃഷിക്കാർക്ക് റേറിട്ടു് കൊടുക്കുകയാണു്. ആയിരം രൂപ സഹായധനം കൊടുക്കുന്നത് 20 കൊല്ലംകൊണ്ട് പലിശയില്ലാതെ അടയ്ക്കുക. അവിടെ ഒരു ലൈബ്രറി ഉണ്ടാക്കാനുള്ള സ്ഥലം, കളി സ്ഥലങ്ങലെല്ലാം ഉണ്ടാക്കുന്നുണ്ട്. ഈ തൊഴിലാളികൾ ഭവനമില്ലാത്തവരാണ് ഇതിനായി അവർ ആവേശപൂർവ്വം മുന്നോട്ടിറങ്ങിയതിന്റെ ഫലമായി 40 ചെറിയ കെട്ടിടങ്ങളുടെ ഫൌണ്ടേഷൻ അവരുടെ ഉൽസാഹത്തോടുകൂടി ഉണ്ടായിക്കഴിഞ്ഞു. 16,000 രൂപ സമാഹരിച്ച് കെട്ടിടം വെയ്ക്കാൻ മുന്നോട്ടു വന്നിരിക്കുകയാണു്. അങ്ങനെ കുറഞ്ഞ ചെലവിൽ ലോ ഇൻകം ഗ്രൂപ്പിനു കെട്ടിടം വയ്ക്കാൻ നാം ശ്രമിക്കണം. അതിനു പ്രാപ്തിയുള്ള ഉദ്യോഗസ്ഥൻമാർ നമ്മുക്കുണ്ട്. ഈ നിലയിൽ സാധാരണക്കാരനുവേണ്ടി മുതലക്കണ്ണീർ ഒഴുക്കുന്ന സ്നേഹിതൻമാർ ആത്മാർത്ഥമായി സഹകരിച്ച് മുന്നോട്ടു വരുകയാണെങ്കിൽ നമുക്കൊരുമിച്ച് സാധാരണക്കാർക്കുവേണ്ടി ഈ നിയമം നടപ്പിലാക്കാം അല്ലാതെ ഇതിന് ആത്മാർത്ഥയുണ്ടോ ഡെറ്റ് റിലീഫ് നടപ്പിലാക്കണ്ടേ എന്നു ചോദിച്ചാൽ..... ഈ ഗവൺമ്മെൻറ് അതും ഒരു ഓർഡിനൻസായി പ്രഖ്യാപിക്കാൻ അയച്ചു സർ. പക്ഷേ ബാങ്കിനെ സംബന്ധിച്ച ഒരു അഭിപ്രായവ്യത്യാസം ഉള്ളതുകൊണ്ട് അതു തിരിച്ചയച്ചിരിക്കുകയാണെന്ന് എന്റെ സ്നേഹിതൻമാരെ അറിയിക്കാൻ ഞാനാഗ്രഹിക്കുകയാണു്. മാന്യമായി, ആത്മാർത്ഥതയോടെ എല്ലാ കാര്യങ്ങളും നടത്താൻ ഈ ഗവൺമ്മെൻറ് ശ്രമിക്കുന്നുണ്ട്. അതിനു നിങ്ങളുടെ തടസ്സം ഉണ്ടായിട്ടും ആത്മാർത്ഥത ലേശവും വിടാതെ ഇന്നും നല്ല കാര്യങ്ങൾക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണു്. ഇനിയെങ്കിലും നിങ്ങൾക്ക് നല്ല കാര്യങ്ങളിൽ ആത്മാർത്ഥമായ ഒരു സമീപനരീതി സ്വീകരിച്ചുകൂടേ? ഈ ഹൗസിംഗ് സ്കീം നടപ്പിലാക്കുന്നതുകൊണ്ട് കോഓപ്പറേറ്റീവ് ഹൗസിംഗ് സ്കീമിനെ ബാധിക്കുമെന്നു പറയുകയുണ്ടായി. കോഓപ്പറേറ്റീവ് ഹൗസിംഗ് സ്കീമും മറ്റെല്ലാ സ്കീമുകളും കോഓർഡിനേറ്റുചെയ്തുകൊണ്ടുള്ള, അനുദ്യോഗസ്ഥാംഗങ്ങൾ കൂടുതൽ ഉൾപ്പെട്ട ഒരു ബോർഡായിരിക്കണം ഇതെന്നു ഞാൻ ഈ ഗവൺമ്മെൻറിനോട് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വാമദേവൻ: എങ്ങനെയാണ് കോവാപ്പറേറീവ് ഹൗസിംഗ് ബോർഡുകൂടി ഈ ഹൗസിംഗ് ബോർഡിനകത്ത് ഉൾപ്പെടുത്തുന്നത്?

ശ്രീ. ജി. ഗോപിനാഥൻ പിള്ള: ഇതിൽ കൂടി ഉൾപ്പെടുത്തിക്കൊണ്ടു പോകണമെന്ന് ഞാൻ പറയുകയാണ്. ശ്രീമാൻ എം. കെ. കൃഷ്ണൻ ഇവിടെ പറയുകയുണ്ടായി, പല മന്ത്രിമാരുടെ കീഴിൽ ഈ സ്കീം കിടക്കുകയാണെന്ന് അങ്ങനെ പലരുടെയും നിയന്ത്രണത്തിൽ കിടക്കുന്ന ഈ സ്കീമുകൾ ഒരു മന്ത്രിയുടെ കീഴിൽ കൊണ്ടുവരേണ്ടതായിട്ടുണ്ട്. അങ്ങനെയാണെങ്കിൽ മാത്രമേ ഇതു വിജയപ്രദമായി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

ഇതിന്റെ ചെയർമാന്റെ കാര്യത്തെപ്പറ്റി ഇവിടെ പലതും പറയുകയുണ്ടായി. പ്രായോഗികമായ പരിജ്ഞാനമില്ലാത്ത ആളുകളും ഇതിൽ വന്നതുകൊണ്ട് യാതൊരു കുഴപ്പവുമില്ല. രാഷ്ട്രീയ കക്ഷികളുടെ ആളുകൾ വരുന്നതിനെസംബന്ധിച്ചും പറയുകയുണ്ടായി. പണ്ടുമുതലേ അങ്ങനെ ചെയ്തുവരികയാണ്. എന്നാൽ ട്രാൻസ്പോർട്ടുകോർപ്പറേഷനിൽ ഇപ്പോൾ ഒരു ഉദ്യോഗസ്ഥനെയാണ് വച്ചിരിക്കുന്നത്. അതുകൊണ്ട് ആരെ നിയമിച്ചാലും നല്ല ആളുകളെ വേണം നിയമിക്കാൻ എന്നുള്ള ഒരു നിലപാട് സ്വീകരിക്കണം. നമ്മുടെ സ്നേഹിതൻമാർക്ക് ഇതിൽ അങ്കലാപ്പുണ്ടാകേണ്ട കാര്യമൊന്നുമില്ല. പഴയ ഭീതി ഇനിയും തുടർന്നുകൊണ്ടുപോകേണ്ട കാര്യമില്ല. സാധാരണക്കാർക്കുവേണ്ടി നടപ്പാക്കാനുദ്ദേശിക്കുന്ന ഈ ബില്ല് എത്രയുംവേഗം പാസാക്കിയെടുക്കാൻ എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഈ ബില്ല് അവതരിപ്പിച്ച മന്ത്രിയെ അനുമോദിച്ചുകൊണ്ടും ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. കെ. എ. ശിവരാമഭാരതി: സർ, ഈ ബില്ല് ഒരു ആർഡിനൻസിന്റെ രൂപത്തിൽ ഇവിടെ അവതരിപ്പിച്ചത് ശരിയായില്ല. ആദ്യം ആർഡിനൻസാക്കി പ്രസിദ്ധപ്പെടുത്തിയതിനുശേഷം അത് ഒരു ബില്ലിന്റെ രൂപത്തിൽ ഇവിടെ അവതരിപ്പിച്ചത് ശരിയായില്ലെന്നാണ് എനിക്ക് അതിനെക്കുറിച്ച് ആദ്യമായി പറയാനുള്ളത്. ഇതിന്റെ ഗൗരവം കണക്കിലെടുക്കുമ്പോൾ ഈ നിയമം തീർച്ചയായും സ്വാഗതാർഹമാണ്. ആ നിലയിൽതന്നെ ഞാൻ അതു പരിഗണിക്കാൻ തയ്യാറുമാണ്.

സർ, ഹൗസിംഗ് സ്കീമെന്നു പറയുന്ന പലതരം സ്കീമുകൾ നമ്മുടെ നാട്ടിലുണ്ട്. അത് പല ഡിപ്പാർട്ടുമെൻറുകളുമാണ് കൈകാര്യം ചെയ്തുന്നതെന്നുള്ള വസ്തുത നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. അതെല്ലാം ഏകീകരിക്കുന്നതിനും അതിന്റെ പ്രവർത്തനം വ്യാപകമായി നടപ്പാക്കുന്നതിനും വേണ്ടിയാണ് ഇതുകൊണ്ടുവന്നിരിക്കുന്നത് എന്നുള്ള നിലയിൽ സ്വാഗതാർഹമാണ്. നിശ്ചയമായും ഇത്തരത്തിലുള്ള ഒരു സ്കീം നടപ്പിലാക്കുമ്പോൾ ഉണ്ടാകേണ്ടതായിട്ടുള്ള ഒരു മാറ്റം തീർച്ചയായും നമുക്ക് പ്രതീക്ഷിക്കാം. എന്നാൽ ഇന്ന് സാധാരണയായി ഈ പദ്ധതി നടപ്പാക്കുമ്പോൾ നമുക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുള്ള വസ്തുത ഒരുവിഭാഗം ആളുകൾക്കുമാത്രമാണ് അതുകൊണ്ട് പ്രയോജനമുണ്ടായിട്ടുള്ളത് എന്നാണ്. സമുദായത്തിന്റെ മേലേക്കിടയിലുള്ള സാമ്പത്തികസൗകര്യമുള്ള ആളുകൾക്ക് ഇതിന്റെ ഗുണം മുഴുവൻ കിട്ടുന്നു എന്നുള്ള വസ്തുത നമുക്കു മനസ്സിലാക്കാൻ സാധിക്കണം. സിറ്റി ഇംപ്രൂവ്മെൻറു ട്രസ്റ്റിന്റെ പ്രവർത്തനം വെച്ചുനോക്കുമ്പോൾ അതുപോലെതന്നെ മറ്റു പല സ്കീമുകളുടേയും വച്ചു നോക്കുമ്പോൾ അതു കുറെയെല്ലാം സാധിച്ചെടുക്കാൻ കഴിവുള്ള ആളുകൾക്കാണ് അതിന്റെ പ്രയോജനം കിട്ടിയിട്ടുള്ളത് എന്നു മനസ്സിലാക്കാൻ സാധിക്കും. അതിൽനിന്നും വ്യത്യസ്തമായ ഒരു ചിത്രം വരച്ചുകാണിക്കാൻ നമുക്കു സാധിച്ചാൽ അത് ഒരു വലിയ നേട്ടമായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ഈ ബില്ലുകൊണ്ട് അതിനു സാധിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. കർഷകതൊഴിലാളികളും മറ്റുതൊഴിലാളികളും താമസിക്കുന്ന സ്ഥലങ്ങളിൽ ഇത്തരത്തിലുള്ള ഒരു സ്കീം നടപ്പിലാക്കേണ്ടത് ഏറ്റവും ആവശ്യമാണ്. ഈ മാതിരിയുള്ള നിയമങ്ങൾ നടപ്പാക്കുമ്പോൾ ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വ്യത്യാസം പരിഗണിച്ച് അതിന് ഒരു ശതമാനത്തോതുതന്നെ നിശ്ചയിച്ചുകൊണ്ട് ഇത്രശതമാനം ഉള്ളവർക്ക്, ഇത്രശതമാനം ഇല്ലാത്തവർക്ക് എന്നു പറയണം. വീടുപണിതാൽ ഇത്രശതമാനം ഉള്ളവർക്ക്, ഇത്രശതമാനം ഇല്ലാത്തവർക്ക് എന്നുള്ളനിലയിൽ ഒരു ശതമാനത്തോതു നിശ്ചയിച്ച് ഈ നിയമം നടപ്പാക്കണം. അങ്ങനെയാണെങ്കിൽ നല്ലനിലയിൽ ഇതു പുരോഗമിക്കുമെന്നാണ് എനിക്കു പറയാനുള്ളത്. ഞാൻ ഇതു പറയുന്നത് സിറ്റി ഇംപ്രൂവ്മെൻറ്ട്രസ്റ്റിൻെറയും മറ്റും അനുഭവം വെച്ചുകൊണ്ടാണ്. മുന്നൂറുരൂപ നാനൂറുരൂപാ വരുമാനമുള്ള ആളുകൾക്ക് ആകെ പണിയുന്ന വീടുകളിൽ ഇത്രശതമാനം എന്നുവച്ചാൽ ആ മാതിരിയുള്ള ആളുകൾക്ക് അത്രയുംകിട്ടിയെന്നു വിചാരിക്കാൻ കഴിയും. അതുപോലെതന്നെ കുറെകൂടി വരുമാനമുള്ള ആളുകൾക്ക് ഇത്രശതമാനം വീടുകൾ പണിയുമ്പോൾ കിട്ടുമെന്ന് ഉറപ്പുവരുത്തിയാൽ ഇന്നത്തെ നിലയിൽ മാറ്റംവരുത്താൻ തീർച്ചയായും നമുക്കു സാധിക്കും. ഒറ്റയടിക്ക് ഈ ഗവൺമെൻറല്ല ഏതുഗവൺമെൻറു വന്നാലും ഈ പ്രശ്നം, ഈ ഹൗസിംഗ് പ്രോബ്ലം പരിഹരിക്കാൻ സാധിക്കുകയില്ല. അതിന് എത്രാണ്ട് നൂറുക്കണക്കിനു കോടി രൂപാ വേണ്ടിവരും. കഴിഞ്ഞ പദ്ധതിച്ചെലവുകളുടെ ഒക്കെ കണക്കു വെച്ചുനോക്കുമ്പോൾ ഈ പദ്ധതികൾ കൊണ്ടുമാത്രം ഈ കാര്യങ്ങൾക്ക് എല്ലാം ഒരു പ്രതിവിധി കണ്ടുപിടിക്കാൻ സാധിക്കുകയില്ലെന്ന് മനസ്സിലാക്കാൻ സാധിക്കും. പക്ഷേ, ആ അടിസ്ഥാനത്തിലല്ല നാം നോക്കേണ്ടത്. ഇത് കാര്യക്ഷമമായി നടപ്പാക്കാൻ കഴിയുമോയെന്ന് നമുക്കുനോക്കണം.

സർ, ശ്രീമാൻ ഹമീദ് ഇവിടെ ചൂണ്ടിക്കാണിച്ച അഭിപ്രായം സ്വാഗതാർഹമാണ്. കാരണം ഭൂമിക്കുവേണ്ടി പിടിച്ചുപറി നടക്കുന്ന കാലമാണ് ഇത്. ഭൂമിക്കുള്ള ദാഹം വളരെ കൂടുതലാണ്. ആ സ്ഥിതിക്ക് ഭാവിയിൽ ഉണ്ടാക്കുന്ന വീടുകളെസംബന്ധിച്ചിടത്തോളം നമുക്ക് ഒരു പുതിയ മാതൃകകണ്ടുപിടിക്കാൻ കഴിയണം. എനിക്കുമനസ്സിലാക്കാൻസാധിച്ചിടത്തോളം മദിരാശി ഗവൺമെൻറ് ഇതുമാതിരിയുള്ള ലോ ഇൻകം ഗ്രൂപ്പിനുള്ള റൂറൽ ഹൗസിംഗ് സ്കീമിൽ നാലും അഞ്ചും നിലകളുള്ള കെട്ടിടങ്ങൾ പണിതതായിട്ടാണു് എനിക്കു കാണാൻ സാധിച്ചത്. ആ നിലയിലുള്ള കെട്ടിടങ്ങൾ പണിതുവരുമ്പോൾ വളരെയധികം ആളുകൾക്ക് അവിടെ താമസിക്കുന്നതിന് സൗകര്യമുണ്ടാകും എന്നുള്ളതിനേക്കാൾ വളരെയധികം ഭൂമി ഈ ആവശ്യത്തിനുവേണ്ടി ചെലവഴിക്കാതെ കഴിയാനും സാധിക്കും. അതുകൊണ്ടു് ഭൂമിക്ക് വളരെയധികം ബുദ്ധിമുട്ടുള്ള അല്ലെങ്കിൽ ഭൂമി വളരെകുറവുള്ള നമ്മുടെ സംസ്ഥാനത്തെസംബന്ധിച്ചിടത്തോളം വീടുകൾ പണിയുമ്പോൾ അത് ആകാശത്തിലേയ്ക്ക് ഉയർത്തിക്കെട്ടുകയെന്നുള്ള നടപടി സ്വീകരിക്കുന്നത് നല്ലതാണ്. അത്തരത്തിലുള്ള ഒരു പ്രത്യേകനടപടിക്രമം തീർച്ചയായിട്ടും ഈ ഹൗസിംഗ് സ്കീം നടപ്പാക്കുന്ന അവസരത്തിൽ ഗവൺമെൻറിനു് ഉണ്ടായിരിക്കണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

മറെറാന്ന്, ഇങ്ങനെ കെട്ടിടം കെട്ടുമ്പോൾ ചില ആളുകൾക്ക് പലവഴിക്കും പണം കിട്ടുന്നുണ്ട്. പല രീതിയിലും കിട്ടുന്ന ആ പണം ചെലവഴിക്കാൻ മാർഗ്ഗമില്ലാതെ ബുദ്ധിമുട്ടുന്നവരുമുണ്ട്. അങ്ങനെയുള്ളവർ അപ്പോൾ അതിൽ കുറച്ച് കെട്ടിടത്തിനുവേണ്ടി ചെലവാക്കുന്ന സംപ്രദായവും സ്വീകരിച്ചിട്ടുണ്ട്. കള്ളപ്പണവും മറ്റും ഈ നിലയിൽ വളരെയധികം

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിക്കുന്നുണ്ട്. ഇതിന് ഒരു തടസ്സം, വിരാമം, ഇടുന്നതിന് ഇത്രരൂപയിൽ കൂടുതൽ ചെലവുവരുന്ന കെട്ടിടങ്ങളും നിർമ്മിക്കാൻ പാടില്ലെന്നു പറഞ്ഞ് ഒരു പരിധി നിശ്ചയിക്കുന്നതു കൊള്ളാം. നീണ്ട നാളുകളായി ജനങ്ങളുടെ ഇടയിൽ ഈ കാര്യത്തിൽ നിലനിന്നുവരുന്ന ഉച്ചനീചത്വം കുറയ്ക്കുന്നതിനും ഇതു വഴി തെളിക്കും. ഏറ്റവും ഉയർന്നവനും ഏറ്റവും താണവനും തമ്മിലുള്ള ഇന്നത്തെ അകൽച്ചയ്ക്ക് ഇതുമൂലം ഒരു മാറ്റം വരുത്താനും സാധിക്കും. അതുകൊണ്ട് സംഖ്യ ചെലവഴിക്കുന്നതിനെ സംബന്ധിച്ച് ഒരു പരിധി നിശ്ചയിക്കുക. അത് കുറേക്കൂടി സ്വാഗതാർഹമാണ്. ആ കാര്യം തീർച്ചയായും പരിഗണനയിലെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ചെയർമാനെ സംബന്ധിച്ചിടത്തോളം വളരെയധികം അഭിപ്രായങ്ങൾ ഇവിടെ ഉണ്ടായിട്ടുണ്ട്. ചെയർമാനെ സംബന്ധിച്ചിടത്തോളം, അദ്ദേഹം ഒരു എൻജിനീയറായിരിക്കണമോ എഞ്ചിനീയറല്ലാതിരിക്കണമോ എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം, ഒരു വാദപ്രതിവാദത്തിന്റെ ആവശ്യമുണ്ടെന്ന് എനിക്കു തോന്നുന്നില്ല. ഒരിക്കലും ഇത്തരത്തിലുള്ള ആളുകൾ എഞ്ചിനിയറൻമാരോ ഉദ്യോഗസ്ഥൻമാരോ ആയിരിക്കരുതെന്നാണ് എന്റെ അഭിപ്രായം. ഇതെല്ലാം കുറേക്കൂടി ജനകീയമായിട്ടു കാണാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. ജനങ്ങളിൽനിന്ന് ആവേശമുൾക്കൊള്ളാൻ കഴിവുള്ള ആളുകളായിരിക്കണം, പൊതുപ്രവർത്തനരംഗത്ത് പരിചയമുള്ള ആളുകളായിരിക്കണം. അതിനുപുറമേ ഈ കാര്യങ്ങളെസംബന്ധിച്ചിടത്തോളം അറിവും ബോധവുമുള്ള ആളുകളായിരിക്കണം. അങ്ങനെയുള്ള ആളുകളെ തെരഞ്ഞെടുക്കുന്നതിൽ യാതൊരു അപാകതയും ഇല്ലെന്നാണ് എന്റെ അഭിപ്രായം. വൈദഗ്ദ്ധ്യമുള്ള ആളുകളും തീർച്ചയായും ആവശ്യമാണ്. അതിന് സർക്കാർ എഞ്ചിനീയറൻമാരെയും വൈദഗ്ദ്ധ്യമുള്ള ആളുകളെയും ഈ ബോർഡിലേയ്ക്ക് നോമിനേറ്റുചെയ്യുന്നത് നല്ലതാണ്. ചെയർമാൻ തീർച്ചയായും പൊതുജനങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നയാളും അവരുടെ വികാരങ്ങൾ പ്രതിഫലിപ്പിക്കുന്നയാളുമായിരിക്കണം. ചെയർമാന്റെയും മറ്റും കാലാവധിയെ സംബന്ധിച്ചിടത്തോളം ഇതിൽ പറഞ്ഞിരിക്കുന്നത് ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. ഇവരെ എപ്പോൾ വേണ്ടന്നുതോന്നുന്നോ അപ്പോൾ വേണ്ടെന്നുവെയ്ക്കാമെന്നുള്ള വ്യവസ്ഥ തീർച്ചയായും കാര്യക്ഷമതയെ ബാധിക്കും. അതുകൊണ്ട് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഒരു ക്ലിപ്ത കാലാവധി വയ്ക്കുന്നത് സ്വാഗതാർഹമാണ്. ആ അടിസ്ഥാനത്തിൽ ചിന്തിക്കണമെന്നാണ് എന്റെ അഭിപ്രായം. ഔദ്യോഗിക അംഗങ്ങളേക്കാൾ അനൗദ്യോഗിക അംഗങ്ങൾ കുറഞ്ഞുപോവുകയെന്നുള്ളത് ഒരിക്കലും അംഗീകരിക്കാൻ സാധ്യമല്ല. ഇതുപോലുള്ള പരിപാടികൾ നടപ്പിലാക്കുമ്പോൾ പൊതുജനങ്ങൾ ആഗ്രഹിക്കുന്നതുപോലെ ഇരിക്കണമെന്നുണ്ടെങ്കിൽ അവരുടെ പ്രതിനിധികളടങ്ങുന്ന ഒരു സമിതിതന്നെയായിരിക്കണം ഇതിന്റെ മേൽനോട്ടം വഹിക്കേണ്ടത്. അതുകൊണ്ട് ബോർഡിൽ ഉദ്യോഗസ്ഥൻമാരുടെ എണ്ണം വർദ്ധിപ്പിക്കുകയും അനൗദ്യോഗസ്ഥൻമാരുടെ എണ്ണം കുറയ്ക്കുകയും ചെയ്യരുത്. അനൗദ്യോഗിക അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കണം. അതല്ലെങ്കിൽ സമമെങ്കിലുമാക്കണം. ആ ഒരു നിലപാട് തീർച്ചയായും ഉണ്ടാകണം. അതുകൊണ്ട ഇതിനെസംബന്ധിച്ചിടത്തോളമുള്ള ഈ ബില്ലിലെ വ്യവസ്ഥയോട് യാതൊരു കാരണവശാലും എനിക്ക് യോജിക്കാൻ കഴിയുകയില്ല.

മറ്റു പലകാര്യങ്ങളിലുമെന്നപോലെതന്നെ നേരത്തെ ഞാൻ സൂചിപ്പിച്ച ഒരുകാര്യം ഒന്നുകൂടി സ്പ്രസ്സുചെയ്തു പറയണമെന്ന് ഞാൻ വിചാരിക്കുകയാണ്. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ വീടുകളും കെട്ടിക്കൊടു

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നതിനുള്ള ഒരു നടപടി ഉണ്ടാകണം. ഇൻകംടാക്സ് കൊടുക്കുന്ന ആളുകളുണ്ട്. ഇൻകം ടാക്സ് കൊടുക്കുന്ന ആളുകളുടെ വരുമാനം നമുക്കറിയാം. അങ്ങനെയുള്ള ആളുകളുടെ കാര്യമെങ്കിലും കണക്കിലെടുക്കണം. ഇൻകം ടാക്സ് കൊടുക്കുന്നവരല്ലാത്തവരുടെ വരുമാനം കണക്കാക്കുന്നതിനുള്ളള മെഷീനറികൂടി ഇന്ന് നമ്മുടെ രാജ്യത്തുണ്ട്. ഏതായാലും ഒരു പരിധി ഈ കാര്യത്തിൽ ആവശ്യമാണ്. അതിന് ഒരു ശതമാനത്തോതു് തീർച്ചയായും നിശ്ചയിക്കണം. ആ അടിസ്ഥാനത്തിൽ ഒരു പ്രത്യേക കാഴ്ചപ്പാടുണ്ടാകണമെന്നുമാത്രമേ ഈ വൈകിയവേളയിൽ പറയാൻ ഞാൻ ഉദ്ദേശിക്കുന്നുള്ളു. സർ, ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: സർ, വളരെ ദീർഘമായിട്ട് സംസാരിക്കണമെന്ന് ഉദ്ദേശിച്ചിരുന്നില്ല. പക്ഷേ ചർച്ചകൾ കേട്ടപ്പോൾ ഈ പ്രധാന പ്രശ്നത്തിൽ നിന്ന് ശ്രദ്ധ ചില്ലറ കാര്യങ്ങളിലേയ്ക്ക് മാറിപ്പോകുന്നില്ലേയെന്ന സംശയം കൊണ്ടാണ് ഞാൻ സംസാരിക്കാൻ ഉദ്ദേശിക്കുന്നത്. 32 മാസത്തിനുമുൻപ് മാത്രമല്ല പത്തിരുപതു വർഷങ്ങളായി മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഹൗസിംഗിന്റെ കാര്യത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന ഒരു സംസ്ഥാനമാണ് നമ്മുടേതെന്ന വസ്തുത നാം വിസ്മരിക്കരുത്. അതിന് ഏറ്റവും പ്രധാന തടസ്സമായി നിൽക്കുന്ന ഒരു കാര്യം ഫൈനാൻസ് തന്നെയാണ്. ഗവൺമെന്റിന്റെ റവന്യൂ വരുമാനത്തിൽ നിന്നും ഹൗസിംഗിനു വേണ്ട പണമുണ്ടാക്കി ഇത്രയേറെ പ്രധാനപ്പെട്ട പ്രശ്നമായ ഇതിന് ഗവൺമെന്റിനു മാത്രം പരിഹാരമുണ്ടാക്കാൻ കഴിയുമെന്ന് ആരും വാദിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ആ സാഹചര്യത്തിൽ ഏതടിസ്ഥാനത്തിൽ നമ്മൾ പ്രവർത്തിച്ചാലാണ് ഹൗസിംഗിന്റെ കാര്യത്തിൽ കൂടുതൽ പണം സംഭരിക്കാൻ കഴിയുകയെന്നുള്ള കാര്യം ആലോചിക്കണം. അങ്ങനെ ആലോചിക്കുമ്പോൾ ഇതുപോലുള്ള ഒരു ബോർഡുണ്ടെന്നുവരികിൽ മറ്റു സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും കടമെടുക്കുന്നതിനും നാം ആഗ്രഹിക്കുന്ന രീതിയിൽ അംഗീകരിച്ചിട്ടുള്ള നടപടികൾ നീക്കുന്നതിനും ഉള്ള സാഹചര്യം സൃഷ്ടിക്കുന്നതിനും കഴിയും. അതാണ് ഏറ്റവും പ്രധാനപ്പെട്ടതായ ഈ ബില്ലിന്റെ ഉദ്ദേശം. അതുകൊണ്ട് ഈ കാര്യങ്ങൾ നാം വിസ്മരിക്കരുത്. കഴിഞ്ഞകാലത്തെ പരാജയത്തിന്റെ ഒരു പ്രധാനകാരണം കോടിക്കണക്കിന് രൂപാ മറ്റു സംസ്ഥാനങ്ങൾ കടമായി വാങ്ങി വീടുകൾ പണിയുന്നതിനുവേണ്ടി ഉപയോഗിച്ചിരുന്ന സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനത്തിന് അതു കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഈ ബോർഡ് ഉണ്ടാക്കണം. അതു കഴിയുന്നതും വേഗം ഉണ്ടാക്കുകയും അതിനു വേണ്ടിയുള്ള മറ്റു കാര്യങ്ങൾ ശ്രദ്ധിക്കുകയും വേണം.

രണ്ടാമത് ബോർഡിന്റെ കാമ്പോസിഷനെ സംബന്ധിച്ച് പ്രധാനമായിട്ടുള്ള തർക്കം വന്നിരിക്കുന്നത് ചെയർമാന്റെ കാര്യത്തിലാണ്. അതും ഈ പറഞ്ഞതുപോലെ നമ്മുടെ ഈ ജനാധിപത്യ സംപ്രദായത്തിനുവേണ്ട ചില കാര്യങ്ങൾ രാഷ്ട്രീയവൈരാഗ്യംകൊണ്ട് വിസ്മരിച്ചുപോകുന്നുണ്ട്. നമ്മൾ പഞ്ചായത്ത് രാജ് ബില്ലായാലും മറ്റ് ഏതു കാര്യത്തിനായാലും പൊതുജന പ്രാതിനിധ്യം ഭരണപരമായ എല്ലാ രംഗങ്ങളിലും പ്രതിഫലിപ്പിക്കുന്നതിനു വേണ്ടിയുള്ള സമീപനമാണ് ശരിയെന്ന് പൊതുവേ അംഗീകരിക്കാറുണ്ട്. അതു ശരിയാണെങ്കിൽ ഇത്തരം ബോർഡിൽ ജനങ്ങളുടെ പ്രതിനിധികൾക്ക് അല്ലെങ്കിൽ അനുദ്യോഗസ്ഥൻമാർക്ക് പ്രാതിനിധ്യം കൊടുത്തിരിക്കേണ്ടതു് ആവശ്യമാണ്.

ശ്രീ. ടി. കെ. കൃഷ്ണൻ: ആ വാദം അംഗീകരിക്കുന്ന അങ്ങ് അടക്കമുള്ള ഭരണകക്ഷി ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ അനുദ്യോഗസ്ഥ മെമ്പറെ മാറി ഒരു ഉദ്യോഗസ്ഥനെ നിയമിക്കാൻ വല്ല കാരണവുമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ആ സംഘടനയിൽ അന്നു നിലവിലിരുന്ന പ്രത്യേക സാഹചര്യത്തിൽ അങ്ങനെയൊരു നിയമനം നടത്തിയതാണ്. അല്ലാതെ അനുദ്യോഗസ്ഥൻമാരെ ഇത്തരം കോർപ്പറേഷനുകളുടെ ചെയർമാൻമാരാക്കരുത് എന്നുള്ള പൊതുനയത്തിന്റെ ഭാഗമായിട്ടല്ല. അതും കാലാന്തരത്തിൽ പുന:പരിശോധിക്കാവുന്നതുമാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അങ്ങുതന്നെ സ്വൽപം മുമ്പ് പറഞ്ഞു എന്തുകൊണ്ട് ഇങ്ങനെയുള്ള കാര്യങ്ങൾ ആകാൻ പാടില്ലെന്ന്. അതിനെതിരല്ലേ ഈ നടപടി?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അതു രാഷ്ട്രീയവൈരാഗ്യമല്ലെന്നുള്ളതിന്റെ എത്രയോ തെളിവുകൾ ഈ സഭയിൽ ചർച്ച ചെയ്തതാണ്. അതുകൊണ്ട് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നടന്ന ചില സംഭവങ്ങൾ വാർത്തകൾക്കുള്ള പ്രചരണം എന്നല്ലാതെ ഭരണകക്ഷിയുടെ ഒരു നയം ഇത്തരം സ്ഥാപനങ്ങളിലൊക്കെ.....

ശ്രീ. എം. കെ. എ. ഹമീദ്: സർ, ഒരു ചോദ്യം.....

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: വഴങ്ങാനുള്ള സമ്മതമുണ്ടെന്നു വച്ച് എപ്പോഴും ഇങ്ങനെ വഴങ്ങിക്കുന്നതെന്തിനാണ്?

ശ്രീ. എം. കെ. എ. ഹമീദ്: ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ പല പരാതികളും ഉണ്ടായിട്ടുണ്ടെന്നുള്ളത് ശരിയാണ്. മറ്റു കോർപ്പറേഷനുകളിലും ധാരാളം പരാതികളും ഉണ്ടായിട്ടുണ്ടല്ലോ. അപ്പോൾ അവയിലെ ചെയർമാൻമാരെയും മാറേണ്ടതല്ലേ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അതു ഞാൻ നിഷേധിക്കുന്നു. ഇതൊക്കെത്തന്നെ രാഷ്ട്രീയപരിഗണന വച്ചുകൊണ്ട് ചോദിക്കുന്ന ചോദ്യങ്ങളാണ്.

ശ്രീ. എസ്. ദാമോദരൻ: ട്രാൻസ്പോർട്ടിലെ ആ കാര്യവും പുനരാലോചനയ്ക്ക് വിധേയമാക്കാവുന്നതാണ് എന്നു സൂചിപ്പിച്ചതിൽ നിന്നും ആ ഉദ്യോഗസ്ഥനെ ചെയർമാൻ സ്ഥാനത്തുനിന്നു മാറ്റി ഭരണകക്ഷിയുടെ ആളിനെ വയ്ക്കാൻ ഉദ്ദേശമുണ്ടെന്ന് വിശ്വസിക്കാമോ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അതു നിങ്ങൾക്ക് നിങ്ങളുടെ ഭാവനാവിലാസം പോലെ വ്യാഖ്യാനിക്കാം. അതു ജനാധിപത്യത്തിൽ അനുവദിച്ചിട്ടുള്ളതാണ്. ഇപ്പോൾ അതല്ല പ്രശ്നം. ചർച്ച വരുമ്പോഴൊക്കെ രാഷ്ട്രീയപരിഗണനവച്ചുകൊണ്ട് ആ ഭാഗത്തുള്ളവർക്ക് ഈ ഭാഗത്തുള്ളവരെ കുറ്റപ്പെടുത്താൻ കഴിയുമെങ്കിൽ ഞങ്ങൾക്ക് നിങ്ങളേയും കുറ്റപ്പെടുത്താൻ കഴിയും. അതിന്റെ പേരിലും മൗലികമായ ചില കാര്യങ്ങൾ മറന്നുപോകുന്നു. ഈ കഴിഞ്ഞ ചില വർഷങ്ങളായി പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിച്ചതിന്റെ അനുഭവത്തിൽനിന്ന് നിശ്ചയമായിട്ടും അനുദ്യോഗസ്ഥൻമാരായ ചെയർമാൻമാർ തീർച്ചയായിട്ടും സഹായകമാണെന്നുള്ള പൊതു അഭിപ്രായമാണ് ഇൻഡ്യയിലൊട്ടാകെ വന്നിട്ടുള്ളത്. അപ്പോൾ അതിനകത്ത് നിന്നുകൊണ്ട് നാം തമ്മിലുള്ള ഗുസ്തി നടത്തണം. ഈ മൗലികമായ കാര്യം വിസ്മരിച്ച് നടത്തരുതെന്നു മാത്രമേ ഞാൻ പറഞ്ഞതിനർത്ഥമുള്ളൂ. മൂന്നാമത് ബില്ല് പാസാകുന്നതോടുകൂടി ഹൗസിംഗിനെ സംബന്ധിച്ചുള്ള എല്ലാ പ്രശ്നങ്ങളും പരിഹൃതമാകുമെന്നുള്ള ധാരണയോടുകൂടി സംസാരിക്കുന്നതു ശരിയല്ല

LIBRARY ARCHIVES Kerala Legislative Assembly

നമ്മെ സംബന്ധിച്ചിടത്തോളം ഇവിടെ ടെർമിനോളജി വേണമോ ബ്യൂറോക്രസി വേണമോ എന്നുള്ള തർക്കത്തിനൊന്നും ഞാൻ മുതിരുന്നില്ല. എന്റെ അനുഭവം വച്ച് പറയുകയാണെങ്കിൽ ചില ആളുകളും ചില കാര്യങ്ങളിൽ കൊള്ളാം. നല്ല എഞ്ചിനീയർമാർ, ഭരണശേഷിയുള്ള എഞ്ചിനീയർമാർ ഉണ്ട്. ഉദാഹരണത്തിന്——ഞാൻ മുഖസ്തുതിയായി പറയുകയൊന്നുമല്ല——നമ്മുടെ ബഹുമാനപ്പെട്ട മെമ്പർ ഹമീദ് വളരെ ഭരണശേഷിയുള്ള ഒരു എഞ്ചിനീയറാണ്, പ്രിൻസിപ്പളായിട്ടാണ് എഞ്ചിനീയറിംഗ് കോളേജിൽ പ്രവർത്തിച്ചിരുന്നത്. എഞ്ചിനീയർമാർ ആയതുകൊണ്ട് ഭരണശേഷി നഷ്ടപ്പെടണമെന്നില്ല. അതു പോലെ ടെക്നിക്കലായ കാര്യങ്ങളും ഉൾക്കൊള്ളുന്ന സംരംഭത്തിൽ സാങ്കേതിക വിജ്ഞാനമില്ലാത്ത ഒരാളായാൽ ഭരണം നേരെ നടക്കുകയില്ലെന്നുള്ള അഭിപ്രായവും ശരിയല്ല. ഇതൊക്കെ നാം ചൂസ് ചെയ്യുന്ന ആളിന്റെ പ്രാപ്തി അനുസരിച്ചിരിക്കും. അതുകൊണ്ട് ഒരു കാര്യം ഏൽപിച്ചാൽ അതു നടത്താൻ കൊള്ളാവുന്ന ആളായിരിക്കണമെന്നുള്ള കാര്യത്തിൽ ശ്രദ്ധിക്കുകയും ബാക്കി കാര്യങ്ങളിൽ തീർച്ചയായും പരിഗണന കൊടുക്കുകയും ചെയ്യണം. രാഷ്ട്രീയ കാര്യത്തിൽപോലും അതാണു ഞാൻ പറയുന്നത്. അങ്ങനെ ഒരാളിന് ഒരു ജോലി കൊടുക്കുമ്പോൾ ഏൽപിക്കുന്ന ജോലി നടത്താൻ പ്രാപ്തിയുണ്ടോ, കഴിഞ്ഞ കാലത്തെ അദ്ദേഹത്തിന്റെ ചരിത്രം കൊണ്ട് ആ കാര്യത്തിൽ നമുക്ക് ഉറപ്പിക്കാമോ എന്നുള്ള കാര്യവും കൂടി പരിഗണിക്കണം. ഒരു ഭരണകർക്ഷി ഒരു സ്ഥാപനത്തിൽ ഒരാളിനെ ചെയർമാനായി വയ്ക്കുമ്പോൾ ആ ഭരണകർക്ഷിയുടെ നയം ആത്മാർത്ഥമായി നടപ്പാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് വയ്ക്കുന്നത്. അതിനെ പൊളിക്കണമെന്നുള്ള ഒരാളിനെ ചെയർമാനായി വയ്ക്കുമോ? അങ്ങനെ പൊതു മേഖലാ സ്ഥാപനങ്ങൾ കൂടുതൽ കൂടുതലായി ഉണ്ടാവുകയും അതിന്റെ നേതൃത്വം കൊടുക്കേണ്ട ഉത്തരവാദിത്വം ഗവൺമെന്റിനു വരികയും ചെയ്യുന്ന ഒരു കാലഘട്ടത്തിൽ നാം തമ്മിലുള്ള വൈരാഗ്യത്തിന്റെ പുറത്ത് പൊതുവായി അംഗീകരിക്കേണ്ട തത്വങ്ങൾ വിസ്മരിച്ചുകളയരുത് എന്നുമാത്രമാണ് ഞാൻ പറഞ്ഞതിന്റെ ചുരുക്കം. അല്ലാതെ ആർക്കും എതിരായിട്ട് പറയുകയല്ല. ഇപ്പോൾ ഇവിടെ ഹൗസിംഗിനെ സംബന്ധിച്ചിടത്തോളം പറഞ്ഞത് ഇൻഡസ്ട്രിയൽ ലേബറേഴ്സ് ഹൗസിംഗിനെ സംബന്ധിച്ചാണ്. അക്കാര്യത്തിൽ നാം പിന്നിലാണ്. അഗ്രിക്കൾച്ചറൽ വർക്കേഴ്സിന്റെ കാര്യമാണ് അടുത്തത്. അപ്പോൾ ഒരു പാട് കാര്യങ്ങൾ ഈ ഹൗസിംഗ് രംഗത്ത് നമുക്ക് ചെയ്യാനുണ്ട്. അതൊക്കെ ഫലപ്രദമായി ചെയ്യാൻ കഴിയുന്ന ഒരു ബോഡിയായി ഹൗസിംഗ് ബോർഡിന് രൂപംകൊടുക്കുകയും ആ രീതിയിൽ അതിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ എല്ലാ ഭാഗത്തുമുള്ള സഹായങ്ങൾ വേണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. ഇതിൽ തീർച്ചയായും മുൻഗണന അർഹിക്കുന്നത് നമ്മുടെ നാട്ടിലെ കർഷകത്തൊഴിലാളി വിഭാഗമാണ്. അതിനാവശ്യമായി വരുന്ന പണം കടമായിട്ടെങ്കിലുമെടുത്ത് അതു രാജ്യത്ത് ഒരു ഇംപാക്ട് ഉണ്ടാക്കത്തക്ക രീതിയിൽ നടത്താൻ കഴിയുമോ എന്നുള്ളതാണ് നാം ശ്രദ്ധിക്കേണ്ടത്. അങ്ങനെ ശ്രദ്ധിക്കുമ്പോൾ അവ താരതമ്യപ്പെടുത്തി ചില വിഭാഗത്തിന്റെ സഹായവും ആധുനികങ്ങളായ ടെക്നിക്കും ഉപയോഗിച്ച് വളരെ വേഗം കുറഞ്ഞ ചെലവിൽ വീടുകളുണ്ടാക്കുന്നതിനുള്ള പദ്ധതികളും നമുക്ക് ആസൂത്രണം ചെയ്യാൻ കഴിയണമെന്നുള്ളത് വളരെ പ്രധാനമായ കാര്യമാണ്. ഹൗസിംഗിനെപ്പറ്റി പറയുമ്പോൾ നമ്മുടെ സംസ്ഥാനത്ത് മുകളിലോട്ട് പുര പണിഞ്ഞുപോകേണ്ട കാര്യം ആലോചിക്കേണ്ടതുണ്ട്. ഇവിടെ പോർട്ടു സിസ്റ്റമാണ്. നമ്മുടെ ഫലഭൂയിഷ്ടമായ കൃഷിഭൂമിയിൽ ചെറിയ ചെറിയ ഒരു നിലക്കെട്ടിടങ്ങൾ വയ്ക്കുന്ന കാര്യത്തിൽ ഇനിയും വളരെക്കാലം മുന്നോട്ടുപോകാൻ വയ്യാത്ത രീതിയിൽ നാട്ടുംപുറങ്ങൾപോലും ആയിക്കഴിഞ്ഞിട്ടുണ്ട്. അപ്പോൾ ഇങ്ങനെയൊരു ബോർഡ് വരികയും അതിന്റെ നേതൃത്വത്തിൽ കെട്ടിടം പണി നടക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുമ്പോഴും ഈ പ്രോട്ടുസിസ്റ്റം സ്വാഗതാർഹമല്ലെങ്കിൽ പ്രധാനപട്ടണങ്ങളിലെങ്കിലും പാവപ്പെട്ട ആളുകൾക്കും ഇടത്തരക്കാരായ ആളുകൾക്കും ഉണ്ടാക്കിക്കൊടുക്കുന്ന കാര്യം ശ്രദ്ധിക്കുന്നതു നന്നായിരിക്കുമെന്നാണെന്റെ അഭിപ്രായം. ഇതിലൊന്നും പ്രതിപക്ഷവും ഭരണകക്ഷിയും തമ്മിൽഅഭിപ്രായഭിന്നതയുണ്ടാകേണ്ട കാര്യമില്ല. ഈ കാര്യങ്ങളിലെല്ലാം നമുക്ക് സഹകരിച്ച് പ്രവർത്തിക്കത്തക്ക രീതിയിലുള്ള ഒരു സമീപനം എല്ലാ ഭാഗത്തുനിന്നും ഉണ്ടായി കഴിയും വേഗം ഈ ബിൽ നടപ്പാക്കാൻ കഴിയണമെന്നുള്ളതാണ് ആവശ്യം. ഇതിൽക്കൂടുതലൊന്നും പറയാൻ ഞാനുദ്ദേശിക്കുന്നില്ല.

ശ്രീ. എം. മൊയ്തീൻകുട്ടിഹാജി: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയും ഈ നിയമംകൊണ്ടുവന്ന ബഹുമാനപ്പെട്ട മന്ത്രിയെ അനുമോദിക്കുകയുംചെയ്യുന്നു. ഈ നിയമത്തിന്റെ ഉദ്ദേശം രാഷ്ട്രീയപ്രചാരവേലയാണെന്ന് രാഷ്ട്രീയനൈരാശ്യം ബാധിച്ചവരല്ലാത്ത ആരും പറയുകയില്ല. നമ്മുടെ സംസ്ഥാനത്തിലെ പാർപ്പിടസൗകര്യത്തെസംബന്ധിച്ച് നോക്കുമ്പോഴും ഏറ്റവും അടിയന്തിരമായ ഒരു നിയമമാണിതെന്നുള്ളതിൽ ആർക്കും തർക്കമില്ല. ഈ നിയമത്തിനു മുൻപു നിലവിലുണ്ടായിരുന്ന സിറ്റി ഇംപ്രൂവുമെന്റ് ആക്ട് പ്രത്യേകിച്ച് ചില പട്ടണപ്രദേശങ്ങളെമാത്രം കേന്ദ്രീകരിച്ച് അവിടത്തെ പാർപ്പിടസൗകര്യങ്ങളും മറ്റു കെട്ടിടസൗകര്യങ്ങളും അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി മാത്രമായിരുന്നു. മദ്രാസ്സംസ്ഥാനത്ത് ആണെങ്കിൽ സിറ്റി ഇംപ്രൂവ്മെന്റ് ആക്ട് ഉണ്ടായിരുന്നത് അവിടെയും പട്ടണപ്രദേശങ്ങളിലെ ജനങ്ങളെമാത്രം കണക്കിലെടുത്തുകൊണ്ടായിരുന്നു. കേരളസംസ്ഥാനത്തെസംബന്ധിച്ച് നോക്കുമ്പോഴും മറ്റു സംസ്ഥാനങ്ങളിൽ നിന്നു വളരെ വിഭിന്നമായ ഒരു സാഹചര്യമാണ് ഇവിടെയുള്ളത്. മറ്റു സംസ്ഥാനങ്ങളിൽ ഗ്രാമങ്ങൾ വളരെ വിദൂരമായി കിടക്കുന്ന സ്ഥലങ്ങളാണെങ്കിൽ കേരളസംസ്ഥാനമൊട്ടാകെ ഒരു ഗ്രാമമാണെന്നു പറയാം. പാർപ്പിടസൗകര്യങ്ങൾ ഒരറ്റംമുതൽ മറേഅറ്റംവരെ ചിന്നിച്ചിതറിക്കിടക്കുകയാണ്. അതിനിടയ്ക്ക് ചില പട്ടണപ്രദേശങ്ങളാണെന്നുള്ളതിൽക്കവിഞ്ഞ് ചിന്നിച്ചിതറിക്കിടക്കുന്ന പ്രദേശമായതുകൊണ്ട് ഈ ബില്ലിന്റെ ഉദ്ദേശം സഫലീകൃതമാകണമെങ്കിൽ ചില പ്രദേശങ്ങളെമാത്രം കേന്ദ്രീകരിച്ചുകൊണ്ട് കെട്ടിടങ്ങൾ കെട്ടി അവിടെ പാർപ്പിടസൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുപുറമേ എല്ലാ പ്രദേശങ്ങൾക്കും ഇതിന്റെ ആനുകൂല്യം കിട്ടുമാറാക്കുന്നതിനുള്ള പരിപാടികൾകൂടി ഇതിൽ ഉൾപ്പെടുത്തണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. ബഹുമാന്യനായ എം. എൻ. ഗോവിന്ദൻനായർ പറഞ്ഞതുപോലെ ഇത് ഏറ്റവും അടിയന്തിരമായ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് കർഷകത്തൊഴിലാളികളുടെ പ്രശ്നത്തിലാണ്. സർ, അതിലും എത്രയോ ശോചനീയമായ ഒരു വിഭാഗം ഈ നാട്ടിലുണ്ട്. മൽസ്യത്തൊഴിലാളികളെന്നുപറയുന്ന വർഗ്ഗം തീരെ പാർപ്പിടസൗകര്യമില്ലാത്ത ഒരു വിഭാഗമാണെന്നുള്ളത് നാം വിസ്മരിക്കാൻപാടില്ല. കർഷകത്തൊഴിലാളികൾ വയലിൽ പണിയെടുക്കുന്നു, മൽസ്യത്തൊഴിലാളികൾ കടലിൽ പണിയെടുക്കുന്നു എന്നുള്ളതിൽക്കവിഞ്ഞ് മറ്റ് ഒരു വ്യത്യാസവുമില്ല. ഇതിന്റെ പ്രവർത്തനം കേന്ദ്രീകരിക്കുമ്പോൾ ഈ വിഭാഗത്തെക്കൂടി കണക്കിലെടുക്കണമെന്നാണ് എനിക്ക് പ്രത്യേകമായി അഭ്യർത്ഥിക്കാനുള്ളത്. സർ, അതു മാത്രവുമല്ല, ഈ ബില്ലിൽ പറഞ്ഞിരിക്കുന്നത് ഒരു പ്രദേശത്തെ കണക്കിലെടുത്തുകൊണ്ട് ആ പ്രദേശത്തെ ജനങ്ങൾക്ക് പാർപ്പിടസൗകര്യങ്ങളും മറ്റു കെട്ടിടസൗകര്യങ്ങളും അഭിവൃദ്ധിപ്പെടുത്തിക്കൊടുക്കണമെന്നാണ്. ഇതിന്റെ സ്കീം തന്നെ അങ്ങനെയാണ്. എന്നാൽ ഇന്ന് നമ്മുടെ സംസ്ഥാനത്ത് സഹകാര്യമേഖലയിൽ വളരെയധികം സ്ഥാപനങ്ങളുണ്ട്. സഹകാര്യവ്യക്തികൾക്കു നേരേ കെട്ടിടംകെട്ടുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ വായ്പ നൽകി പത്തോ ഇരുപതോ കൊല്ലംകൊണ്ട് ഗഡുക്കളായി തിരിച്ചട

LIBRARY ARCHIVES Kerala Legislative Assembly

യ്ക്കുന്ന സൗകര്യങ്ങളും ചില സൊസൈറ്റികളുമുഖേനയും മറ്റുമുണ്ട്. അതിൽ ഒരു സൗകര്യംകൂടി ഇതിന്റെപരിധിയിൽ ഉൾപ്പെടുത്തണമെന്നാണെനിക്കു പറയാനുള്ളത്. വളരെ പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കും സാമ്പത്തികമായി അധഃപതിച്ച ആളുകൾക്കും കെട്ടിടങ്ങൾ വയ്ക്കാൻവേണ്ടി പണം കടമായി കൊടുക്കുകയും അതു ദീർഘകാലാടിസ്ഥാനത്തിൽ നൽകികൊണ്ട് ചെറിയ ഗഡുക്കളായി തിരിച്ചടയ്ക്കാനുള്ള സൗകര്യംകൂടി ഈ ബോർഡിന്റെ പ്രവർത്തനപരിധിയിൽ ഉൾപ്പെടുത്തണമെന്നു ഞാനഭ്യർത്ഥിക്കുകയാണ്. അല്ലാതെ കേവലം ഒരു പ്രദേശത്തെമാത്രം കണക്കിലെടുത്തുകൊണ്ട്, അവിടത്തെ ജനങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് ഒരു കോളനൈസേഷൻപോലെയാക്കിത്തീർത്താൽമാത്രം നമ്മുടെ സംസ്ഥാനത്തിന്റെ ആവശ്യത്തിനു മതിയാകുകയില്ലെന്നുകൂടി നാം ഓർക്കേണ്ടതുണ്ട്. സർ, ഇതിന്റെ പ്രവർത്തനമെന്നു പറയുന്നത് വളരെ വിപുലമല്ലെങ്കിലും വളരെ അത്യാവശ്യമാണെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഇതിന്റെ പ്രവർത്തനംമൂലം വളരെയധികമാളുകൾക്ക് ഗുണംകിട്ടും. അങ്ങനെയുള്ള ഒരു ബില്ലിനെസംബന്ധിച്ച് വിമർശനത്തിനു വേണ്ടി വിമർശിക്കുന്നെങ്കിലും അതു കാര്യമായ വിമർശനമല്ലെന്നു നമുക്കു മനസ്സിലാക്കാൻകഴിയുന്നുണ്ട്. ബോർഡിന്റെ ചെയർമാൻ ഒരു അനുദ്യോഗസ്ഥമെംബറായതുകൊണ്ട് വലിയ തകരാറൊന്നുമുണ്ടാകാൻപോകുന്നില്ല. അതേസമയം എന്റെ സ്നേഹിതൻ ഹമീദ് പറയുകയുണ്ടായി ഒരു എഞ്ചിനിയറിംഗ് സ്ക്കില്ലുള്ള ആളായിരിക്കണം ചെയർമാൻ എന്ന്. വാസ്തവത്തിൽ അതാവശ്യമുണ്ടോ എന്നു ഞാൻ ചോദിക്കുകയാണ്. 7 ഉദ്യോഗസ്ഥൻമാർ ഈ ബോർഡിൽ ഉണ്ടായിരിക്കുമെന്ന് പറഞ്ഞിരിക്കുന്നു. 4 അനുദ്യോഗസ്ഥമെംബർമാരും ഉണ്ടായിരിക്കും. ഈ 7 ഉദ്യോഗസ്ഥൻമാരിൽനിന്നുതന്നെ എഞ്ചിനിയറിംഗ് വിഭാഗത്തിൽ സാധതസമ്പാദിച്ചവരെ തിരഞ്ഞെടുക്കാൻ ഗവൺമെന്റിനു കഴിയും. ഈ നാട്ടിലെ ജനങ്ങളുടെയും ഈ ബിൽ മൂലം കെട്ടിടം ഉണ്ടാക്കുന്ന ജനങ്ങളുടെയും സൗകര്യങ്ങളെ കണക്കാക്കുന്നതിനുവേണ്ടിയുള്ള അംഗങ്ങളാണ് ഈ ബോർഡിൽ വേണ്ടത്. അതിനു അനുദ്യോഗസ്ഥമെംബർമാരെയായിരിക്കണം ഈ ബോർഡിൽ ഉൾപ്പെടുത്തേണ്ടത്. സർ, മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഉള്ളതുപോലെതന്നെ പ്രാദേശികമായ ആവശ്യങ്ങൾ പരിഗണിക്കുന്നതിന് പര്യാപ്തമായ അനൗദ്യോഗിക അംഗങ്ങളെക്കൂടി ഇതിൽ ഉൾപ്പെടുത്തണമെന്നാണ് എനിക്കു പറയാനുള്ളത്.

സർ, അതുപോലെതന്നെ, ഇതിന്റെ സ്കീമിൽ, അനൗദ്യോഗികമെംബർമാരിൽത്തന്നെ, എഞ്ചിനിയറിംഗ് വിഭാഗത്തിൽ വൈദഗ്ദ്ധ്യം നേടിയ ഒരാൾ ഉണ്ടായിരിക്കണമെന്നു പറയുന്നത് എനിക്കു മനസ്സിലാക്കാൻകഴിയുന്നില്ല. ഉദ്യോഗസ്ഥൻമാരിൽ എഞ്ചിനിയറിംഗിൽ വൈദഗ്ദ്ധ്യമുള്ളവരെ ഉൾപ്പെടുത്തണമെന്നാണ് എനിക്കു പറയാനുള്ളത്. ഞാൻ ആദ്യം പറഞ്ഞമാതിരി ഓരോ പ്രദേശങ്ങളിലെയും ജനങ്ങളുടെ ആവശ്യങ്ങളെ പ്രതിഫലിപ്പിക്കാൻകഴിയുന്ന അനൗദ്യോഗിക മെംബർമാരാണാവശ്യം. സിറ്റി ഇംപ്രൂവ്മെൻറ് ട്രസ്റ്റിന്റെയും മറ്റും പ്രവർത്തനം വളരെയധികമുണ്ടെങ്കിലും ഗ്രാമപ്രദേശങ്ങളിലേക്കുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഞാൻ ആദ്യംപറഞ്ഞമാതിരി കാര്യങ്ങൾ കണക്കിലെടുക്കണമെന്ന അഭ്യർത്ഥനയോടുകൂടി ഒരുകാര്യംകൂടി ഗവൺമെൻറിന്റെ മുമ്പിൽവയ്ക്കുകയാണ്. എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട വാമദേവൻ പറഞ്ഞമാതിരി ഒരറ്റംമുതൽ മറ്റേ അറ്റംവരെ നീണ്ടുകിടക്കുന്ന കേരളത്തിലെ എല്ലാ ആവശ്യങ്ങളും പരിഗണിക്കാനും അതിനുവേണ്ട പദ്ധതി ആസൂത്രണംചെയ്യാനും കേരളത്തിലൊട്ടാകെ ഒരു ബോർഡുമാത്രം ഉണ്ടായതുകൊണ്ട് മതിയാകുമോ എന്നുപരിശോധിക്കണം. ജില്ലാകേന്ദ്രങ്ങളിൽകൂടി മെഷീനറികൾ ഉണ്ടാക്കി പ്രവർത്തിക്കാൻ കഴിയുമോ എന്ന് ഇതുസംബന്ധിച്ച റൂൾ ഉണ്ടാക്കുമ്പോൾ ആലോചിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. ഈവക സംഗതികളെല്ലാം കണക്കിലെടുത്തുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അടിയന്തിരമായി റിപ്പോർട്ട് മടക്കിക്കിട്ടത്തക്കരീതിയിൽ സെലക്ട്കമ്മിറ്റിക്ക് അയയ്ക്കുന്നതുകൊണ്ട് ആർക്കും വലിയ വിരോധം കാണുകയില്ലെന്നാണു ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് ബില്ലിനെ അനുകൂലിച്ചുകൊണ്ട് പ്രസംഗം അവസാനിപ്പിക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സർ, ഈ ബിൽ സെലക്ടുകമ്മിറ്റിക്ക് അയയ്ക്കണമെന്നുള്ളതിനോട് യോജിച്ചുകൊണ്ട് ചില കാര്യങ്ങൾ പറയണ മെന്നാഗ്രഹിക്കുന്നു. ഈ ബിൽ ആർഡിനൻസായി പ്രസിദ്ധീകരിച്ചു കണ്ടപ്പോൾ പെട്ടെന്നു ഉണ്ടായ തോന്നൽ ഏതോ അടിയന്തിരമായ ചില കാര്യങ്ങൾ ചെയ്യാൻപോകുന്നു അല്ലെങ്കിൽ അടിയന്തിരമായി ഇങ്ങനെയൊരു ബിൽ പ്രസിദ്ധീകരിക്കേണ്ട ആവശ്യമുണ്ട് എന്നാണ്. നേരേമറിച്ച് ഇവിടെ ഈ ബിൽ അവതരിപ്പിച്ചുകണ്ടപ്പോൾ അങ്ങനെയൊരു കാര്യവും കാണുന്നില്ല. ഇതിന്റെ ഓബ്ജക്ട്സ് ആൻഡ് റീസൺസ് നോക്കുമ്പോൾ—ഉദ്ദേശം ഇന്നതെല്ലാം എന്നു പ്രസംഗിച്ചിട്ടുണ്ടെങ്കിലും ഓബ്ജക്ട്സ് ആൻഡ് റീസൺസ് പരിശോധിച്ചു നോക്കുമ്പോൾ—ഈ ബില്ല്, ഏകീകരിക്കുന്ന കാര്യമാണ് പറഞ്ഞിരിക്കുന്നത്. മറ്റു കാര്യമല്ല. അങ്ങനെ കൊണ്ടുവരുമ്പോൾ— ഈ ബിൽ ആവശ്യമാണ്, തർക്കമില്ല; ഏകീകരിച്ചുകൊണ്ടുവരുമ്പോൾ കണിശമായും ആർഡിനൻസ് ധൃതഗതിയിൽ ഇറക്കുക എന്ന നയമാണോ നേരേമറിച്ചാണോ വേണ്ടതെന്നു ചോദിച്ചാൽ, ആർഡിനൻസെന്ന രീതിയിൽ ചെയ്യുന്നതു ശരിയല്ല സർ. പുതിയ ഹൗസിംഗ് ബോർഡ് നാം രൂപീകരിക്കാൻ ശ്രമിക്കുമ്പോൾ ഇതിനുമുമ്പുള്ള അനുഭവം കണിശമായും പരിശോധിക്കണം; ഇതിനുമുമ്പുള്ള അനുഭവങ്ങളിൽനിന്ന് പാഠങ്ങൾ ഉൾക്കൊള്ളണം. അതിൽ ചിലസൗകര്യങ്ങൾ പ്രതിപാദിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. ഒന്ന്, പല ഡിപ്പാർട്ടുമെൻറുകളുടെ കീഴിൽ ഹൗസിംഗ് സ്കീമിന്റെ പ്രവർത്തനം നടത്തുന്നതുകൊണ്ട്, മറ്റു രാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ നമുക്കു പുരോഗമിക്കാൻ കഴിഞ്ഞിട്ടില്ല. ആ ന്യൂനത പരിഹരിക്കണം. അതിന് ഏകീകരണം കരണം ആവശ്യംതന്നെ. അങ്ങനെയൊരു ഏകീകരണത്തിന്റെ കുറവുകൊണ്ടു മാത്രമല്ല. അങ്ങനെയൊരു ഏകീകരണം മാത്രമാണോ നമുക്കാവശ്യം? പക്ഷേ അതിലും കൂടുതലാവശ്യം വേറെ ഉണ്ട്. പദ്ധതികൾക്കു പ്രധാന തടസ്സമായിരുന്നത് ആവശ്യമായ ഫൈനാൻസ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളതാണ്. ഇന്ന് ഫൈനാൻസ് ഉണ്ടാക്കുന്നതിന് കാര്യമായ പരിശ്രമം ബോർഡ് ഉണ്ടാക്കിക്കഴിഞ്ഞാൽ നടത്താൻകഴിയുമെന്നത് തർക്കമറ്റ സംഗതിയാണ്. അതിനുള്ള പരിശ്രമം കേന്ദ്രീകരിക്കുകയുംവേണം. രണ്ടാമത് കഴിഞ്ഞ കാലത്തുണ്ടാക്കിയ വീടുകളുടെ കാര്യമാണ്. കുറെ വീടുകളുണ്ടാക്കിയിട്ടുണ്ട്; ആർക്കു വേണ്ടി ഉണ്ടാക്കി? ആരാണ് അതുകൊണ്ടുള്ള പ്രയോജനം അനുഭവിച്ചിട്ടുള്ളതെന്നു പരിശോധിച്ചിട്ടുണ്ടോ? ഇപ്പോൾ ഉണ്ടാക്കിയ വീടുകൾ സ്വന്തമായി പണംമുടക്കി വീടുകളുണ്ടാക്കാൻ കഴിയുന്ന വിഭാഗക്കാർക്കാണു കൊടുത്തിട്ടുള്ളത്. മുമ്പ് പൂവർ ഹൗസിംഗ് സ്കീം, റൂറൽ ഹൗസിംഗ് സ്കീം, വില്ലേജ് ഹൗസിംഗ് സ്കീം ഇവ പ്രവർത്തിച്ചിരുന്നതു നോക്കിയാലും അതും കാര്യക്ഷമമായി നടന്നിട്ടില്ല. ഇന്ന് അതിനെക്കുറിച്ചു പരിശോധിക്കുമ്പോൾ ഏതു വിഭാഗക്കാർക്കാണു വീടുകൾ കൊടുത്തിട്ടുള്ളത്? പാവപ്പെട്ട ആളുകൾക്ക് വീടുകൾ കെട്ടികൊടുക്കാനുള്ള ഒരു പരിശ്രമവും നടത്തിയിട്ടില്ല. പാവപ്പെട്ട ആളുകൾക്കു വീടു കെട്ടിക്കൊടുക്കേണ്ടതാണെന്നു പ്രസംഗിക്കുകയല്ലാതെ ഒബ്ജക്ട്സ്സ്ആൻഡ് റീസൺസിൽ പറയുന്നുണ്ടോ? എന്തുപദ്ധതി ആസൂത്രണംചെയ്യാനാണ് ഹൗസിംഗ്ബോർഡ് രൂപീകരിക്കാൻ പോകുന്നതെന്ന് എഴുതിവയ്ക്കണം. അതിനു പകരം ചീപ്പ് പോപ്പുലാരിറ്റിക്കു വേണ്ടിമാത്രമാണ് അതുകൊണ്ടുവന്നിരിക്കുന്നത്. അങ്ങനെ എഴുതിവച്ചിട്ട് ആർഡിനൻസ് ഇറക്കിയിരുന്നെങ്കിൽ അതു ശരിയെന്നു ഞാൻ പറയുമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഓബ്ജക്ടസ് ആൻഡ് റീസൺസിൽ എഴുതിവച്ചില്ലെങ്കിൽ അതു സാധിക്കുകയില്ല. ഈ ബിൽ വായിക്കുന്ന ഒരാൾക്ക് ഇന്നതാണ് ഇതിന്റെ ഉദ്ദേശമെന്നു മനസ്സിലാക്കാൻ സാധിക്കുകയില്ല. മെംബർമാരുടെ പ്രസംഗം പത്രത്തിൽ റിപ്പോർട്ടു ചെയ്തുവരുമ്പോഴേ ഇന്നയിന്ന നിയമങ്ങളുണ്ടാക്കി എന്ന് പ്രസിദ്ധികിട്ടും.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: തൊഴിലില്ലായ്മവേതനം നൽകാമെന്നുപറഞ്ഞത് പത്രത്തിൽ വരാൻവേണ്ടിയായിരുന്നോ?

ശ്രീ. പി. കെ. കുഞ്ഞച്ചൻ: തൊഴിലില്ലായ്മവേതനം കൊടുക്കുമെന്നു പറഞ്ഞിരുന്നു. അതിനുള്ള അവസരം കിട്ടിയില്ല. കിട്ടിയിരുന്നെങ്കിൽ കൊടുക്കുമായിരുന്നു.

മറെറാരുകാര്യം പറയാനുള്ളത്, ഇന്ന് ഭരണകക്ഷിയിലേക്കു മാറിയിരിക്കുന്ന ഒരാളെ ഹൗസിംഗ് ബോർഡിന്റെ ചെയർമാനാക്കാൻ ആലോചന നടക്കുന്നതായി അറിയുന്നുണ്ട്. നോൺ ഒഫിഷ്യൽ ആയിരിക്കണമെന്നു പറഞ്ഞത് അതുകൊണ്ടാണ്. ഒരു പ്രിൻസിപ്പൽ എന്നുള്ള നിലയിൽ, ഞങ്ങളുടെ പാർട്ടിയുടെ അഭിപ്രായം വളരെ വ്യക്തമാണ്. നോൺ ഒഫിഷ്യൽ അംഗങ്ങളായിരിക്കുന്നവർ കണിശമായും കഴിവുള്ളയാളുകളായിരിക്കണം . എന്നാൽ ഒരു സ്ഥാപനത്തിൽ ആദ്യം ഒരു നോൺ ഒഫിഷ്യലിനെ വച്ചു, അദ്ദേഹത്തെ മാററിയിട്ടു പകരം വച്ചത് നോൺ ഒഫിഷ്യലിനെയല്ല.

ശ്രീ. ഇ. ജോൺ ജേക്കബ്: ബഹുമാനപ്പെട്ട മെംബർക്ക്, ആരായിരിക്കണം ചെയർമാൻ എന്നതിനെപ്പററി നിർദ്ദേശമുണ്ടെങ്കിൽ തീർച്ചയായും പരിഗണിക്കാം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഭരിക്കുന്ന കക്ഷിയുടെ നയം നടപ്പിലാക്കുന്നതിന് ആർക്കു സാധിക്കും എന്നു നോക്കിയാണ് വയ്ക്കുന്നത്. .....

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ബഹുമാനപ്പെട്ട ജോൺ ജേക്കബിനെ ചെയർമാനാക്കുന്നതിൽ അഭിപ്രായവ്യത്യാസമുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഇല്ല; വയ്ക്കണമെന്നാണ് അഭിപ്രായം.

ശ്രീ എം. കെ. ദിവാകരൻ: ബഹുമാനപ്പെട്ട മെംബർക്കു ചെയർമാൻഷിപ്പിൽ നോട്ടമുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞച്ചൻ: നോട്ടമുണ്ടോ എന്നു നിങ്ങളുടെ നേതാവു പറയും. ചെയർമാൻഷിപ്പു നോക്കിയല്ല ഇത്തരം കാര്യങ്ങൾ പറയുന്നതെന്ന് ശ്രീ. ദിവാകരൻ ഇത്രയുംകാലമായിട്ടും മനസ്സിലാക്കിയിില്ലേ?

ശ്രീ. എൻ. ഗണപതി: ശ്രീ. ജോൺജേക്കബിനെ ചെയർമാനാക്കുന്നതിൽ അഭിപ്രായവ്യത്യാസമില്ലെന്നു പറഞ്ഞു. വെറും മൈക്കിൽക്കൂടിയുള്ള പ്രസംഗമാണോ അതോ എഴുതിക്കൊടുക്കുമോ?

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ആരെ വയ്ക്കണമെന്നു ഭരണകക്ഷിക്കു തീരുമാനിക്കാമെന്നും അങ്ങനെയുള്ള ആളെ വയ്ക്കാമെന്നും പറയുമ്പോഴേ ഞാൻ എഴുതിക്കൊടുക്കുന്നതിന് എന്തു പ്രസക്തിയാണുള്ളത്? പിന്നെ നിർബന്ധമാണെങ്കിൽ ശ്രീമാൻ ഇ. ജോൺ ജേക്കബിനു എഴുതിക്കൊടുക്കാം.

ഭവനനിർമ്മാണം സംബന്ധിച്ച അപ്രോച്ച് എന്താണ്, നയം എന്താണ്? ഏതു ജനവിഭാഗങ്ങൾക്കു കൂടുതൽ വീടുകൾ ഉണ്ടാക്കികൊടുക്കണം എന്നുള്ളതിനെപ്പററി ഒരു നയം അംഗീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

മറെറാരു സംഗതി ഫ്ളാററ് സിസ്ററത്തെപ്പററിയാണ്. ഫ്ളാററുകളും ഉണ്ടാക്കികൊടുക്കുന്ന സിസ്ററത്തെപ്പററിയും ടെറസ്സിന്റെ മുകളിൽ കൃഷി ചെയ്യുന്നതിനെപ്പററിയും പറഞ്ഞപ്പോൾ മുൻപു ചിലർ ചിരിച്ചു. അതു പറയുമ്പോൾ ചിരിയൊക്കെ വരും. ഭൂമി കുറവായതുകൊണ്ട് ഫ്ളാററുകളിൽ താമസിക്കുകയും ടെറസ്സിന്റെ മുകളിൽ കൃഷിനടത്തുകയുംചെയ്യുന്ന രീതി പലയിടത്തും അംഗീകരിച്ചിട്ടുള്ളതാണ്. ടെറസ്സിന്റെ മുകളിൽ ആറിഞ്ചു കനത്തിൽ മണ്ണിടുകയും ഇറിഗേഷൻ സൗകര്യങ്ങളുണ്ടാക്കുകയും ചെയ്താൽ അവിടെ കൃഷിചെയ്യാം. താഴെ എത്ര ഭൂമി നഷ്ടപ്പെടുന്നുവോ അത്രയും സ്ഥലം ടെറസ്സിന്റെ മുകളിൽ കിട്ടുകയും ചെയ്യും. അതുകൊണ്ട് ആ രീതി പരീക്ഷിച്ചു നോക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

ഒടുവിലായി എനിക്കു പറയാനുള്ളത്, ഏതു ബോർഡായാലും ആ ബോർഡിൽ വയ്ക്കുന്ന ഉദ്യോഗസ്ഥൻമാരുടെ പ്രീതിയോ പ്രേരണയോ ഒക്കെ ആവശ്യമാണെന്ന ഒരു തോന്നൽ ഉണ്ടായിട്ടുണ്ട്. അതു മാററണം. അനൗദ്യോഗികാംഗങ്ങൾ കൂടുതൽ ഉണ്ടാകത്തക്ക നിലയിൽ ബോർഡ് രൂപീകരിക്കണം. ഏതു ഗവൺമെൻറായാലും നൽകുന്ന ഉറപ്പുകൾ ഉദ്യോഗസ്ഥൻമാർ നിർവഹിക്കേണ്ടതാണ്. അങ്ങനെയുള്ള ഉദ്യോഗസ്ഥൻമാരെ വയ്ക്കണം. ഉറപ്പു ഫലപ്രദമായി പാലിക്കാൻ ആ ഉദ്യോഗസ്ഥൻ തയ്യാറാകണം. സെലക്ട് കമ്മിററിയിൽ ചർച്ചചെയ്യുന്ന അവസരത്തിൽ ആവശ്യമായ മാററങ്ങൾ വരുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ചുരുക്കുന്നു.

പ്രൊ. ഇ. ജോൺജേക്കബ്: സർ, ബഹുമാനപ്പെട്ട മെംബർ കുഞ്ഞച്ചൻ, ഏതു വിഭാഗങ്ങൾക്കു മുൻഗണന കൊടുക്കണമെന്ന കാര്യത്തെപ്പററി പറഞ്ഞതിൽ ഞാൻ അങ്ങേയററം അദ്ദേഹത്തോടു യോജിക്കുകയാണ്. നിർഭാഗ്യവശാൽ ഈ രാജ്യത്തെ ഒരു വലിയ വിഭാഗമായ കർഷകത്തൊഴിലാളികൾ അസംഘടിതരായ തൊഴിലാളികളാണ്. ബാക്കിയുള്ള തൊഴിലാളികളുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ ഈ രാജ്യത്തെ അനുഭവങ്ങളുടെ വളരെ വിരളമായ ഒരു ഭാഗമേ അവർക്കു ലഭിക്കുന്നുള്ളൂ എന്നുള്ളതു സത്യമാണ്. അതുകൊണ്ട് ഈ ഹൗസിംഗ് ബോർഡിന്റെ സ്കീം നടപ്പാക്കുമ്പോൾ കർഷകത്തൊഴിലാളികൾക്കും മററും കൂടുതൽ മുൻഗണന കൊടുക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. അതുപോലെതന്നെ, കർഷകത്തൊഴിലാളിക്കളുടെ കൂട്ടത്തിൽ ഏററവും അവശതയനുഭവിക്കുന്ന വിഭാഗമാണ് ഞങ്ങളുടെ കുട്ടനാടൻ പ്രദേശം പോലെയുള്ള താഴ്ന്ന ഏരിയാകളിൽ വസിക്കുന്ന പാവപ്പെട്ട കർഷകത്തൊഴിലാളികൾ. വെള്ളപ്പൊക്കസമയത്ത് രണ്ടും മൂന്നും അടി വെള്ളത്തിനടിയിലാകുന്ന അവരുടെ വീടുകളിൽ തട്ടിൻപുറത്തുമാത്രമാണ് കഴിഞ്ഞുകൂടാൻ സാധിക്കുന്നത്. ആ സമയത്ത് അവിടെ ചെന്നു കാണുന്ന ഏതു രാജ്യസ്നേഹിക്കും ഇതു പരിഹരിക്കണമെന്നും അത് ഗവൺമെൻറിന്റെ കടമയാണെന്നും തോന്നിപ്പോകും. അതുകൊണ്ട് എനിക്കു പറയാനുള്ളത് ഏററവും മുൻഗണന നൽകേണ്ടത് ഇങ്ങനെ അവശതയനുഭവിക്കുന്ന, വെള്ളപ്പൊക്കത്തിന്റെ കെടുതികളനുഭവിക്കുന്ന ആ സ്ഥലങ്ങളിലുള്ള വീടുകളുടെ അടിത്തറയെങ്കിലും, എത്ര വെള്ളം വന്നാലും അകത്തു കയറാത്ത വിധത്തിൽ കെട്ടുത്തക്ക സൗകര്യം കൊടുക്കുന്നതിനായിരിക്കണമെന്നാണ്. അതിനുവേണ്ടി പരിപാടി ഹൗസിംഗ് ബോർഡ് കൊണ്ടുവരുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. അതു പറയുമ്പോൾ, കഴിഞ്ഞഗവൺമെൻറിന്റെ കാലത്ത് ആ ഗവൺമെൻറിന്റെ മുൻപിൽ ഇതുസംബന്ധിച്ചു ഒരു നിർദ്ദേശം വച്ചിരുന്നതിനെപ്പററി പറയാനുണ്ട്. അതിൽ പറഞ്ഞിരുന്നത് ഇങ്ങനെ ഒരു അടിത്തറ കെട്ടുന്നതിനും തൂണുകൾ ഉണ്ടാക്കുന്നതിനും ആവശ്യമായ സംഖ്യയുടെ പകുതി ഗവൺമെൻറ് തരാമെങ്കിൽ കൃഷിക്കാരുടെ കൈയിൽനിന്നും കർഷകത്തൊഴിലാളികളെ സഹായിക്കുന്ന ബാഫിയുള്ള ആളുകളുടെ കൈയിൽനിന്നും പിരിച്ചു പകുതിസംഖ്യ ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

എടുക്കാം പകുതി സംഖ്യ ഗവൺമെൻറു തന്നാൽമതി, എന്നാണ്. പരിഗണിക്കാമെന്ന് ഗവൺമെൻറ് സമ്മതിച്ചിരുന്നതാണ്; നിർഭാഗ്യവശാൽ അതിനുള്ള സൗകര്യം ലഭിക്കുന്നതിനുമുൻപ് അവർ മാറിപ്പോയി. ഇന്ന് ഈ ഗവൺമെൻറ് തീർച്ചയായും അക്കാര്യം പരിഗണിക്കുമെന്നു ഞാൻ വിശ്വസിക്കുകയാണ്.

സർ, ബാക്കിയുള്ള കാര്യങ്ങളെപ്പറ്റി ബഹുമാനപ്പെട്ട മെംബർമാർ പലരും പറഞ്ഞുകഴിഞ്ഞു. ഇത് സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നുള്ള നിർദ്ദേശത്തോടു യോജിച്ചുകൊണ്ട് ഞാൻ എൻറെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

ജലസേചനവും കൃഷിയും മന്ത്രി (ശ്രീ. ഒ. കോരൻ): സർ, കേരള ഹൗസിംഗ് ബോർഡ് ബില്ലിൻെറ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഏതാണ്ട് പതിനേഴോളം മെമ്പറൻമാർ അവരുടെ അഭിപ്രായങ്ങൾ പറയുകയുണ്ടായി. അവർ അവരുടെ അഭിപ്രായങ്ങളിൽക്കൂടി പല വിലപ്പെട്ട നിർദ്ദേശങ്ങളും വച്ചിട്ടുണ്ട്. ആ നിർദ്ദേശങ്ങളോടുകൂടി ഈ ബിൽ കഴിയുന്നതും വേഗത്തിൽ പാസാക്കണമെന്നുള്ള അവരുടെ അഭിപ്രായങ്ങൾക്ക് പ്രത്യേകിച്ച് അഭിനന്ദനം രേഖപ്പെടുത്തിക്കൊണ്ട്, അവർ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങൾ സെലക്ട് കമ്മിറ്റി സ്റ്റേജിൽ പരിഗണിച്ച് ആവശ്യമായ ഭേദഗതികൾ വരുത്താമെന്ന് ഉറപ്പു നൽകാൻ ആഗ്രഹിക്കുകയാണ്. ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഉന്നയിച്ചിട്ടുള്ളതിൽ ഏറ്റവും പ്രധാനമായി പൊന്തിവന്നിട്ടുള്ള അഭിപ്രായം ഓർഡിനൻസായി ഇത് പ്രഖ്യാപിച്ചതിനെ ചോദ്യം ചെയ്തുകൊണ്ടാണ്. പ്രധാനമായും ഈ ഗവൺമെൻറു ബഡ്ജറിനു രൂപം നൽകിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഇപ്രകാരമുള്ള ബിൽ ഓർഡിനൻസായി പുറപ്പെടുവിച്ചു കഴിഞ്ഞാൽ അതിനുള്ള അവസരം ബഡ്ജറിൽ കൈക്കൊള്ളാൻ സാധിക്കുമെന്നുള്ളതുകൊണ്ടാണ് ഓർഡിനൻസായി പുറപ്പെടുവിക്കാൻ ഇടയായത്. ഭരണപരമായ ആവശ്യമാണെന്ന് കണക്കിലെടുത്തുകൊണ്ടുമാത്രമാണ് ഇത്തരത്തിലുള്ള ഓർഡിനൻസായി ഇത് പുറപ്പെടുവിക്കാൻ ഗവൺമെൻറിനെ പ്രേരിപ്പിച്ചത്. ഇതിൽ എല്ലാ ആളുകളും സഹകരിക്കുകയും സഹായിക്കുകയും ചെയ്തു. എല്ലാവരും ഓർഡിനൻസായി പുറപ്പെടുവിച്ചിട്ടുള്ള കുറ്റം ചൂണ്ടിക്കാണിച്ചു എന്നുള്ളതല്ലാതെ, ഇപ്രകാരമുള്ള ഹൗസിംഗ് ബോർഡ് രൂപീകരിക്കേണ്ടത് ആവശ്യമാണെന്ന് ഉറപ്പിച്ചും തറപ്പിച്ചും പറഞ്ഞിട്ടുള്ളതാണ് ഏറ്റവും സ്വാഗതാർഹമായ ഒരു കാര്യമാണ്. മറെറാന്ന് ചർച്ചയിൽ പൊന്തിവന്നിട്ടുള്ളത് അനൗദ്യോഗിക അംഗങ്ങളുടെ എണ്ണത്തെപ്പറ്റിയാണ്. അനൗദ്യോഗിക അംഗങ്ങളുടെ എണ്ണം എത്രയാക്കി വർദ്ധിപ്പിക്കുന്നതിനും വിരോധമില്ല. പ്രത്യേകിച്ച് ഇങ്ങനെയൊരു ബിൽ അവതരിപ്പിക്കുന്നതിന് ഗവൺമെൻറ് കൈക്കൊണ്ടിട്ടുള്ളത് മദ്രാസ് ഗവൺമെൻറ് അവിടെ കൈക്കൊണ്ടിട്ടുള്ള തത്വത്തെ അംഗീകരിച്ചുകൊണ്ടാണ്. ഏഴ് ഔദ്യോഗിക അംഗങ്ങളും നാലു അനൗദ്യോഗിക അംഗങ്ങളുമാണ് മദ്രാസിലെ ബില്ലിലുള്ളത്. ഇവിടെ അത് മാറിയിട്ട് കൂടുതൽ അനൗദ്യോഗിക അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും വിരോധമില്ല. പ്രത്യേകിച്ച് സെലക്ട് കമ്മിറ്റിയുടെ ചർച്ചാവേളയിൽ ഇങ്ങനെയുള്ള ഭേദഗതികൾ അംഗീകരിക്കാം.

മറെറാന്ന് അഗ്രിക്കൾച്ചറൽ വർക്കേഴ്സിൻെറ വേതനനിർണ്ണയത്തെപ്പറ്റിയാണ്. അതിനെപ്പറ്റി ഇവിടെ പ്രത്യേകിച്ച് ചർച്ച വന്നതാണ്. അവരുടെ കാര്യവും ഈ ബില്ലിൻെറ സെലക്ട് കമ്മിറ്റിയുടെ ചർച്ചാവേളയിൽ പ്രത്യേകിച്ച് ഇങ്ങനെയുള്ള ഭേദഗതികൾ അംഗീകരിക്കുന്നതിന് യാതൊരു തടസ്സവുമില്ല. അങ്ങിനെയുള്ള വിഭാഗങ്ങൾക്ക് പ്രത്യേകിച്ച് സംരക്ഷണം ചെയ്തുകൊടുക്കണമെന്നാണ് ഗവൺമെൻറ് വിചാരിക്കുന്നത്. അതിനുവേണ്ട ഭേദഗതികൾ ചെയ്യുന്നതിന് ഗവൺമെൻറിന് സന്തോഷമേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

മറെറാന്ന് ബോർഡിന്റെ ചെയർമാന്റെ നിയമനത്തെപ്പറ്റിയാണ് സംശയം പ്രകടിപ്പിച്ചത്. ആ ഭാഗം പൊക്കിയെടുത്തുകൊണ്ട് ശ്രീ. ടി. കെ. രാമകൃഷ്ണൻ ചില കാലുമാറ്റത്തെപ്പറ്റി സംസാരിക്കുകയുണ്ടായി. മുമ്പ് ഇത്തരം കാര്യങ്ങളെപ്പറ്റി വളരെ രൂക്ഷമായിട്ട് സംസാരിച്ചിട്ടുള്ളത് രാഷ്ട്രീയ ഭിക്ഷാടനക്കാർക്ക് അഭയം നൽകാനുള്ള കേന്ദ്രമായിട്ട് ഇത്തരം ബോർഡുകളെ നടപ്പിലാക്കുകയാണെന്നാണ്. പക്ഷെ അങ്ങിനെ ഇപ്പോൾ പറയാൻ സാധിക്കുകയില്ല. കൂടുതൽ അനൗദ്യോഗിക അംഗങ്ങളെ ചേർത്തിരുന്നുവെങ്കിൽ, കൂടുതൽ രാഷ്ട്രീയക്കാരെ പിടിച്ചെടുക്കാനുള്ള ശ്രമമാണെന്നുള്ള ആക്ഷേപം ഉണ്ടാകുമായിരുന്നു. അത്തരത്തിലുള്ള ആക്ഷേപമാണ് മുമ്പു ഉണ്ടാകാറുള്ളത്. എന്നാൽ ഇതിലാണെങ്കിൽ അനൗദ്യോഗിക അംഗങ്ങളുടെ എണ്ണം കുറഞ്ഞിരിക്കുകയാണ്. അതുകൊണ്ട് കാലുമാറ്റങ്ങളുടെ എണ്ണവും കുറഞ്ഞിരിക്കുകയാണ്.

[Mr. Speaker in the chair]

കാലുമാറിയതിന്റെ കാര്യമല്ല കണക്കിലെടുത്തിട്ടുള്ളത്. സ്റ്റേറ്റിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന നിയമം നടപ്പിൽവരുത്തുന്നതിനെപ്പറ്റി മാത്രമേ ചിന്തിച്ചിട്ടുള്ളൂ. കാലുകൾ മാറുന്നതിനെപ്പറ്റിയും കാലുകൾ പിൻവലിക്കുന്നതിനെപ്പറ്റിയുമല്ല ചിന്തിച്ചിട്ടുള്ളത്, പ്രധാനമായിട്ടു നമ്മുടെ സ്റ്റേറ്റിൽ അതിപ്രധാനമായിട്ടുള്ള ഒരു നിയമം നടപ്പിൽ വരുത്തുന്നതിനെപ്പറ്റി മാത്രമേ ചിന്തിച്ചിട്ടുള്ളൂ. പ്രത്യേകിച്ച് ചെക്കോവ് പറഞ്ഞിട്ടുള്ളത് വിദ്യാഭ്യാസമില്ലാത്ത ആളുകളെക്കൊണ്ട് സമുദായം കെട്ടിപ്പടുത്താൽ അതു ഉറപ്പില്ലാത്ത അസ്ഥിവാരം പോലെയാണെന്നാണ്. അതുപോലെ ഉറപ്പില്ലാത്ത കാലുകൾ കൊണ്ട് വീടുണ്ടാക്കിയാൽ അതു വീണു നശിക്കാൻ ഇടയാകും. നല്ല ഉറപ്പുള്ള കാലുകൾ വച്ചു നല്ല സൗകര്യമുള്ളതും ഉറപ്പുള്ളതുമായ ഭവനങ്ങൾ കെട്ടിപ്പടുക്കേണ്ടതാവശ്യമാണ്. അതിൽ മാത്രമേ ആളുകൾ താമസിക്കുന്നതിന് ഇഷ്ടപ്പെടുകയുള്ളൂ. ഗവൺമെന്റ് ഇഷ്ടപ്പെടുന്നതും സൗകര്യമുള്ളതും ഉറപ്പുള്ളതുമായ ഭവനങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടിയാണ്. പട്ടണത്തെപ്പോലെതന്നെ ഗ്രാമങ്ങളും അഭിവൃദ്ധിപ്പെടുത്തണം. ഗ്രാമപ്രദേശങ്ങളിൽ കർഷകത്തൊഴിലാളികളുടേയും മറ്റു ജനവിഭാഗങ്ങളുടെയും വീടുകൾ പരിരക്ഷിക്കുന്നതിന് ആവശ്യമായ വകുപ്പുകൾ ഇതിൽ എഴുതിച്ചേർത്തിട്ടില്ലെന്ന് ശ്രീ. ടി. കെ. രാമകൃഷ്ണൻ ഊന്നിപ്പറയുകയുണ്ടായി. വല്ല കാര്യങ്ങളും വിട്ടുപോയിട്ടുണ്ടെങ്കിൽ അത് ചർച്ചചെയ്തു തീരുമാനിക്കാനാണ് സെലക്ടുകമ്മിറ്റിക്ക് വിടുന്നത്. അൻപതിനായിരം രൂപയിൽക്കൂടുതൽ വിലവരുന്ന വീടുകൾ വയ്ക്കുന്നത് സാധാരണക്കാരല്ലെന്ന് ഇവിടെ പറയുകയുണ്ടായി. മിസ്റ്റർ ഹമീദിന്റെ അഭിപ്രായമാണു വളരെ സ്വാഗതാർഹമായിട്ടു തോന്നുന്നത്. കാരണം കേരളത്തിലെപ്പോലെ ജനങ്ങൾ വർദ്ധിക്കുകയും ഭൂമികുറയുകയും ചെയ്താൽ വീടുകൾ അംബരചുംബികളാകേണ്ടതാവശ്യമാണ്. നമ്മുടെ നാട്ടിൽ ജനങ്ങൾ വർദ്ധിക്കുകയും ഭൂമികുറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ വീടുകൾ മുകളിലോട്ടു കെട്ടി അംബരചുംബികളായ മാളികകളാക്കേണ്ടതാവശ്യമാണ്. അതിൽ താമസിക്കാൻ ആഗ്രഹമുള്ളവരായിരിക്കട്ടെ കേരളത്തിലെ ജനങ്ങൾ. എന്നാൽ മിസ്റ്റർ ടി. വി. ക്ക് അതിനോട് എതിരായ അഭിപ്രായമാണുള്ളത്. കർഷകത്തൊഴിലാളികളുടെ വീടുകളെപ്പറ്റി ശ്രീ. ടി. കെ. രാമകൃഷ്ണൻ പറയുകയുണ്ടായി. അതിനെപ്പറ്റി ആശാന്റെ ഭാഷയിൽ പറഞ്ഞാൽ

''അങ്ങടുത്തായ് മേഞ്ഞു നാളേറെയായ് നിറം
മങ്ങിപ്പതിഞ്ഞു പാഴ്പുല്ലുമാടം
കാണാം ചെറുതായകലെ നിന്നാലൊരു
കൂണെന്നപോലെ വയൽ വരമ്പിൽ.''

എന്ന പോലെയാണ് നമ്മുടെ നാട്ടിലെ കർഷകത്തൊഴിലാളികളുടെ വേനം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അങ്ങിനെയുള്ള വീടുകളും നോക്കിയാൽ

''വൃത്തവും കോണും ചതുരവുമല്ലതി—
ലെത്തിനോക്കീട്ടില്ല ശിൽപതന്ത്രം'' എന്നപോലെയാണെന്നുകാണാം. അതുകൊണ്ട് അതും കൂടി നോക്കിയിട്ടുവേണം മാറ്റം വരുത്തേണ്ടതെന്നറിയാമോ?

ശ്രീ. ഒ. കോരൻ: കർഷകതൊഴിലാളികളുടെ കാര്യം പരിപൂർണ്ണമായി കണക്കിലെടുത്തുകൊണ്ടു ഈ ബില്ലിൽ എന്തെല്ലാം മാറ്റങ്ങൾ ചെയ്യാൻ സാധിക്കുമെന്നു നോക്കി ആവശ്യമായ മാറ്റങ്ങൾ ചെയ്യാവുന്നതാണ്. അതാണ് ഗവൺമെന്റ് പ്രധാനമായി ഉദ്ദേശിക്കുന്നത്. പിന്നെ ഈ ബിൽ കൊണ്ടുവന്നതിന്റെ ആത്മാർത്ഥതയെപ്പറ്റി ചോദ്യം ചെയ്യുകയുണ്ടായി. ആത്മാർത്ഥതയെപ്പറ്റി പരിശോധിക്കുന്നതിന് അമേരിക്കയിൽ ഒരു പുതിയ യന്ത്രം കണ്ടുപിടിച്ചിട്ടുണ്ട്. അതിന്റെ ആവശ്യം എന്താണെന്നു വച്ചാൽ ഭാര്യാഭർത്താക്കൻമാർ തമ്മിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടെങ്കിൽ അതു പരിഹരിക്കുന്നതിനുവേണ്ടിയാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: ആ യന്ത്രം ഇവിടെ ഒന്നു വരുത്താൻ വല്ല മാർഗ്ഗവുമുണ്ടോ?

ശ്രീ. ഒ. കോരൻ: അത് വരുത്തുന്നതിനെപ്പറ്റി പ്രത്യേകിച്ച് ആലോചിക്കേണ്ട ഒരു കാര്യമാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: എന്തായാലും അതൊന്ന് ഇവിടെ വരുത്തിയാൽ വലിയ ഉപകാരമായിരുന്നു. ഇവിടെയുള്ള പല കുഴപ്പങ്ങളും ഒഴിവാക്കാമായിരുന്നു. അതുകൊണ്ട് ദയവു ചെയ്തു ആ യന്ത്രം ഇവിടെ വരുത്തുന്നതിനു ശ്രമിക്കുമോ?

ശ്രീ. ഒ. കോരൻ: എനിക്ക് പറയുവാനുള്ളത് അത്തരത്തിലുള്ള യന്ത്രം ഇവിടെ വരുത്തിയിരുന്നുവെങ്കിൽ ഇവിടെ ബില്ല് അവതരിപ്പിക്കുന്നതിന് എന്തുമാത്രം ആത്മാർത്ഥതയുണ്ടെന്നുള്ളതിനെപ്പറ്റി പരിശോധിക്കാമായിരുന്നു. മാത്രമല്ല ശ്രീ. ഉണ്ണി പറഞ്ഞതുപോലെ ഇവിടെയുള്ള പല കുഴപ്പങ്ങളും പരിഹരിക്കുന്നതിനും സാധിക്കുമായിരുന്നു. ഇവിടെ ഉന്നയിച്ചിട്ടുള്ള അഭിപ്രായങ്ങളെല്ലാം പ്രത്യേകിച്ച് സെലക്ടുകമ്മിറ്റിയുടെ ചർച്ചാവേളയിൽ കണക്കിലെടുക്കാമെന്ന് ഉറപ്പു നൽകുകയാണ്. ഇവിടെ വിലപ്പെട്ട നിർദ്ദേശങ്ങളും നൽകിയ എല്ലാ ബഹുമാനപ്പെട്ട മെമ്പറൻമാരെയും ഒരിക്കൽകൂടി അഭിനന്ദിച്ചുകൊള്ളുന്നു. എല്ലാവരും ഇതിൽ സഹകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ ബിൽ താഴെപ്പറയുന്ന എം. എൽ. എ. മാർ അടങ്ങുന്ന സെലക്ടുകമ്മിറ്റിക്ക് വിടുകയാണ്:

I move that the Kerala Housing Board Bill, 1970 be referred to a Select Committee, consisting of the following Members:—

1. Shri T. K. Divakaran
2. ,, P. Kunhirama Kidavu
3. ,, N. Ganapathy
4. ,, K. A. Sivaramabharathy
5. ,, Joseph Chazhikkatt
6. ,, P. K. Raghavan
7. ,, K. G. Neelakantan Namboodiripad
8. ,, Mattappally Majid
9. ,, K. Mahabala Bhandari

LIBRARY ARCHIVES Kerala Legislative Assembly

10. Shri K. T. George
11. ,, C. M. Kutty
12. ,, A. V. Kunhambu
13. ,, M. K. Krishnan
14. ,, T. K. Krishnan
15. ,, V. Sreedhar
16. ,, M. Moideenkutty Haji
17. ,, B. Madhavan Nair
18. ,, M. K. George, and
19. the Mover

The Report is to be submitted on or before 1-3-1970.

The question that the Kerala Housing Board Bill, 1970 be referred to a Select Committee consisting of the members suggested by the mover was put and carried.

The Bill was referred to Select Committee.

The Kerala Public Services (Amendment) Bill, 1970

Minister for Education and Home (**Shri C. H. Mohammed Koya**): Sir, I introduce the Kerala Public Services (Amendment) Bill, 1970.

Mr. Speaker: The Bill stands introduced.

Shri C. H. Mohammed Koya: I move that the Bill be taken into consideration.

Minister for Panchayats (**Shri Avukaderkutty Naha Haji**): Sir, I second it.

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദു കോയ): സർ, ഇതൊരു ചെറിയ ഓർഡിനൻസും നിയമം ആക്കുന്നതിനു വേണ്ടിയുള്ളതാണ്. റൂളുകളും എല്ലാം സാധാരണഗതിയിൽ റിട്രോസ്പക്ടീവ് എഫക്റ്റ് കൊടുക്കണമെങ്കിൽ സ്റ്റാറ്റ്യൂട്ടിൽ വ്യക്തമായി പ്രഖ്യാപിക്കണം. ഗവർണർക്ക് റൂളുകളും പൂർവ്വകാലപ്രാബല്യത്തോടുകൂടി ഇഷ്യൂ ചെയ്യുന്നതിനുള്ള അധികാരം ഉണ്ടായിരുന്നു. ആ അധികാരം കഴിഞ്ഞ നിയമനിർമ്മാണവേളയിൽ ഇല്ലാതാകുകയാണ് ചെയ്തത്. അതുകൊണ്ടു പ്രത്യേകമായി വിഷമതകളും ഉണ്ടായി. പല റൂളുകളും പാസ്സാക്കിയതിനുശേഷം പൂർവ്വകാലപ്രാബല്യം ഇല്ലാത്തതുകൊണ്ടു പ്രത്യേകം വൈഷമ്യം ഉണ്ടാകുന്നുവെന്നുള്ളതുകൊണ്ടാണ് ഇപ്രകാരം ഒരു നിയമനിർമ്മാണത്തിന്റെ ആവശ്യകത ഉണ്ടായത്. ഇത് എല്ലാവരും സഹകരിച്ച് പാസ്സാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

Shri N. I. Devassikutty: I move that the Bill be circulated till 31-3-1970 for eliciting opinion thereon.

കേരളപബ്ലിക്ക് സർവ്വീസ് ആക്ടിലെ വ്യവസ്ഥകളും നടപ്പിലാക്കാനായി റൂളുകളുണ്ടാക്കുമ്പോൾ അതിനു മുൻകാലപ്രാബല്യം നൽകാനുള്ള അധികാരം ഗവൺമെന്റിനു നൽകുന്നതാണ് ഈ ബിൽ. റൂളുകളുണ്ടാക്കുമ്പോൾ മുൻകാലപ്രാബല്യം നൽകുന്നതിനുള്ള അധികാരം സ്വാഭാവികമായും ഗവൺമെന്റിനുള്ളതാണ്. അങ്ങനെ ഈ ബിൽ പാസ്സായാൽ മുൻ

LIBRARY ARCHIVES Kerala Legislative Assembly